നുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നു പറയുമ്പോൾ പിന്നെ ഇവിടെ എന്തിനാണ് ഫിഷറീസ് മന്ത്രിയും ഫിഷറീസ് കോർപ്പറേഷനും ഫിഷറീസ് ഡിപ്പാർട്ടുമെൻറുമെന്നു ചോദിക്കാൻ ആഗ്രഹിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

സർ, ഞാൻ ഈ വിഷയത്തെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി നാളെ ഒരു പ്രസ്താവന ചെയ്യുന്നതാണ്,

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, കാളിംഗ് അററൻഷന് നേരത്തെ നോട്ടീസ് കൊടുത്തതാണ്. പെട്ടെന്നുണ്ടായ കാര്യമല്ല. അതിനു വേണ്ടി ഇനിയും സമയം വേണമെന്ന് ആവശ്യപ്പെടുന്നത് ശരിയല്ല.

[Mr. Deputy Speaker in the Chair]

IV ധനകാര്യം

1979–80 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജററിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച

ധനാഭ്യർത്ഥന നമ്പർ XXXVII

വ്യവസായം

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

സർ, വ്യവസായം എന്ന 37-ാം ധനാഭ്യർത്ഥനയുടെ പേരിൽ 25,10,38,200 രൂപയ്ക്കുള്ള ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ ബഡ്ജററ് പ്രസംഗത്തിൽ പാക്കേജ് പദ്ധതിയെക്കുറിച്ച് പറഞ്ഞിരുന്നു. അതിൻെറ രൂപരേഖ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടിസ്പീക്കർ: അത് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുതപദ്ധതികൾ

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, വൈദ്യുതപദ്ധതികൾ എന്ന 39-ാം ധനാഭ്യർത്ഥനയുടെ പേരിൽ 2,05,00,100 രൂപയ്ക്കുള്ള ഗ്രാൻറ് അനുവദിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ഡിമാന്റുകളെ സംബന്ധിച്ചുള്ള ചർച്ചകൾ ഒന്നിച്ചു നടക്കുന്നതാണ്.

Demand XXXVII—Industries

Shri M. P. Gangadharan: Sir, I move that the total allotment of Rs. 25,10,38,200 under Demand XXXVII-Industries be reduced by Rs. 100.

Demand XXXIX—Power

Shri M. P. Gangadharan: Sir, I move that the total allotment of Rs. 2,05,00,100 under Demand XXXIX Power be reduced by Rs. 100.

ശ്രീ. എം. പി. ഗംഗാധരൻ: സർ, വ്യവസായത്തിനും വിദ്യുച്ഛക്തിക്കും വേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്തും ഇതിനുമുമ്പുണ്ടായിരുന്ന ഗവൺമെന്റുകളുടെ കാലത്തും ഈ രണ്ട് വകുപ്പുകളും കൈകാര്യം ചെയ്തിരുന്നത് ഒരു പാർട്ടിക്കാർ തന്നെയാണെന്നുള്ളതിന് ആർക്കും തർക്കമില്ല. ഇത് പറയുമ്പോൾ എനിക്ക് ഓർമ്മവരുന്നത് മുടിയനായ പുത്രൻ നശിപ്പിച്ച ഇല്ലത്തേയും ഇല്ലപ്പറമ്പിനേയും കുറിച്ചാണ്. ഗവൺമെന്റ് ആകുന്ന ഇല്ലവും കേരളമാകുന്ന ഇല്ലപ്പറമ്പും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ആകുന്ന മുടിയനായ പുത്രൻ എട്ടൊമ്പത് കൊല്ലക്കാലംകൊണ്ട് നശിപ്പിച്ചിരിക്കുകയാണ്.

വ്യവസായം വളരെ ശോഭനമായി നടക്കുന്നു എന്ന് പ്രസംഗിക്കാറുണ്ട്. അതിന്റെയെല്ലാം നീണ്ട പട്ടിക പത്രങ്ങളിൽവരാറുണ്ട്. ഇതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിരുന്ന ഒരു കാര്യത്തെക്കുറിച്ച് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ കുറെ കാലത്തെ അനുഭവത്തിൽനിന്നും തികച്ചും വ്യത്യസ്തമായി ഏററവും സാമ്പത്തിക ഭദ്രതയുള്ള ഒരു വർഷമാണ് നാം പിന്നിടുന്നത്. ഇത് ധനകാര്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിലുള്ളതാണ്. സർ, ഈ സ്റേററുമെന്റ് ആത്മാർത്ഥതയോടുകൂടി പറഞ്ഞതാണോ? വസ്തുത എന്താണ്? ഇപ്രകാരം പറയണമെങ്കിൽ ആ സാമ്പത്തിക ഭദ്രതയെ സംബന്ധിച്ചുള്ള കാഴ്ചപ്പാട്, അതിന്റെ റിസൽട്ട് അതിനനുയോജ്യമായ രീതിയിലായിരിക്കണം. അതാണോ ഇവിടത്തെ സ്ഥിതി? എങ്ങനെയാണ് സാമ്പത്തിക ഭദ്രത തിട്ടപ്പെടുത്തുന്നത്? ആളോഹരി വരുമാനം വർദ്ധിച്ചിട്ടുണ്ടോ? പണപ്പെരുപ്പം തടയാൻ കഴിഞ്ഞിട്ടുണ്ടോ? വ്യവസായിക അഭിവൃദ്ധി ഉണ്ടായിട്ടുണ്ടോ? ഉത്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ? ഈ വക കാര്യങ്ങളെക്കുറിച്ചെല്ലാം ആലോചിക്കണം. നല്ലവാക്ക് ഉപയോഗിക്കുന്നതുകൊണ്ടു മാത്രം കാര്യമാവുകയില്ല. ഒരു രാജ്യം സാമ്പത്തികഭദ്രതയിൽ ഉയരണമെങ്കിൽ ആ രാജ്യത്തെ ഉത്പാദനം വർദ്ധിക്കണം. വ്യവസായിക അഭിവൃദ്ധി ഉണ്ടാകണം. ഇതൊന്നുമില്ലാതെ കുറെ കണക്കുകൾ പറഞ്ഞ് ആളുകളെ പററിക്കാൻ നോക്കേണ്ട. എന്താണ് സർ, "Budget in Brief"-ൽ 1957-58 മുതൽ 1978-80 വരെയുള്ള നമ്മുടെ വികസന രംഗത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്? എന്തായാലും ഞാൻ ആവക കാര്യങ്ങളിലേക്കൊന്നും

LIBRARY ARCHIVES Kerala Legislative Assembly

കടക്കുന്നില്ല. വ്യവസായത്തിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്താണ് വ്യവസായത്തിന്റെ സ്ഥിതി? 1957-58 കാലത്ത് ചെലവഴിച്ചത് 6.75 ശതമാനമായിരുന്നു. അത് കുറഞ്ഞ് 1961-62 ആയപ്പോൾ 5.3 ശതമാനം ആയി. 1965-66-ൽ 2.35 ശതമാനം ആയി. 1970-71-ൽ 1.89 ശതമാനമായി. 1975-76-ൽ സ്വൽപ്പം കയറി. 2.33 ശതമാനമായി. 1978-79 ലേക്ക് വന്നപ്പോൾ 3.79 ശതമാനമായി. 1979-80 ആയപ്പോൾ 3.69 ശതമാനം. ഇതെല്ലാം നിങ്ങൾ ഏത് പുസ്തകത്തിൽനിന്നുമാണ് വായിച്ചത്? ഏത് വ്യവസായമാണ് നിങ്ങൾക്ക് ഈ രാജ്യത്ത് ഉണ്ടാക്കുവാൻ കഴിഞ്ഞത്? ഗൾഫ് രാജ്യങ്ങളിൽ നിന്നും 400 കോടി രൂപ ഔദ്യോഗിക കണക്കനുസരിച്ച് ഒഴുകുന്നുണ്ട്. പണപ്പെരുപ്പമുണ്ടാകുന്നുവെന്ന് നിങ്ങൾ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞല്ലോ? ആകാംക്ഷയുള്ള കാര്യമല്ലേ?

ഇവിടെനിന്നും രണ്ടു മന്ത്രിമാരെ വിദേശരാജ്യങ്ങളിലേക്ക് അയച്ചിരുന്നല്ലോ. അവർ ആ രാജ്യത്ത് ചെന്നിട്ട് എന്താണ് പറഞ്ഞത്, എന്താണ് കാണിച്ചത് എന്ന് ഞാൻ വെളിച്ചത്ത് പറയുന്നില്ല, വെളിച്ചത്ത് പറയുന്നത് ശരിയുമല്ല. അവർ എന്തെല്ലാം അവിടെചെന്നു പറഞ്ഞു, എന്തിനാണ് പോയത്? എന്നിട്ട് എന്താണ് കൊണ്ടുവന്നത്, വ്യവസായം കൊണ്ടുവന്നോ, ഇല്ല. എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ കഴിഞ്ഞോ? ട്രേഡ്യൂണിയൻ രംഗത്ത് പണം ശേഖരിച്ചുകൊണ്ട് സാമ്പത്തിക ഭദ്രത നേടുന്നതിനുള്ള എന്തെങ്കിലും നടപടി എടുക്കുവാൻ കഴിഞ്ഞോ? അത് ഇന്നോളം കഴിഞ്ഞിട്ടില്ല. ആലോചിച്ചുവെന്നാണ് പറയുന്നത്. പണ്ട് പണിക്കർ ആലോചിക്കുന്നതുമാതിരി. ആ മെത്തേഡ് ശരിയല്ല.

നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ പ്രശ്നം എന്താണ്? ഓരോ കൊല്ലവും തൊഴിലില്ലാത്തവരുടെ എണ്ണം ഇങ്ങനെ വർദ്ധിച്ചുവരികയാണ്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ രജിസ്ട്രേഷൻ വർദ്ധിച്ചുവരികയാണ്. പത്തുലക്ഷം പേരുണ്ടായിരുന്നത് വർദ്ധിച്ചുവർദ്ധിച്ച് ഇരുപത് ലക്ഷത്തോളമായിരിക്കുകയാണ്. നിങ്ങൾ കുറെപേർക്ക് തൊഴിലില്ലായ്മാവേതനം നൽകി. ബാക്കിയുള്ളവരെ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്? എന്തായാലും ഈ പ്രശ്നത്തിന് ഏററവും ആവശ്യമായിട്ടുള്ളത് വ്യവസായവൽക്കരണമാണ്. ഒരു രാജ്യത്തെ സാമ്പത്തിക ഭദ്രത അളക്കുന്നത് ആ രാജ്യത്തെ കാർഷികാഭിവൃദ്ധിയും വ്യവസായികാഭിവൃദ്ധിയും അടിസ്ഥാനമാക്കിയാണ്.

നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം കാർഷികാഭിവൃദ്ധിയുണ്ട്. തെങ്ങ് ഉണ്ട്, അടയ്ക്ക ഉണ്ട്, കരിമ്പ് ഉണ്ട്, മരച്ചീനിയുണ്ട്. വ്യാവസായികാഭിവൃദ്ധിക്കുവേണ്ട, ഉൽപ്പാദനത്തിനുവേണ്ട റാ മെററീരിയൽസ് സുലഭമായി കിട്ടുന്നുണ്ട്. ഇതെല്ലാമായിട്ടും ഈ രാജ്യത്ത് എന്ത് നടപടിയാണ് നമ്മൾ ആവിഷ്കരിച്ചിട്ടുള്ളത്? ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നമുക്കു സുലഭമായി കിട്ടുന്ന തേങ്ങയെസംബന്ധിച്ചിടത്തോളം എന്തെങ്കിലും വ്യവസായമുണ്ടാക്കാൻ ശ്രമിച്ചോ? അടയ്ക്കാ ഉപയോഗിച്ച് എന്തെങ്കിലും വ്യവസായമുണ്ടാക്കാൻ ശ്രമിച്ചോ? അടിയോടി ധനകാര്യ മന്ത്രിയായിരുന്ന കാലത്ത് ബഡ്ജററ് പ്രസംഗത്തിൽ കേരളത്തിൽ നാല് വൻകിട കരിമ്പ് വ്യവസായശാലകൾ ആരംഭിക്കുമെന്ന് പറഞ്ഞു. ഏഴായിരം എണ്ണായിരം ഏക്കർ സ്ഥലത്ത് കരിമ്പ് കൃഷി ചെയ്തുകൊണ്ട് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുമെന്ന് ബഡ്ജററിൽ പറഞ്ഞിരുന്നു. പക്ഷേ വ്യവസായവകുപ്പു മന്ത്രി ചെവിക്കൊണ്ടില്ല. ഈ ബഡ്ജററിൽ അതേക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ഇന്ന് കരിമ്പു വ്യവസായമില്ല.

LIBRARY ARCHIVES Kerala Legislative Assembly

നിലമ്പൂർ പ്രദേശത്ത് എത്രയോ ഏക്കർ സ്ഥലം സർവ്വേ ചെയ്ത് ഇട്ടിരിക്കുന്നു. നാല് വൻകിട വ്യവസായങ്ങളെപ്പറ്റി പത്രത്തിൽ പരസ്യം വന്നതാണ്. ഇന്ന് കരിമ്പ് വ്യവസായമില്ല. അതിനെക്കുറിച്ച് ഒന്നും മിണ്ടുന്നില്ല. ഒരു രാജ്യം അഭിവൃദ്ധിപ്പെടണമെങ്കിൽ ആ രാജ്യത്ത് വ്യവസായം അഭിവൃദ്ധിപ്പെടണം. അത് നമ്മളെല്ലാം ആഗ്രഹിക്കുന്ന ഒന്നാണ്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം എന്താണുണ്ടായത്? നമ്മുടെ രാജ്യത്തുള്ള വ്യവസായങ്ങളുടെ സ്ഥിതി എന്താണ്? പുതുതായി വരാൻ പോകുന്ന വ്യവസായങ്ങളുടെ സ്ഥിതി എന്താണ് എന്ന് ആലോചിക്കണം. കയർ, കശുവണ്ടി, കൈത്തറി, ബീഡി തുടങ്ങിയ പാരമ്പരാഗത വ്യവസായങ്ങളുടെ സ്ഥിതി എന്താണ്? കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളമുള്ള നിങ്ങളുടെ കണക്കുപ്രകാരം തന്നെ വ്യവസായം അപകടകരമാണ്. ഞങ്ങൾക്കു തന്നിരിക്കുന്ന ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്നത് എന്താണ്?

Inspite of the measures introduced by the Government for the promotion of Industries during 1978, the growth of the Industrial Sector in Kerala was not very impressive. Inadequacy of raw-materials, cement, coal etc. and interruptions in power supply were some of the important factors which retarded the industrial growth.

The export of coir goods has been decreased in terms of quantity.... from 44357 tonnes in 1976-77 to 42121 tons in 1977-78.

Production in the Handloom Sector declined considerably in 1977-78 in the Co-operative Sector. The production declined to 193 lakh metres in 1977-78 from 219 lakh metres in the previous year.

The number of new Small Scale Industrial Units registered during 1977-78 was only 1172 as against 1515 units registered during the previous year.

കയർ, കൈത്തറി, തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കണോമിക് റിവ്യൂവിൽ വന്നതാണ്. ഓരോന്നിന്റെയും സ്ഥിതിയെപ്പറ്റി ചർച്ച ചെയ്യാൻ ഞാനാഗ്രഹിക്കുന്നില്ല. കാഷ്യൂ കോർപ്പറേഷന്റെ സ്ഥിതി എന്താണ്? കശുവണ്ടി ഉൽപ്പാദനം ഈ രാജ്യത്ത് പല ഭാഗത്തും നടക്കുന്നുണ്ട്. ഗവൺമെന്റ് കൂടുതൽ സ്ഥലമെടുത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി എടുക്കുന്നു. കശുവണ്ടി ഫാക്ടറികൾ അയൽ സംസ്ഥാനങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഇത് തടയാൻ കഴിഞ്ഞിട്ടുണ്ടോ? നാല് രൂപയിൽ കൂടുതൽ കൊടുത്ത് വാങ്ങിക്കാൻ ഇവിടെ തയ്യാറല്ല. എട്ടും ഒൻപതും രൂപയ്ക്ക് അവിടെയുള്ളവർ വാങ്ങിക്കാൻ തയ്യാറായി. അങ്ങനെ ചാക്ക് ചാക്കായി അയൽ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടിരിക്കുകയാണ്. മാതൃഭൂമി പത്രത്തിൽ പരസ്യം വന്നിരുന്നു. ഇത് തടയാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല. ആളുകൾ പണം വാങ്ങിച്ചുകൊണ്ട് കടത്തിവിടുന്നു. നിങ്ങളുടെ പോലീസ്, നിങ്ങളുടെ ചെക്കിംഗ് ഇൻസ്പെക്ടർമാർ മിഴിച്ചു നിൽക്കുന്നു. അതിൽ പങ്കാളികളാകുന്നു. പാർട്ടിക്കാർ കോഴ വാങ്ങിക്കുന്നു. എത്ര രൂപയാണ് നഷ്ടമാകുന്നത്? പല അഴിമതികളും നടക്കുന്നുവെന്നുള്ള ആരോപണമുണ്ട്. നിങ്ങളുടെ കൈകൾ ശുദ്ധമാണെന്നു പറയുകയാണെങ്കിൽ ഒരു അപേക്ഷ നിങ്ങളുടെ മുമ്പിൽ വയ്ക്കാനുണ്ട്. കാഷ്യൂ കോർപ്പറേഷനിൽ നടക്കുന്ന അഴിമതികളെപ്പറ്റി അന്വേ

LIBRARY ARCHIVES Kerala Legislative Assembly

ഷിക്കാൻ ഒരു ജുഡീഷ്യൽ എൻക്വയറിക്ക് നിങ്ങൾ തയ്യാറുണ്ടോ? എൻക്വയറിക്ക് തയ്യാറാണെന്ന് നിങ്ങളുടെ ചെയർമാൻ ഇതിനുമുമ്പ് പറഞ്ഞിരുന്നു. കയറിന്റെ സ്ഥിതി എന്താണ്? ഉൽപ്പാദനം കുറഞ്ഞു. ബീഡിയുടെ സ്ഥിതി എന്താണ്? ഇന്നലെ തലശ്ശേരിയിൽ നടന്ന സംഭവത്തെപ്പററി ഇവിടെ ചർച്ചചെയ്തു. അതേപ്പററി ഒന്നും പറയുന്നില്ല. ബീഡി വ്യവസായത്തിന്റെ സ്ഥിതി എന്താണ്? മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിക്ക് ഈ അനുഭവം വന്നതിൽ വേദനയുണ്ട്. ജനസംഘവുമായി കൂട്ടുകൂടിക്കൊണ്ടിരിക്കുന്ന നമ്പൂതിരിപ്പാടിന്, 1999 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിക്കാൻകഴിഞ്ഞ നമ്പൂതിരിപ്പാടിന് ജനസംഘക്കാരന്റെ കാക്കിക്കുപ്പായക്കാരന്റെ വോട്ട് വാങ്ങിച്ച് ജയിച്ചുവന്ന നമ്പൂതിരിപ്പാടിന് ഈ അനുഭവമുണ്ടായതിൽ വേദനയുണ്ട്. ആ പാർട്ടിയോട് ഞാൻ ഒരുകാര്യം പറയാനാഗ്രഹിക്കുകയാണ്. ജനതാ പാർട്ടിയോട് മാർക്സിസ്ററ് പാർട്ടി യോജിച്ചതുകൊണ്ട് അടുത്ത കാലത്ത് കിട്ടിയ പ്രതിഫലമാണ്. എന്റെ നേതാവ് റഹിം പറഞ്ഞതു പോലെ എല്ലാ കാര്യത്തിനും കുമ്പസാരമാണ്. കടുത്ത ആക്രമണം നടത്തിയിട്ട് ആയുധമെവിടെ, പ്രതി എവിടെ എന്ന് എം. വി. രാഘവൻ കാണിച്ചുതരൂ നടപടി എടുക്കാമെന്നാണ് ശ്രീ. മാണി പറയുന്നത്. എന്തൊരു ആഭാസമാണിത്! എല്ലാ കാര്യത്തിനും ആഭ്യന്തരമന്ത്രിയുടെ കുമ്പസാരമാണ്. ബീഡി വ്യവസായം അപകടത്തിൽ എത്തിയിരിക്കുകയാണ്. ഇതാണ് നിലവിലുള്ള വ്യവസായങ്ങളുടെ സ്ഥിതി. പുതിയ വ്യവസായസംരംഭത്തിന്റെ സ്ഥിതിയെപ്പററി ഒന്നുരണ്ട് കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. കേരളത്തിലെ തടി വ്യവസായത്തിന്റെ സ്ഥിതി എന്താണ്? ലോകബാങ്കിന്റെ സഹായത്തോടുകൂടി വൻകിട തടിവ്യവസായം തുടങ്ങുമെന്ന് എത്രയോ കൊല്ലം മുമ്പ് പ്രഖ്യാപിച്ചതാണ്. നിലമ്പൂരിൽ തടിവ്യവസായം തുടങ്ങുമെന്ന് എത്രയോ പ്രാവശ്യം പത്രത്തിൽ വന്നതാണ്. എന്തെങ്കിലും വക്കിലെത്തിക്കാൻ വ്യവസായമന്ത്രിക്കോ നിങ്ങളുടെ പാർട്ടിക്കോ കഴിഞ്ഞോ? കഴിഞ്ഞില്ല. മൽസ്യവ്യവസായത്തിന്റെ സ്ഥിതി എന്താണ്? കടലിലെ സമ്പത്ത് ചൂഷണം ചെയ്യാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? മൽസ്യവ്യവസായത്തിന്റെ സ്ഥിതി പോകട്ടെ മാച്ച് ഫാക്ടറിയുടെ സ്ഥിതി എന്താണ്? എല്ലാ തീപ്പെട്ടി കമ്പനികളും പൂട്ടാൻപോവുകയാണ്. ഈ മാർച്ച് മാസത്തിൽ സാധനങ്ങളുടെ വില നാലിരട്ടിയാക്കി. മരത്തിന്റെ കട്ട കിട്ടുന്നില്ലെന്ന് പരക്കെ ആക്ഷേപമുണ്ട്. മരം കിട്ടുന്നില്ല. ഉള്ള മരത്തിന്റെ വില നാലിരട്ടിയാക്കി. മാച്ച് ഫാക്ടറി സ്തംഭനാവസ്ഥയിലാണ്. അതുപോലെതന്നെ കപ്പവ്യവസായം. ടാപ്പിയോക്കാ സ്ററാർച്ച് ഫാക്ടറി തുടങ്ങുമെന്നു പറഞ്ഞു. മലപ്പുറം ജില്ലയിലും തുടങ്ങുമെന്നു പറഞ്ഞു. ഇന്ന് അതെപ്പററി മിണ്ടുന്നില്ല. എന്തായി അതിന്റെ സ്ഥിതി? വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. അതുപോലെതന്നെയാണ് പുതിയ വ്യവസായങ്ങളുടെ സ്ഥിതി. വ്യവസായത്തിനാവശ്യമായ ഇലക്ട്രിസിററിയുടെ സ്ഥിതി എന്താണ്? തേക്കിൻ കഴയുടെ ട്രീററുമെന്റ് അടക്കമുള്ള കാര്യത്തിൽ അഴിമതിയല്ലെ നടക്കുന്നത്? അഴിമതിയുടെ കൂമ്പാരമല്ലെ ആ വകുപ്പിൽ ഉള്ളത്? പതിമൂന്നുരൂപയേ തേക്കിൻകഴയുടെ ട്രീററുമെന്റിന് ചെലവുള്ളൂ എന്ന് അതിന്റെ എൻജിനീയർ എഴുതി അറിയിച്ചിരിക്കുന്നു. നമ്മൾ എത്രയാണ് കൊടുക്കുന്നത്? ടെണ്ടർപോലും കൊടുക്കാതെ ലക്ഷക്കണക്കിന് രൂപയുടെ വെട്ടിപ്പ് തേക്കിൻകഴയുടെ ട്രീററുമെന്റ് എന്ന പേരിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. 110 രൂപയാണ് നമ്മൾ കൊടുക്കുന്നത്. ഏഴ് കൊല്ലമായി ഈ വെട്ടിപ്പ് നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. എം. പി. ഗംഗാധരൻ: ഈ നിയമസഭയിലെ അംഗമായിരുന്ന പാട്യം ഗോപാലനും അബൂബേക്കറും തുടങ്ങി പത്തിരുപത് പേർ ഒപ്പിട്ട് ഇതേപ്പറ്റി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടു. അന്വേഷണം നടത്താൻ തയ്യാറായില്ല. ജൂനിയർ ആഫീസറെക്കൊണ്ടാണ് അന്വേഷണം നടത്തുന്നത്. ഈ വകുപ്പ് കയ്യിൽവച്ചുകൊണ്ട് ഈ വകുപ്പിനെ നശിപ്പിക്കുകയും ധൂർത്തടിക്കുകയും ചെയ്യുന്നതിന് സി. പി. ഐ.-ക്കാർ ഉത്തരം പറയണം. ഈ ഗവൺമെന്റ് നിഷ്ക്രിയമാണ് ഈ രംഗത്തെന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി എതിർക്കുന്നു.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന രണ്ടു ധനാഭ്യർത്ഥനകളേയും വളരെ സന്തോഷത്തോടുകൂടി പിൻതാങ്ങുന്നു. ഏഴുലക്ഷം മില്യൺ യൂണിറ്റ് വിദ്യുച്ഛക്തി അധികം ഉൽപ്പാദിപ്പിച്ചുകൊണ്ട് കർണ്ണാടകം, തമിഴ്നാട് മുതലായ അയൽ സംസ്ഥാനങ്ങൾക്കുപോലും വിദ്യുച്ഛക്തി വിതരണം നടപ്പാക്കാൻ കഴിയുന്ന രീതിയിൽ വൈദ്യുതിയുടെ ഉൽപ്പാദന രംഗത്തുള്ള നമ്മുടെ ഈ നേട്ടം ഈ ഗവൺമെന്റിന്റെ, ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയുടെ നേട്ടമാണെന്നതുകൊണ്ടുതന്നെയാണ് ഞാൻ വളരെ സന്തോഷത്തോടുകൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നത്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ എട്ടൊൻപതു കൊല്ലക്കാലമായി നിരന്തരമായി സംഘടിതമായ ആസൂത്രണ പരിപാടികൾകൊണ്ട് വ്യവസായരംഗത്ത് അതിശക്തമായ സാമർത്ഥ്യത്തോടുകൂടി സംഘടനാശക്തികൊണ്ട് ഒരു സ്റ്റെബിലിറ്റി ഉണ്ടാക്കാൻ ശ്രമിച്ച ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. ഇതൊക്കെയാണെങ്കിലും വിദ്യുച്ഛക്തി രംഗത്തെസംബന്ധിച്ച് സംസാരിക്കുമ്പോൾ ഗാർഹികമായ ആവശ്യങ്ങൾക്കും വ്യാവസായികമായ ആവശ്യങ്ങൾക്കും അപേക്ഷ അയച്ച് വിദ്യുച്ഛക്തിക്കുവേണ്ടി വളരെ നാളുകളായി കാത്തിരിക്കുന്ന ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഇത്രയൊക്കെ അധികോൽപ്പാദനമുണ്ടെങ്കിലും അവരുടെ ആവശ്യാനുസരണം കണക്ഷൻ ലഭിക്കുന്നതില്ലെന്നുള്ളത് ഒരു ദുഃഖകരമായ വസ്തുതയാണ്. ഇതിനു പ്രധാന കാരണമായി അധികൃതർ പറയുന്നത് മെറ്റീരിയൽസിന്റെ അഭാവമാണ്. ഇലക്ട്രിസിറ്റി ബോർഡിലെ പർച്ചേസിംഗ് വിഭാഗം മെറ്റീരിയൽസിനു അലോട്ടുചെയ്ത സംഖ്യപോലും ലാപ്സാക്കിയ ഉദാഹരണങ്ങളുണ്ട്. തിരുവനന്തപുരം ജില്ലയിൽത്തന്നെ അതിന് ഉദാഹരണമുണ്ട്. ലക്ഷക്കണക്കിന് രൂപ മെറ്റീരിയൽസ് വാങ്ങുന്നതിന് അലോട്ടുചെയ്തത് ലാപ്സാക്കി ഉപഭോക്താക്കളുടെ പ്രതീക്ഷയെ നശിപ്പിക്കുന്ന കാര്യക്ഷമതാരാഹിത്യത്തിന് ഒരു പരിഹാരമുണ്ടാക്കണം. അതുപോലെതന്നെയാണ് ജനറേഷന്റെ രംഗവും. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജനറേഷനുവേണ്ടി നീക്കിവെച്ചിരുന്നതിൽ 25 ശതമാനത്തോളം തുക ലാപ്സാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ നമ്മുടെ പ്ലാനിംഗ് കമ്മീഷൻ 23 കോടിരൂപ ഇതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. വളരെ കാര്യക്ഷമതയോടുകൂടി എക്സിക്യൂഷനും ജനറേഷനും വേണ്ടി സംഘടിതമായ പരിശ്രമംകൊണ്ട് ഫലപ്രദമായി ഈ വർഷംതന്നെ ഈ തുക ചെലവാക്കുന്നതിനാവശ്യമായ പരിപാടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ മറ്റൊരു പ്രധാനപ്പെട്ട വസ്തുത ബോർഡിന്റെ വികസനമാണ്. ബോർഡിന്റെ വികസനത്തിന് എൽ. ഐ. സി. യിൽനിന്നും വായ്പ വാങ്ങുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ വായ്പ വാങ്ങിയ തുക 6 ശതമാനം പലിശയ്ക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു എന്നുള്ള ഖേദകരമായ വസ്തുതയുണ്ട്. 11 ശതമാനം പലിശക്ക് കടം എടുത്തിട്ട് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ഇട്ട് നികുതിദായകരുടെ പണം ഇങ്ങനെ നശിപ്പിക്കുന്ന പ്രവണത കാര്യക്ഷമതാരാഹിത്യത്തിന്റെ ഒരു പ്രധാന വശമാണെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ബോർഡ് തികച്ചും ഒരു സ്വയംഭരണ സ്ഥാപനമാണ്. ഗവൺമെന്റിന് നേരിട്ടുള്ള കൺട്രോൾ ഉണ്ടെങ്കിൽപോലും നിരന്തരമായി ദൈനംദിന കാര്യങ്ങളിൽ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള ബോർഡിന് ഇത്തരം കാര്യങ്ങളിൽ ഫലപ്രദമായ സേവനം നടത്തുന്നതിന് ഉതകുന്ന രീതിയിലുള്ള ഒരു രംഗം ബോർഡിൽ ഉണ്ടാക്കുന്നതിനുള്ള പരിപാടികൾ ഗവൺമെന്റ് ആസൂത്രണം ചെയ്യണം. 300 കോടിയിൽപ്പരം രൂപ ഈ പൊതുമേഖലാ രംഗത്ത് നമ്മുടെ ഗവൺമെന്റ് നിക്ഷേപിച്ചിട്ടുണ്ട്. ഇത്രയേറെ വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുപോലും 25 കോടി രൂപയെങ്കിലും പ്രതിവർഷം നമ്മുടെ സർക്കാരിന് മടക്കിക്കൊടുക്കാൻ ബോർഡിന് സാധിക്കുന്നില്ല. ഇപ്പോൾ ബോർഡിന്റെ നഷ്ടം നികത്താനുള്ള സഹായം ഗവൺമെന്റിൽ നിന്നാണ് അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇതും ഒഴിവാക്കേണ്ട എന്തോ പന്തികേടുള്ള കാര്യമാണ്. അതുകൊണ്ട് കാര്യക്ഷമമായി പ്രവർത്തിച്ചാൽ ജലവൈദ്യുതി രംഗത്ത് ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കപ്പെടാവുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ, അതിനു ഏറ്റവുമധികം റിസോഴ്സസുള്ള ഒരു സംസ്ഥാനമെന്നുള്ള നിലയിൽ ഈ മുന്നൂറുകോടി രൂപയുടെ പലിശയെങ്കിലും അതിൽ നിന്നു ലാഭമുണ്ടാക്കാൻ കഴിയുന്ന രീതിയിൽ ബോർഡിനെ അഴിച്ചുപണിയണമെന്ന് ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രൊഫഷണൽ മാനേജുമെന്റ് അറിയാവുന്നവരെ അതിന്റെ ഉത്തരവാദപ്പെട്ട സ്ഥാനത്തിലിരുത്തിക്കൊണ്ടും ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് മാനേജീരിയൽ കേഡറിലുള്ള സമർത്ഥരായ ഉദ്യോഗസ്ഥൻമാരെവച്ചുകൊണ്ടും ഇതു കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള നീക്കങ്ങൾ നടത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായരംഗം എടുത്തുനോക്കുമ്പോൾ എന്താണു കഴിഞ്ഞ എട്ടു പത്തു കൊല്ലക്കാലത്തിനു മുൻപുള്ള സ്ഥിതി? പരമദയനീയ സ്ഥിതി വിശേഷമായിരുന്നു. കേരളമെന്നു കേട്ടാൽ പലപ്പോഴും പുച്ഛരമായിരുന്നു, അപഹാസ്യമായിരുന്നു. വ്യവസായസമാധാനമില്ലാത്ത ഒരു സംസ്ഥാനം, തൊഴിലാളി സമരങ്ങളുള്ള ഒരു സംസ്ഥാനമാണ് കേരളം എന്നുള്ള ഒരു പ്രചരണം നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് വടക്കേ ഇൻഡ്യയിൽ ഉണ്ടായിരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. പക്ഷേ ഇപ്പോഴത്തെ സ്ഥിതി അതല്ല. മററു സംസ്ഥാനങ്ങളിലെ വ്യവസായിക മേഖലയിൽ നടക്കുന്ന അരാജകാവസ്ഥ ഇന്നു നമ്മുടെ സംസ്ഥാനത്തിലില്ല. ഇവിടത്തെ തൊഴിലാളികൾ സംഘടിതരാണ്. സംഘടിതരായ തൊഴിലാളികളുള്ള ഒരു സംസ്ഥാനത്തിലെ തൊഴിൽമേഖലയിലെ ചില പ്രത്യേക പ്രശ്നങ്ങൾവച്ച് കണക്കാക്കി നോക്കുമ്പോൾ കൂടുതൽ തൊഴിൽ ദിവസം നഷ്ടപ്പെടുന്നുണ്ടെന്നു തോന്നാം. പക്ഷേ ഇൻഡസ്ട്രിയൽ സ്റേററ് എന്നു പറയുന്ന മഹാരാഷ്ട്ര ഉൾപ്പെടെയുള്ള സംഘടിതരായ തൊഴിലാളിവർഗ്ഗമുള്ള മററു സ്റേററുകളിലെ സ്ഥിതിവെച്ചു നോക്കുമ്പോൾ കേരളത്തിൽ ഇത്രയേറെ വ്യവസായസമാധാനം കഴിഞ്ഞകാലങ്ങളിൽ ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളത് നിലവിലുള്ള ഗവൺമെന്റിന്റെ മുമ്പു ഭരിച്ചിരുന്ന ഗവൺമെൻറിന്റെ നേട്ടമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. കഴിഞ്ഞ കുറെ

LIBRARY ARCHIVES Kerala Legislative Assembly

കാലങ്ങളായി നിഷേധാത്മകമായ ഒരു സമീപനം വ്യവസായ മേഖലയിൽ ഉണ്ടായിരുന്നു. ഒരു പ്രത്യേക പാർട്ടിയുടെ വ്യവസായ മേഖലയാണെന്നു പറഞ്ഞ് ഒരു പ്രത്യേക പാർട്ടിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് നിഷ്കരുണമായ പ്രചരണങ്ങൾ അഴിച്ചുവിട്ട് ഇവിടത്തെ സമാധാനപരമായ വ്യവസായമേഖലയിൽ കുഴപ്പങ്ങളുണ്ടാക്കാനും പുറമേനിന്നു വരുന്ന വ്യവസായികളെ നിരുൽസാഹപ്പെടുത്താനുമുള്ള നീക്കങ്ങൾ നമ്മുടെ സഹോദരൻമാർ നടത്തിവരുന്നുണ്ടെന്നുള്ളത് ഖേദകരമായ ഒരു പരമാർത്ഥമാണ്. കഴിഞ്ഞ കാലങ്ങളിൽ ഈ വ്യവസായമേഖലയ്ക്ക് വളരെയേറെ പിൻതുണ നൽകി സംസാരിച്ച എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. എം. പി. ഗംഗാധരന്റെ ഇന്നത്തെ പ്രസംഗം വളരെ അർത്ഥഗർഭമാണ്. അദ്ദേഹത്തിന്റെ കഴിഞ്ഞ രണ്ടു മൂന്നു കൊല്ലത്തിനു മുൻപുള്ള പ്രസംഗവും ഇപ്പോഴത്തെ പ്രസംഗവുംവച്ച് ഈ ഗവൺമെന്റ് ചെയ്ത നേട്ടങ്ങളെ സംബന്ധിച്ച് വിലയിരുത്താവുന്നതേയുള്ളൂ. ഞാൻ അതേപ്പററി കൂടുതലായി സംസാരിക്കുന്നില്ല. നമ്മുടെ പൊതുമേഖലാ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം മാനേജുമെന്റിന്റെ അപര്യാപ്തതയുണ്ടെന്നു ചൂണ്ടിക്കാണിക്കാതിരിക്കാൻവയ്യ. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മാനേജുമെന്റുകൾ ഈ വ്യവസായങ്ങളുടെ നടത്തിപ്പിൽ ലാഭമുണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് ചിന്തിക്കുന്നില്ല, അതിന് എന്തു രീതി കൈക്കൊള്ളണമെന്ന് അവർക്ക് അറിയുകയില്ല. അവർ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചു മാത്രമാണ് ശ്രദ്ധിക്കുന്നത്. മാർക്കററിംഗ് ഫെസിലിററിയെ സംബന്ധിച്ചു പറയുമ്പോൾ അനുദിനം മാർക്കററിംഗിൽ വന്നുകൊണ്ടിരിക്കുന്ന മാററങ്ങൾ ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. മാർക്കററിംഗിനെക്കുറിച്ച് ഒന്നുമറിയാത്ത ചില ആളുകൾ പൊതുമേഖലാ സ്ഥാപനങ്ങളിലിരുന്ന് വളരെയേറെ യാത്രമാത്രം നടത്തി പണം ചെലവഴിക്കുന്നതല്ലാതെ ഉപയോഗപ്രദമായ ഒരു കാര്യവും ചെയ്യാത്ത സ്ഥിതിയാണിന്നുള്ളത്. അതിലേക്കൊന്നും കൂടുതലായി ഞാൻ കടക്കുന്നില്ല. പൊതുവായി ഇത് അവസാനിപ്പിക്കണമെന്നു മാത്രമേ പറയുന്നുള്ളു. അതുപോലെതന്നെ ഒരു മാനേജിംഗ് കേഡർ നമ്മുടെ സംസ്ഥാനത്തു മാത്രമായി ഉണ്ടാകണം. വളരെയേറെ സ്കിൽഡ് ലേബറേഴ്സുള്ള ഈ സംസ്ഥാനത്ത് നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിഗതികൾക്കനുസരിച്ച് ഒരു പുതിയ മാററം ഉണ്ടാകേണ്ടിയിരിക്കുന്നു. അഞ്ചു പഞ്ചവൽസരപദ്ധതി കാലങ്ങളിലും വ്യവസായകാര്യത്തിൽ കേന്ദ്രം വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അത് എല്ലാ പദ്ധതികളെ സംബന്ധിച്ചുമുള്ളതാണ്, ഇതു മാറേറണ്ടതാണ്. ഇപ്പോൾ ഒരു പുതിയരീതി ഉയർന്നു വന്നിരിക്കുന്നു, അതായത് മണ്ണിന്റെ മക്കൾ വാദം. അതത് സംസ്ഥാനങ്ങളിൽ 800 രൂപയിൽ കുറവു ശമ്പളമുള്ള എല്ലാ തസ്തികകളിലും തദ്ദേശീയരായ ആളുകളെ നിയമിക്കണമെന്ന് കേന്ദ്രം മുന്നറിയിപ്പു നൽകിയിരിക്കുകയാണ്. ഇത് ഭരണഘടനാ ലംഘനമാണ്. കാരണം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രം വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്നു മാത്രമല്ല വളരെയേറെ സ്കിൽഡ് ലേബറേഴ്സുള്ള നമ്മുടെ സംസ്ഥാനത്തെ ആളുകൾ തൊഴിലന്വേഷിച്ച് മററു സംസ്ഥാനങ്ങളിൽ ചെല്ലുമ്പോൾ ഭരണഘടനയിലുള്ള അവകാശംപോലും ലഭിക്കുന്നില്ല. ഇത് പ്രതിഷേധാർഹമാണ്. കേന്ദ്രത്തിന്റെ ഈ നയത്തിനെതിരെ ശക്തമായി ശബ്ദമുയർത്തണം.

അതുപോലെതന്നെ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടത്തെ കുത്തക വ്യവസായികൾ പരമ്പരാഗത വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ കഴുത്തുതിരിച്ച് ശ്വാസം മുട്ടിക്കുന്ന ഒരു സാഹചര്യത്തിൽ കേരള ഗവൺമെൻറ് സാഹസികമായി തന്നെ ഈ രംഗത്തേക്ക് കടന്നുവരികയും, ആ രംഗത്ത് പരമ്പരാഗത വ്യവസായങ്ങൾ പ്രത്യേകിച്ച് കൈത്തറി, കയർ, കശുവണ്ടി മേഖലകളിലെ തൊഴിലാളികൾക്ക് സുരക്ഷിതത്വം ഉണ്ടാക്കുന്നതിന് തൊഴിൽ മേഖലയിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യണം. ഇവിടെ അഴിമതിയെപ്പററി പറഞ്ഞ് ചില സ്നേഹിതൻമാർ ആക്ഷേപിക്കുകയുണ്ടായി. അങ്ങനെ ആക്ഷേപിക്കുമ്പോഴും അവർക്കറിയാം ഗവൺമെൻറ് ഈ മേഖലയിൽ കടന്നു വന്നില്ലെങ്കിൽ ഈ മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികളുടെ സ്ഥിതി എന്താകുമായിരുന്നു എന്ന്. ഇത്രയേറെ സുരക്ഷിതത്വം, കാർഷികത്തൊഴിലാളികളെ സംബന്ധിച്ചായാലും, കശുവണ്ടിത്തൊഴിലാളികളെ സംബന്ധിച്ചായാലും കൈത്തറിത്തൊഴിലാളികളെ സംബന്ധിച്ചായാലും ഉറപ്പുവരുത്തുന്ന ഒരു സംസ്ഥാനം കേരളം മാത്രമാണ്; ഇൻഡ്യയിൽ മററൊരു സംസ്ഥാനത്തും ഇല്ല എന്നുള്ളത് നമ്മുടെ സംസ്ഥാനഗവൺമെൻറിൻെറ വ്യാവസായികമായ, തൊഴിൽപരമായ മേഖലയിൽ നാം ഉണ്ടാക്കിയിട്ടുള്ള പുതിയ പരിഷ്കാരങ്ങളുടെയും തൊഴിലാളികൾക്കു ലഭിക്കുന്ന ഗുണത്തിൻെറയും നേട്ടമാണ്.

അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തുനിന്ന് ചില വ്യവസായങ്ങൾ മററു സംസ്ഥാനങ്ങളിലേക്ക് സ്ഥലം മാററിക്കൊണ്ടുപോകുന്നു എന്നുള്ളത് വളരെയേറെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട ഒരു കാര്യമാണ്. ഓടു വ്യവസായം, കശുവണ്ടി വ്യവസായം, കയർ വ്യവസായം ഇങ്ങനെ പല വ്യവസായങ്ങളും മററു സംസ്ഥാനങ്ങളിലേക്ക് പോകുന്നത് തൊഴിലാളികളുടെ വേജസിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ കൊണ്ടാണ്. മററു സംസ്ഥാനങ്ങളിൽ വേതനം കുറവാണെങ്കിൽപോലും സ്കിൽഡ് ലേബറേഴ്സിൻെറഅഭാവം വച്ചുനോക്കുമ്പോൾ വലിയമാററമൊന്നും കാണാൻകഴിയുന്നില്ല. അതുകൊണ്ട് കേരളാഗവൺമെൻറ് പ്രത്യേകമായി ഇത്തരത്തിലുള്ള സ്വകാര്യ മേഖലയിലുള്ള വ്യവസായ ഉടമകളേയും പൊതുമേഖലയിലുള്ള വ്യവസായമേഖലകളേയും തമ്മിൽ കൂട്ടായ ഒര സൗഹൃദം നേടുന്ന എന്തെങ്കിലും നടപടി സ്വീകരിക്കണം.

നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികളെ സംബന്ധിച്ചുപറഞ്ഞാൽ തൊഴിൽ സ്ഥാപനങ്ങൾ നശിപ്പിക്കുന്ന നാശോന്മുഖമായ പ്രവണതയില്ലാത്ത തൊഴിലാളികളാണ്. വായ്കൊണ്ട് മുദ്രാവാക്യം വിളിക്കുന്നതല്ലാതെ തങ്ങൾ തൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങളെ നശിപ്പിക്കാനോ മാനേജർമാരെ കുത്തിക്കൊല്ലാനോ ഒരിക്കലും നമ്മുടെരാജ്യത്തെ തൊഴിലാളികൾ തയ്യാറായിട്ടില്ലെന്നുള്ളത് വളരെയേറെ ആശ്വാസകരമായ, അഭിനന്ദനാർഹമായ ഒരു വസ്തുതയാണ്. മററു സംസ്ഥാനങ്ങളിൽ അങ്ങനെയല്ല. എന്തെങ്കിലും കാര്യങ്ങൾ വരുമ്പോൾ ഫാക്ടറികൾ നശിപ്പിക്കുക, മാനേജുമെൻറിലുള്ളവരെ കൊല്ലുക ഉൾപ്പെടെയുള്ള കാര്യങ്ങൾ വടക്കേ ഇൻഡ്യയിൽ നടക്കുന്നുണ്ട്. അങ്ങനെയൊന്നുമില്ലാത്ത വ്യവസായ പുരോഗതിക്ക് വളരെയേറെ സഹകരണം നൽകുന്ന തൊഴിലാളികൾ, ധാരാളം വിഭവശേഷി ഇതെല്ലാം ഈ സംസ്ഥാനത്ത് വ്യവസായരംഗത്ത് സമാധാനം ഉണ്ടാക്കുന്നതിനുള്ള ശക്തമായ അടിത്തറ പാകിയിട്ടുണ്ട്. അതിന് സഹായകമായ നടപടികളെടുത്ത ഈ ഗവൺമെൻറ് ഭാവിയിലേക്ക് കൂടുതൽ കരുത്താർജ്ജിക്കുന്ന പുതിയ സമീപനം വ്യവസായരംഗത്ത് ഉണ്ടാക്കണമെന്ന അപേക്ഷയോടുകൂടി ഈ ധനാഭ്യർത്ഥനകളെ അഭിമാനപൂർവ്വം പിൻതാങ്ങിക്കൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. പ്രതിപക്ഷത്തുനിന്നും ശ്രീ. ഗംഗാധരൻ സംസാരിച്ചപ്പോഴും അതിനുമുമ്പ് പല സന്ദർഭങ്ങളിലും പ്രതിപക്ഷത്തുനിന്നുള്ളവർ സംസാരിച്ചപ്പോഴും ഒന്നുരണ്ടു വിമർശനങ്ങൾ നടത്തുകയുണ്ടായി, പ്രത്യേകിച്ചും വ്യവസായ വകുപ്പിനെക്കുറിച്ച്. ശ്രീ. ഗംഗാധരൻ പറഞ്ഞത് കഴിഞ്ഞ പത്തുവർഷമായിട്ട് ഈ വകുപ്പു കൈകാര്യം ചെയ്യുന്നത് സി. പി. ഐ. ആണെന്നാണ്. കേരളത്തിൽ മാത്രമല്ല ഇന്ത്യയൊട്ടാകെ—കഴിഞ്ഞതവണ വ്യവസായം കൈകാര്യം ചെയ്തിരുന്ന രണ്ടുവർഷമൊഴിച്ച്. കഴിഞ്ഞകാലങ്ങളിൽ വ്യവസായം കൈകാര്യം ചെയ്തിരുന്നത് കോൺഗ്രസ്സാണ്. ഇവിടെ മാത്രമുള്ള ഒരു പ്രത്യേകതയല്ല. വ്യവസായവൽക്കരണം എവിടെയെല്ലാമാണ് നടന്നതെന്നുള്ള കാര്യങ്ങളൊന്നും വിസ്മരിച്ചുകൊണ്ട് പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ സംസാരിക്കരുത്.

രണ്ടാമത്തെ കാര്യം അദ്ദേഹം പറഞ്ഞത് പരമ്പരാഗത വ്യവസായങ്ങളെപ്പററിയാണ്. പരമ്പരാഗത വ്യവസായങ്ങൾ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ചില പ്രയാസങ്ങൾ നേരിട്ടു. പ്രശ്നം മനസ്സിലാക്കാതെ പരിഹാരം കാണാൻ പോയാൽ അപകടത്തിൽ ചെന്നെത്തും. കേരളത്തിൽ രാഷ്ട്രീയ കാരണങ്ങളാൽ എല്ലാ വ്യവസായങ്ങളിലും തൊഴിലാളികൾക്ക് കൂലി കൂടുതലാണ്. അതിന്റെ ഉൽപ്പാദനരീതി എന്തായാലും തൊഴിലാളികൾ സംഘടിതരായതുകൊണ്ട് കൂലി കൊടുത്തേ മതിയാകൂ. ഉദാഹരണത്തിന് ഒരുചാക്കു കശുവണ്ടി പ്രോസസ് ചെയ്യുന്നതിന് കേരളത്തിൽ കശുവണ്ടി കോർപ്പറേഷന് 185 രൂപയാകുമ്പോൾ തമിഴ്നാട്ടിൽ 35 രൂപയ്ക്ക് പ്രോസസ് ചെയ്യും. ഈ തരത്തിലാണ് ട്രെഡീഷണൽ ഇൻഡസ്ട്രീസിന്റെ പോക്ക്. ഇവിടെ ഓട്ടു വ്യവസായത്തിന്റെ കാര്യം പറഞ്ഞു, നെയ്ത്തു വ്യവസായത്തിന്റെ കാര്യം പറഞ്ഞു. സംഘടിതമായി തൊഴിലാളിപ്രസ്ഥാനം വളരാത്തതുകൊണ്ട്. രാഷ്ട്രീയ പ്രബുദ്ധർ കുറവായതുകൊണ്ട് അയൽ സംസ്ഥാനങ്ങളിൽ, ഇൻഡ്യയുടെ ഒരു ഭാഗമാണ് കേരളമെന്നുള്ളതുകൊണ്ട് ഈ അയൽ സംസ്ഥാനങ്ങളിൽ ലാഭകരമായിനടത്തുന്നതിനോട് മൽസരിക്കാൻ ട്രെഡീഷണൽ ഇൻഡസ്ട്രീസിന് പ്രയാസമുണ്ട്; കശുവണ്ടിക്കുമുണ്ട്. കശുവണ്ടി കോർപ്പറേഷനെ സംബന്ധിച്ച് ഇവിടെ വിമർശനങ്ങൾ നടന്നു. അതെല്ലാം സി. പി. ഐ. ആണ്, അഴിമതിയാണെന്നുപറഞ്ഞു.

സർ, കശുവണ്ടിരംഗത്തെ മുതലാളിമാർ രണ്ടുമൂന്നു മുദ്രാവാക്യങ്ങൾ ഉന്നയിച്ചു. ഒന്ന്, കോർപ്പറേഷൻ പാടില്ല, രണ്ട്, അഥവാ കോർപ്പറേഷനുണ്ടെങ്കിൽ തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ മാനേജുമെന്റിൽ പാടില്ല, മൂന്ന് തോട്ടണ്ടി സംഭരണത്തിൽ ഗവൺമെന്റ് ഇടപെടാൻ പാടില്ല. ഈ മുതലാളിമാർ ആരാണ്? കശുവണ്ടി കോർപ്പറേഷൻ 1970-ലേ വന്നുള്ളൂ. 1970-നുമുൻപുവരെ കശുവണ്ടിവ്യവസായം സ്തംഭനാവസ്ഥയിലായിരുന്നു. എന്റെ സ്നേഹിതൻ റഹീമിന് അതറിയാം. എല്ലാകാലവും അവർ പറഞ്ഞുകൊണ്ടിരുന്നത് ഈ കൂലികൊടുത്ത് ഈ വ്യവസായം നടത്താൻ ഒക്കുകയില്ലെന്നാണ്. കുറെകഴിഞ്ഞപ്പോൾ കുടിൽ വ്യവസായം അവർ ആരംഭിച്ചു. പഴയ കാര്യങ്ങൾ എന്റെ സ്നേഹിതൻമാർ വിസ്മരിക്കരുത്. 1968-ൽ ഇന്നു ജനതാപാർട്ടിയുടെ ലീഡറായ ആർ. ബാലകൃഷ്ണ പിള്ളയാണ് കുടിൽ ഫാക്ടറികളുടെയെല്ലാം നേതാവായി കുടിൽഫാക്ടറികൾക്കു ലൈസൻസ് കൊടുക്കണമെന്നു നിവേദനവുമായി പോയത്. കുടിൽവ്യവസായത്തിനു ലൈസൻസ് കൊടുത്തു. അന്നുതൊട്ട് തമിഴ്നാട്ടിൽ ഫാക്ടറികൾ പോകാൻതുടങ്ങി. അന്നു കാഷ്യൂകോർപ്പറേഷനില്ല. അന്നു തോട്ടണ്ടിസംഭരണമില്ല. ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

കാഷ്യൂകോർപ്പറേഷനേയും തോട്ടണ്ടി സംഭരണത്തേയും എതിർക്കുന്ന മുതലാളിമാർതന്നെയാണ് തമിഴ്നാട്ടിലേക്ക് ഈ വ്യവസായത്തെ കൊണ്ടുപോയത്. കാഷ്യൂ കോർപ്പറേഷനുണ്ടാക്കി കഴിഞ്ഞവർഷംവരെയും ഗവൺമെന്റ് നിശ്ചയിക്കുന്ന ആനുകൂല്യങ്ങളും അതിൽ കൂടുതൽ ആനുകൂല്യങ്ങളും കൊടുത്തിട്ടുണ്ട്. തൊഴിലാളികളുടെ പ്രതിനിധികളും ട്രേഡ്യൂണിയൻ നേതാക്കൻമാരും അലവലാതികളാണെന്ന അഭിപ്രായമുള്ളവർ കണ്ടേയ്ക്കാം. മോശക്കാരും കാണും നല്ലവരും കാണും. അതിൽ ഐ. എൻ. ടി. യു. സി., എ. ഐ. ടി. യു. സി., സി. ഐ. ടി. യു., യു. ടി. യു. സി. ഇവയുടെ പ്രതിനിധികളുംപ്പെട്ട ഡയറക്ടർബോർഡും ഐ. എ. എസ്. ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടറും ആയി ഈ വ്യവസായം നടത്തുകയായിരുന്നു. കഴിഞ്ഞ വർഷംവരെ ഈ പറയുന്ന ആനുകൂല്യങ്ങളെല്ലാം കൊടുത്ത് ലാഭകരമായി നടത്തിക്കൊണ്ടിരുന്ന ഒരു വ്യവസായസ്ഥാപനമാണിത്. കഴിഞ്ഞവർഷം ഗവൺമെന്റിന്റെ ഒരു പോളിസി അനുസരിച്ച് തൊഴിലാളി സമരങ്ങൾ വന്നപ്പോൾ എങ്ങനെയെങ്കിലും തൊഴിൽ കൊടുക്കണമെന്നുപറഞ്ഞ് കുറെ ഫാക്ടറികൾ മുതലാളിമാരിൽനിന്നും എടുത്തു. അവിടെ ചില സമരങ്ങൾ സംഘടിപ്പിച്ച്, അമിതമായ വില തോട്ടണ്ടിക്കു കൊടുത്തിട്ടുള്ളതിന്റെ പേരിൽ നഷ്ടമുണ്ടായിട്ടുണ്ട്. എന്റെ പ്രതിപക്ഷ സ്നേഹിതൻമാർക്ക് ആരെപ്പറ്റിയെങ്കിലും അഴിമതി ആരോപണമുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് വ്യക്തമായി അന്വേഷിക്കണം. കാഷ്യൂ കോർപ്പറേഷൻ ചെയർമാൻതന്നെ ഒരു പത്രപ്രസ്താവനയിൽ പറഞ്ഞു, കാഷ്യൂ കോർപ്പറേഷനെയും കശുവണ്ടിവ്യവസായത്തെയും സംബന്ധിച്ച് മൊത്തമായ ഒരു അന്വേഷണം നടത്തണമെന്ന്. ഇതു ജൂഡിഷ്യൽ അന്വേഷണമല്ല. ഈ വ്യവസായം എന്തെന്നറിയാവുന്ന ആളുകൾ ഉൾപ്പെടെയുള്ള ഒരു അന്വേഷണം നടത്തുന്നതിൽ ആർക്കും എതിരില്ല. പക്ഷേ കശുവണ്ടി മുതലാളിമാർ ഉന്നയിക്കുന്ന മുദ്രാവാക്യങ്ങൾ, ഒന്ന്, കോർപ്പറേഷൻ ഇല്ലാതാക്കണം, രണ്ട്, കോർപ്പറേഷനിൽ തൊഴിലാളികളുടെ പ്രാതിനിധ്യം ഉൾക്കൊള്ളുന്ന മാനേജുമെന്റു പാടില്ല. മൂന്ന്, കശുവണ്ടി സംഭരണത്തിലെ പോരായ്മകൾ നികത്തണം ഇത് ഉയർത്തിപ്പിടിച്ചുകൊണ്ടു വരരുത്. സർ, ഇതിനോടു പ്രതിപക്ഷം യോജിക്കുന്നുണ്ടോ അതോ വിയോജിക്കുന്നുണ്ടോ എന്നു വ്യക്തമാക്കണം. അല്ലാതെ ഒരു പുക പടലം സൃഷ്ടിക്കരുത്. ഒരു പ്രാവശ്യം മൂന്നുരൂപ കൊടുക്കണമെന്നും പിന്നൊരു പ്രാവശ്യം 4 രൂപ കൊടുക്കണമെന്നും പറഞ്ഞു പ്രശ്നങ്ങൾ സൃഷ്ടിക്കരുത്. ഈ മൂന്നു പ്രശ്നങ്ങളിൽ വ്യക്തമായ ധാരണയുണ്ടെങ്കിൽ ചെറിയ ചെറിയ കാര്യങ്ങൾക്കു പരിഹാരം കാണാവുന്നതേയുള്ളൂ. കൃഷിക്കാർക്കു ന്യായമായ വിലകിട്ടണം. അതു കിട്ടാതാക്കുന്നതു മുതലാളിമാരായിരുന്നു. കശുമാവു മുഴുവൻ വെട്ടിക്കളഞ്ഞത്, പ്രത്യേകിച്ചും കൊല്ലം ജില്ലയിൽ വെട്ടിക്കളഞ്ഞത് കൂടുതൽ സംഭരണമുണ്ടായപ്പോൾ കൃഷിക്കാർക്കു വില കൊടുക്കാത്തതുകൊണ്ടാണ്. അതിൽനിന്നു വ്യത്യസ്തമായി ന്യായമായവിലയും ന്യായമായ കൂലിയും കൊടുത്ത് ഈ വ്യവസായം നടത്തത്തക്കരീതിയിലുള്ള സംവിധാനം ഏർപ്പെടുത്തണം. പ്രശ്നങ്ങൾ നിരവധിയുണ്ട്. പ്രത്യേകിച്ചും കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ വളരെ കുറഞ്ഞ അയൽസംസ്ഥാനങ്ങളിലേക്ക് ഈ വ്യവസായം മൈഗ്രേറ്റ് ചെയ്യുന്നതു തടയാൻ വളരെയേറെ പ്രയാസമാണ്.

ശ്രീ. എ. എ. റഹിം: ഇപ്പോൾ ഇതെല്ലാം നടക്കുന്നുണ്ടോ; ഈ വ്യവസായം ഇപ്പോൾ നടക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: മുതലാളിമാരെല്ലാംകൂടി സംഘടിതമായി കള്ളക്കടത്തു നടത്തുകയാണെങ്കിൽ അവർ യോഗ്യന്മാരും ഇതു തടയുവാൻ ശ്രമിക്കുന്നവർ മോശക്കാരുമാണെന്ന നിലയിൽ രാഷ്ട്രീയപാർട്ടികൾ തുടങ്ങിയാൽ മുതലാളിമാർക്കു കുറെയെല്ലാം കൊണ്ടുപോകാൻ കഴിയും.

ശ്രീ. എ. എ. റഹിം: കള്ളക്കടത്തു നടത്തുന്നവർക്കു രാഷ്ട്രീയകക്ഷികൾ പിന്തുണ നൽകുന്നില്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇതില്ല. ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണാനുള്ള പോംവഴി ഈ ഗവൺമെൻറ് കണ്ടുപിടിച്ചിട്ടുണ്ട്. കൃഷിക്കാരനു ന്യായമായ വില കൊടുക്കുകയും തോട്ടണ്ടിയിൽ ഇഫക്ടീവായി ഇൻറർവീൻ ചെയ്യുകയും ചെയ്യണമെങ്കിൽ ഗവൺമെൻറുതന്നെ കുറെ തോട്ടണ്ടിയുണ്ടാക്കണം. അതിനുവേണ്ടി 12,000 ഹെക്ടർ സ്ഥലത്തു കശുവണ്ടി പ്ലാൻറേഷന് ഏർപ്പാടു ചെയ്യുന്നുണ്ട്. അടുത്ത രണ്ടുമൂന്നു വർഷം കഴിയുമ്പോൾ കശുവണ്ടി കൃഷിക്കാർക്കു ന്യായമായ വില കൊടുത്ത് കേരളത്തിൽ കശുവണ്ടിവ്യവസായം പ്രിസർവ് ചെയ്യാൻ സ്കീംസ് ഉണ്ട്. അതിലേക്ക് കൂടുതൽ കടക്കുന്നില്ല.

അതുപോലെതന്നെ വ്യവസായത്തിൻെറ കാര്യം. എല്ലാപേരും ഇവിടെ എക്കണോമിക് റവ്യൂ ആണ് നോക്കിയിട്ടുള്ളത്. ഈ ഗവൺമെൻറിൻെറ ഇൻഡസ്ട്രിയൽ പോളിസി എന്താണെന്നുള്ളത് എക്കണോമിക് റവ്യൂവിലെ സ്ററാററിസ്ററിക്സ് തന്നെ വ്യക്തമാക്കുന്നുണ്ട്. അതിലെ പേജ് 15 നോക്കിയാൽമതി. 1967-ൽ പബ്ലിക് സെക്ടറിൽ എംപ്ലോയ്മെൻറ് 2,66,366 ആണ്. പ്രൈവററ് സെക്ടറിൽ 4,25,851 ആണ്. അത് 1977 ആകുമ്പോൾ പബ്ലിക് സെക്ടറിൽ 4,56,607-ഉം പ്രൈവററ് സെക്ടറിൽ 4,95,035-ഉം ആണ്. സർ, കേരളത്തിലെ വ്യവസായങ്ങളെ സംബന്ധിച്ച് രണ്ടു കാര്യങ്ങളുണ്ട്. ഒന്നു കേരളത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻവേണ്ടി വ്യവസായവൽക്കരണം ആയിട്ടില്ലെങ്കിലും ഗവൺമെൻറിൻെറ നയം പബ്ലിക് സെക്ടർ വിപുലപ്പെടുത്താനും വികസിപ്പിക്കുവാനും വേണ്ടിയാണെന്നുള്ളത് ഈ കണക്കുകൊണ്ടു തെളിയുന്നതാണ്. രണ്ട്, നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം പ്രൈവററു സെക്ടർ ഫൈൻ ആണ്. അതിനുള്ള ന്യായീകരണങ്ങളൊന്നും ഞാൻ പറയുന്നില്ല. ഇന്ന് ഗവൺമെൻറിനു ഒരു Package of measures for promoting industrial development ഉണ്ട്. കേരളത്തിൽ സഹായങ്ങൾ ഇല്ലാത്തതുകൊണ്ടല്ല. പക്ഷേ കേരളത്തിനു നിർഭാഗ്യവശാൽ ഒരു entrepreneur class ഇല്ല.

ശ്രീ. പി. ബി. ആർ. പിള്ള: ഇന്നത്തെ വ്യവസായമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം നോക്കുന്നതിൽ ഒരു 10 കൊല്ലം മുൻപ് ഓരോ വ്യവസായമേഖലയിലുമുള്ള ആളുകളുടെ നമ്പരും ഇന്നു പണിയെടുക്കുന്ന നമ്പരും തമ്മിൽ താരതമ്യപ്പെടുത്തുന്നതല്ലേ? അപ്പോൾ കാണുന്ന വ്യത്യാസം ഗവൺമെൻറിൻെറ വ്യവസായനയത്തിലുള്ള തകരാറുകൊണ്ടാണെന്നു സമ്മതിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കൂടുതലാണുള്ളത്. ഈ പുസ്തകങ്ങളെല്ലാം ഒന്നു വായിച്ചുനോക്കണം. പിള്ളേ. 1967-ൽ പബ്ലിക് സെക്ടറിൽ 2,61,366 ഉണ്ടായിരുന്നത് 1977-ൽ 4,56,607 ആയിട്ടുണ്ടെന്ന് എക്കണോമിക് റവ്യൂവിൻെറ പേജ് 15-ൽ പറഞ്ഞിട്ടുണ്ട്. അതെല്ലാം ഒന്നു വായിച്ചുനോക്കണം. ഇതെല്ലാം അച്ചടിച്ചുതരുന്നത് അതിനാണ്. ഞാൻ പറഞ്ഞുവരുന്നത് പ്രൈവററ് സെക്ടറിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഒരു എൻറർപ്രനിയർ ക്ലാസ്സ് ഇല്ല എന്നുള്ളതാണ്. ഈ കണക്കുകൾ കാണിക്കുന്നത് അവർ ഒരു വ്യവസായവൽക്കരണത്തിൽ ഏർപ്പെടാനുള്ള സാധ്യത കുറവാണെന്നാണ്. രണ്ടാമത് സെൻട്രൽസെക്ടറാണ്. അവിടെ ഒന്നും നടന്നിട്ടില്ലെന്നു പറഞ്ഞു. കുറെ മാററങ്ങൾ വന്നിട്ടുണ്ട്. ഒന്നുംരണ്ടും പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഒരു മൂട്ടപ്പൊടി ഫാക്ടറി മാത്രമേ ഉള്ളൂ എന്നു പറഞ്ഞു. ഇന്നു സെൻട്രൽ സെക്ടറിൽ 104 കോടി രൂപയാണ്, അതു തൃപ്തികരമല്ല. ടോട്ടൽ സെൻട്രൽ സെക്ടർ ഇൻവെസ്ററുമെൻറിന്റെ 2 ശതമാനം മാത്രമേ ഉള്ളൂ. കേരളം അക്കാര്യത്തിൽ അവഗണിക്കപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി സെൻട്രൽസെക്ടർ ഇൻവെസ്ററുമെൻറിൽ എത്രയാണു കേരളത്തിനു കിട്ടിയതെന്നു നാം മനസ്സിലാക്കണം. അതുകൊണ്ടു നാം തൃപ്തിപ്പെടുന്നില്ല. പോരാ. ഈ രണ്ടു സെക്ടറും ഈ വ്യവസായവൽക്കരണത്തിനു വേണ്ടവിധത്തിൽ സഹായിക്കുന്നില്ലെങ്കിൽ കേരളത്തിലെ വ്യവസായവൽക്കരണത്തിന്റെ സ്ട്രാറജിയിൽ ഒരുപ്രത്യേക ഊന്നൽ കൊടുക്കണം. ഞാൻ അക്കാര്യത്തിൽ ശ്രീ. ഗംഗാധരന്റെ വിമർശനത്തെ സ്വാഗതം ചെയ്യുകയാണ്. സ്റേററ് സെക്ടറിൽ ഗവൺമെൻറ് ഇൻവെസ്ററുമെൻറ് പോരാ. മാസീവായി ഇൻവെസ്ററ് ചെയ്യണം. അങ്ങനെ ഇൻവെസ്ററ് ചെയ്യുമ്പോൾ ചില വ്യവസായങ്ങൾ പ്രത്യേകം നോക്കണം. ഈ ട്രഡീഷണൽ ഇൻഡസ്ട്രീസ് ഒരു ടെക്നോളജിയും ഇല്ലാത്ത ഇൻഡസ്ട്രിയാണ്. അവിടെ കൂലി കുറവായ സംസ്ഥാനങ്ങളുമായി കോംപീററ് ചെയ്യാൻ വിഷമമായിരിക്കുമ്പോൾ കൂടുതൽ ഹയർ ടെക്നോളജിയുള്ള കൂടുതൽ ആളുകൾക്കു എംപ്ലോയ്മെൻറ് കൊടുക്കാൻ സാധ്യതയുള്ള വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി ഇത്തരത്തിലുള്ള ഒരു ശ്രമത്തിൽ ഗവൺമെൻറ് ഏർപ്പെട്ടിരിക്കുകയാണ്. ചെറിയതോതിലാണെങ്കിലും ഇലക്ട്രോണിക് കോർപ്പറേഷന്റെ പ്രവർത്തനംകൊണ്ട് രണ്ടായിരത്തിൽപരം പേർക്കു ജോലി കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഇലക്ട്രോണിക് കോർപ്പറേഷന്റെ അഖിലേൻഡ്യാതലത്തിലുള്ള സർവ്വേ അനുസരിച്ചാണെങ്കിൽ 1984-ൽ എന്റെ ഓർമ്മ ശരിയാണെങ്കിൽ രണ്ടായിരം കോടി രൂപയുടെ ആനുവൽ ടേണോവർ ഇലക്ട്രോണിക് ഐററംസിൽ ഉണ്ടാക്കാൻ സാധ്യതയുണ്ട്. അതിന് നമ്മുടെ ഗവൺമെൻറ് കണക്കാക്കിയിട്ടുള്ളത് 5 ശതമാനമാണ്. അങ്ങനെ 5 ശതമാനം ടേണോവർ നമുക്കു കിട്ടുകയാണെങ്കിൽ 40,000 പേർക്ക് ഡയറക്ട് എംപ്ലോയ്മെൻറും 60,000 പേർക്കു ഇൻഡയറക്ട് എംപ്ലോയ്മെൻറും ഉണ്ടാകും. അതു ഹയർ ടെക്നോളജിയുള്ളതാണ്. എല്ലാ പേർക്കും സാധിക്കുന്നതല്ല. അത് അത്രയും പരിമിതപ്പെടുത്തിയിട്ടുണ്ട്. ഏതായാലും കേരളത്തിന്റെ ആ രംഗത്തെ സാധ്യത കണക്കിലെടുത്താൽ കേരളത്തിലെ സാമാന്യവിദ്യാഭ്യാസ നിലവാരം വച്ചുകൊണ്ടാണെങ്കിൽ ഗവൺമെൻറ് കുറെക്കൂടി ഇൻവെസ്ററ് ചെയ്യുകയാണെങ്കിൽ നമുക്കു കൂടുതൽ സാധ്യതയുണ്ട്. അതുകൊണ്ട് ഗവൺമെന്റിന്റെ ഇൻവെസ്ററുമെൻറ് പോളിസിയിൽത്തന്നെ മാററം വേണമെന്നാണ് എന്റെ അഭിപ്രായം. പല ചെറുകിട വ്യവസായങ്ങളിലും പരീക്ഷണഘട്ടം കഴിഞ്ഞതിനുശേഷം മാററം ഉണ്ടാക്കിയിട്ടുണ്ട്. വ്യവസായവൽക്കരണത്തിനുവേണ്ട ഇൻവെസ്ററുമെൻറ് എന്നുപറയുമ്പോൾ സ്റേററ് റവന്യൂ സർപ്ലസ് ഉപയോഗിച്ച് ഇൻവെസ്ററ് ചെയ്യാൻ നമുക്കു കുറവാണ്. നമ്മുടെ സ്റേററിലെ റവന്യൂ, സോഷ്യൽ സർവ്വീസിന്റെ ചെലവുകൾ മാററി വച്ചാൽ.......

ശ്രീ. പി. ബി. ആർ. പിള്ള: ഒരു ചോദ്യം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എനിക്കു ഒരു തവണപോലും യീൽഡ് ചെയ്യാത്ത പിള്ളയ്ക്കു ഞാൻ രണ്ടു പ്രാവശ്യം യീൽഡ് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതു ധാരാളം മതിയെന്നാണ് എന്റെ അഭിപ്രായം. എനിക്കുപറയാനുള്ളത്, ഈ ഗവൺമെന്റ് ഇൻവെസ്റ്റുമെന്റിന് ഒരു പോളിസി നേരത്തെതന്നെ ഉണ്ടാക്കിയിരുന്നു; അതിൽ ചില ഐറ്റംസിൽ മാറ്റംവന്നു. ഉദാഹരണത്തിന് കയറിന്റെ കാര്യം എടുക്കാം. കയർ ഇൻഡസ്ട്രീസ് നമ്മുടെ രാജ്യത്ത് നാലഞ്ചു വർഷങ്ങൾക്കുമുൻപ് ഡവലപ്പ്മെന്റ് സ്ട്രാറ്റജി ആവിഷ്ക്കരിച്ചുകൊണ്ട് ഒരു രേഖ തയ്യാറാക്കി സമർപ്പിക്കുകയുണ്ടായിട്ടുണ്ട്. അതിൽത്തന്നെ പറഞ്ഞിരിക്കുന്നത് നമുക്കു റവന്യൂ സർപ്ലസ് കുറവായതുകൊണ്ടും റവന്യു കൂടുതൽ ഉണ്ടാക്കി അതിൽനിന്ന് സർപ്ലസ് എടുത്ത് ഇൻഡസ്ട്രിയൽ ഇൻവെസ്റ്റുമെന്റിന് കൊടുത്തുകൊണ്ടും പ്രധാനമായും ചെയ്യേണ്ടുന്നത് ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് ഉപയോഗിക്കണമെന്നാണ്. സർ, ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ്, സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നുള്ള സഹായം ഉപയോഗിക്കണമെന്നുണ്ടെങ്കിൽ അതിന് അനുരോധമായ രീതിയിലുള്ള ഒരു ഇൻഫ്രാ സ്ട്രക്ച്ചർ ഈ വ്യവസായ മേഖലയിൽ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. പ്രധാനമായും കയറിന്റെ കാര്യത്തിൽ നമ്മളതു പരീക്ഷിച്ചു കണ്ടതാണ്. ഗവൺമെന്റ് പ്രവർത്തന മൂലധനമെന്നുപറഞ്ഞ് ഒരു പത്തു രൂപ കൊടുക്കും. അതുകൊടുക്കുന്നതുകൊണ്ട് പ്രവർത്തന മൂലധനവും ആകുകയില്ല. ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് ഉപയോഗിക്കാൻ, സ്വീകരിക്കുവാൻ സാധിക്കുകയുമില്ല. ഭാഗ്യവശാൽ കയർ ഇൻഡസ്ട്രിയിൽ അതുമാററിയിട്ട് ഷെയർ പാർട്ടിസിപ്പേഷൻ ആക്കി. ഹാൻഡ്‌ലൂമിനുവേണ്ടി ശ്രമിക്കുന്നുണ്ട്. അതുകൊണ്ടാണ് ഹാൻഡ്‌ലൂം ഇൻഡസ്ട്രീസ് ഇപ്പോൾ നല്ലവണ്ണം പുരോഗമിച്ചു മുന്നോട്ടുപോകുന്നത്. സർ, ഇതുപോലുള്ള സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ സെക്ടറിലും ഗവൺമെന്റ് വർക്കിംഗ് കാപ്പിററൽ ലോൺ കൊടുക്കാതെ ഷെയർപാർട്ടിസിപ്പേഷൻ കൊടുത്ത് ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് യൂട്ടിലൈസ് ചെയ്യാൻ സാധിക്കണം.

രണ്ടാമത്തെ കാര്യം, നമ്മുടെ ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസിൽ പ്രധാനപ്പെട്ടത്, മൂലധന നിക്ഷേപത്തിനൊക്കെതരുന്നത് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നൊക്കെയാണ്. നമുക്ക് വേണ്ടതരത്തിൽ അത് ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. അത് ഉപയോഗപ്പെടുത്താൻ സാധിക്കണം. അങ്ങനെ ഉപയോഗപ്പെടുത്തണമെങ്കിൽ തന്നെ അവർ ലോണും ഇക്വിററിയും ആയിട്ടു തരുന്ന റേഷ്യോ അനുസരിച്ച് ഇക്വിററി ഉണ്ടാക്കാൻ ഗവൺമെന്റ് പണം മുടക്കാൻ തയ്യാറാകണം. സർ, അടുത്തകാലത്ത് തന്നെ ഇൻഡസ്ട്രിയൽ ഡവലപ്പുമെന്റ് ബാങ്ക് ഓഫ് ഇൻഡ്യ, അഞ്ചുലക്ഷം രൂപ വരെ മൂലധനം മുടക്കുന്ന വ്യവസായങ്ങൾക്ക് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ബാങ്കിന്റെ അടുക്കൽ സ്കീം കൊണ്ടുപോകാതെ ഇൻഡ്യയിലെ എല്ലാ നാഷണലൈസ്ഡ് ബാങ്കിലും ആ സ്കീംസ് സാംഗ്ഷൻ ചെയ്തിട്ട് റീ ഫൈനാൻസ് ഫെസിലിററീസ് അനുവദിക്കാമെന്ന് അവരുടെ പോളിസിയിൽ മാററം വരുത്തി. തീർച്ചയായും ഈ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിൽ ഏററവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന കമേർഷ്യൽ ബാങ്കിനെക്കൊണ്ട് ഐ.ഡി.ബി.ഐ. ഇപ്പോൾ അനുവദിച്ചിരിക്കുന്ന ഈ കൺസെഷൻ ഉപയോഗിച്ച് വൻതോതിൽ ചെറുകിട വ്യവസായങ്ങൾ ഉണ്ടാകുന്നതിനുള്ള പദ്ധതികൾ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റിന് ആവിഷ്ക്കരിക്കുകയും അതിന് ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് ഉപയോഗിക്കാൻ പരിശ്രമിക്കുകയും വേണം. സർ, അതിൽ നമ്മൾ വളരെയധികം പരാജയപ്പെട്ടിരിക്കുകയാണ്.

മറെറാരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചാണ്. അതിൽ വളരെ മൗലികമായ ചില മാററങ്ങൾ ആവശ്യമാണെന്ന് ഞാൻ കരുതുന്നു. നമ്മുടെ എക്കണോമിക് റിവ്യൂവിൽ തന്നെയുള്ള ഫിഗേഴ്സ് എടുത്തു നോക്കിയാൽ വളരെ കഷ്ടം തോന്നും. മിക്കവാറും ഇൻഡസ്ട്രീസിൽ കപ്പാസിററി യൂട്ടിലൈസേഷന്റെ അടുത്തെങ്ങും ചെല്ലുന്നില്ല. അതിന്റെ പ്രൊഡക്ഷൻ കപ്പാസിററി. എന്തുകൊണ്ടാണെന്ന് വിശദമായിട്ട് വിശദീകരിച്ചിട്ടില്ല. ഈ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. സർ, തിരുവനന്തപുരം ടൈററാനിയം ഫാക്ടറി ലാഭകരമായി നടത്തുന്നതാണ്. അവിടെ പോലും 50 ശതമാനം കപ്പാസിററി യൂട്ടിലൈസേഷൻ ഇല്ല. എന്തുകൊണ്ടാണ് അത്? എനിക്കറിഞ്ഞുകൂടാ. അതിന്റെ വിശദവിവരങ്ങൾ നോക്കിയാലേ ഒക്കുകയുള്ളൂ. മാർക്കററില്ലാത്തതാണോ? അതാണെന്ന് തോന്നുന്നില്ല. സർ, മിക്ക പൊതുമേഖലാ സ്ഥാപനങ്ങളിലും കപ്പാസിററി യൂട്ടിലൈസേഷൻ സാധിക്കുന്നില്ല. സാധിക്കാത്തതിന്റെ ഒരു കാരണം പ്രൊഫഷണലൈസ്ഡ് മാനേജുമെന്റില്ല. ഇൻസ്ട്രീസ്സിൽ, ഒരു ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റിന് പ്രൊഫഷണലൈസ്ഡ് മാനേജുമെന്റ് ആവശ്യമാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അത് പബ്ലിക് സെക്ടറിലായാലും വേണം, പ്രൈവററ് സെക്ടറിലായാലും വേണം, ബിർലയുടേതായാലും ശരി, ടാററായുടേതായാലും ശരി, ഗവൺമെന്റ് ഓൺഡ് ഇൻഡസ്ട്രീസിലായാലും ശരി അങ്ങനെ പ്രൊഫഷണലൈസ്ഡ് മാനേജുമെന്റ് വേണം. നമ്മൾ പലപ്പോഴും ചെയ്യുന്നത്, ഉദ്യോഗസ്ഥന്മാരെ തൽക്കാലത്തേയ്ക്ക് ഡെപ്യൂട്ടേഷനിൽ അയയ്ക്കുകയാണ്. ഉദ്യോഗസ്ഥൻമാരിൽ നിന്നും അയയ്ക്കുന്നതിൽ എനിക്ക് പരാതിയില്ല. പക്ഷേ അതിന് പററിയ ആളുകളെ തിരഞ്ഞെടുത്ത് അവർക്കാവശ്യമുള്ള ട്രെയിനിംഗ് കൊടുത്ത് മാനേജീരിയൽ കേഡർ സൃഷ്ടിക്കുകയെന്നുള്ളതാണ് കേരളത്തിന്റെ വ്യവസായ വികസനത്തിന് ആവശ്യം. കേരളത്തിൽ സ്വകാര്യ മേഖലയിൽ ഒരു എന്റർപ്രനീറിയൽ ക്ലാസ് ഇല്ലാത്ത സമയത്ത്, കേന്ദ്രഗവൺമെന്റിൽനിന്നും ഇൻവെസ്റ്റുമെന്റ് വളരെ കുറവായ സമയത്ത് സ്റ്റേററ് വൻതോതിൽ വ്യവസായവൽക്കരണത്തിന് ഇൻസ്ററിററ്യൂഷണൽ ഫൈനാൻസ് ഉപയോഗിച്ച് രംഗത്ത് നീങ്ങണമെന്നുണ്ടെങ്കിൽ അതിന്റെ ഒരു മുൻ ഉപാധി ഈ രാജ്യത്ത് ഈ എൻറർപ്രനർഷിപ്പിന് കഴിവുള്ള ഒരു മാനേജീരിയൽ ക്ലാസിനെ, ഒരു മാനേജീരിയൽ കേഡറിനെ സൃഷ്ടിക്കുക എന്നുള്ളത് വളരെ ആവശ്യമാണ്. സർ, ഇത്തരത്തിൽ ഓരോ ഇൻഡസ്ട്രിയും പരിശോധിച്ചാൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നാടിനോട് ഒരു ഉത്തരവാദിത്വമുണ്ട്. അത് ലാഭകരമായി നടക്കണം. ലാഭകരമായി നടക്കാൻ ഒക്കാത്തത് പൂട്ടിയാലും തരക്കേടില്ല. അത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കണം. ഇത്തരത്തിൽ സമഗ്രമായ ഒരു പരിഷ്ക്കാരം നടപ്പാക്കുന്നതിന് ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ശങ്കരൻ കുട്ടി: സർ, വിദ്യുച്ഛക്തി, വ്യവസായം എന്നീ വകുപ്പുകൾക്ക് വേണ്ടി മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. സർ, ഭരണപക്ഷത്തുനിന്നും പല ആളുകളും സംസാരിക്കുകയുണ്ടായി. പ്രതിപക്ഷത്തുനിന്നും ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചത്, ഈ രംഗത്തെ നേട്ടങ്ങളെ വിലയിരുത്താതെ രാഷ്ട്രീയ പകപോക്കൽ മൂലം പറഞ്ഞതാണെന്ന് അർത്ഥം വരത്തക്കവിധത്തിൽ പരാമർശിച്ചു. എന്റെ സ്നേഹിതൻ ചന്ദ്രശേഖരൻ നായർ വളരെ

LIBRARY ARCHIVES Kerala Legislative Assembly

പാടുപെട്ടുകൊണ്ട് അദ്ദേഹത്തിന്റെ കക്ഷിയിലെ മന്ത്രിമാർ ഭരണം നടത്തുന്ന ഈ വകുപ്പുകളിലെ കുറെ നേട്ടങ്ങളെപ്പറ്റിയെല്ലാം പറയാൻ ശ്രമിക്കുകയുണ്ടായി. എന്നാൽ രാഷ്ട്രീയ വൈരനിര്യാതന സമീപനത്തോടു കൂടിയല്ലാതെ ചില സാകക്ഷികളെ നിരത്തിക്കൊണ്ട് ശ്രീമാൻ ചന്ദ്രശേഖരൻ നായരോട് ചില കാര്യങ്ങൾ ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ബഡ്ജററ് പ്രസംഗത്തിലെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വരദരാജൻ നായരുടെ വാക്കുകളാണ് എനിക്ക് സാക്ഷ്യപ്പെടുത്താനുള്ളത്. ബഡ്ജററ് പ്രസംഗത്തിന്റെ ഏഴാം പേജിൽ പറയുന്നു. "1976-77 ൽ അഖിലേൻഡ്യാ പ്രതിശീർഷവരുമാനം 1082 രൂപയായിരുന്നപ്പോൾ കേരളത്തിന്റേത് 968 രൂപയായിരുന്നു. പ്രതിശീർഷ ദേശീയവരുമാനം സ്ഥിര വിലനിലവാരത്തിന്റെ അടിസ്ഥാനത്തിൽ 1960-61-ൽ 307 രൂപയായിരുന്നത് 1975-76-ൽ 366 രൂപയായി ഉയർന്നപ്പോൾ സംസ്ഥാന പ്രതിശീർഷ വരുമാനം 259 രൂപയിൽനിന്നും 297 രൂപയായി മാത്രമേ വർദ്ധിച്ചുള്ളൂ. അതായത് ദേശീയ വരുമാനത്തിൽ 59 രൂപയുടെ വർദ്ധനവ് ഉണ്ടായപ്പോൾ നമ്മുടെ സംസ്ഥാനത്ത് 38 രൂപയുടെ വർദ്ധനവ് മാത്രമേ ഉണ്ടായുള്ളൂ. 1960-61-ലെ അഖിലേൻഡ്യാ പ്രതിശീർഷവരുമാനവും സംസ്ഥാനത്തിന്റെ പ്രതിശീർഷവരുമാനവും തമ്മിലുണ്ടായിരുന്ന അന്തരം കാര്യമായി കുറയ്ക്കുവാൻ നമുക്ക് സാധിച്ചിട്ടില്ലെന്ന വസ്തുതയാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലെ കണക്കുകൾ അനുസരിച്ച് 1978 അവസാനത്തിൽ സംസ്ഥാനത്തെ മൊത്തം തൊഴിൽ രഹിതരുടെ എണ്ണം 10.53 ലക്ഷമാണ്". സർ, രണ്ടു കാര്യങ്ങൾ ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. എന്റേതല്ല, ബഹുമാനപ്പെട്ട വരദരാജൻ നായരുടേതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പ്രതിശീർഷവരുമാനമെന്നു പറയുമ്പോൾ കാർഷികമേഖലയിലേയും വ്യാവസായിക മേഖലയിലേയും കൂടി ചേർത്താണെന്നും അഖിലേൻഡ്യാ തലത്തിൽ പ്രതിശീർഷ വരുമാനം വർദ്ധിക്കാൻ കാരണം ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും ഉണ്ടായ കാർഷികാഭിവൃദ്ധിയാണെന്നും അറിയാമോ?

ശ്രീ. പി. കെ. ശങ്കരൻ കുട്ടി: പ്രതിശീർഷ വരുമാനം കാർഷികവും വ്യാവസായികവുമായ മുഴുവൻ വരുമാനവും ആണെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. പക്ഷേ, കാർഷികവരുമാനത്തോടൊപ്പം തന്നെ വ്യാവസായിക വരുമാനവും അതിന്റെ ഒരു ഭാഗം ആണെന്നുള്ളത് എന്റെ സ്നേഹിതൻ സമ്മതിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ഞാൻ ധനകാര്യ മന്ത്രിയുടെ പ്രസ്താവനയാണ് വായിച്ചത്. ഇതിൽ അദ്ദേഹത്തിന് തെററുപററിയിട്ടില്ലെന്ന് ഞാൻ വിചാരിക്കുകയാണ്. എങ്കിൽ എന്റെ സ്നേഹിതൻ ഇത് അംഗീകരിക്കും.

രണ്ടാമത് ഇക്കണോമിക് റിവ്യൂവിൽ ഇതിനെക്കുറിച്ച് പറയുന്നുണ്ട്. അതിൽ വളരെ വ്യക്തമായി സമ്മതിക്കുന്നു.

11 A. M.] The performance of Kerala State in the industrial front during 1978 cannot be considered quite impressive though the year was characterised by several Governmental measures to promote industrialisation.

സർ, ഇനി എന്തുവേണം എന്ന് ഞാൻ അദ്ദേഹത്തോട് ചോദിക്കാൻ ആഗ്രഹിക്കുകയാണ് അഖിലേൻഡ്യാ നിലവാരത്തിൽ ഈ പറഞ്ഞ കാര്യങ്ങളിലെല്ലാം തന്നെ പ്രതിശീർഷവരുമാനം വർദ്ധിക്കാൻ എന്റെ സ്നേഹിതൻ ചൂണ്ടിക്കാണിച്ചമാതിരി കാർഷിക മേഖലയിലുള്ള വരുമാനവർദ്ധ

LIBRARY ARCHIVES Kerala Legislative Assembly

നവുകൂടി ഉപയോഗിച്ചിട്ടുണ്ടെങ്കിലും വ്യാവസായിക മേഖലയിൽ മാത്രം എടുത്തുനോക്കുകയാണെങ്കിലും അഖിലേൻഡ്യാടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള പ്രതിശീർഷ വരുമാനത്തിന്റെ വർദ്ധനയിലേയ്ക്ക് നൽകിയിട്ടുള്ള സംഭാവന നോക്കുമ്പോൾ കേരളം ഈ രംഗത്ത് വളരെ പിന്നോക്കമാണെന്ന് ഇക്കണോമിക് റിവ്യൂവിന്റെ 56-ാം പേജിൽ 6/2 പാരഗ്രാഫിൽ പറയുന്നുണ്ട്. എന്റെ സ്നേഹിതൻ ഉണ്ണിയെപ്പോലുള്ള ആളുകൾ ഈ വക കാര്യങ്ങളെല്ലാം എടുത്ത് ചെപ്പടിവിദ്യ കളിച്ച് ആളുകളുടെ കണ്ണിൽ മണ്ണിടാൻ ശ്രമിക്കണ്ട എന്നുള്ളതുകൊണ്ടാണ് വരദരാജൻ നായരുടേയും ഇക്കണോമിക് റിവ്യൂവിന്റെയും ചില വാചകങ്ങൾ ഉദാഹരണത്തിനായി ഞാൻ പറഞ്ഞത്.

സർ, ഇവിടെ പല കാര്യങ്ങളും പറയുകയുണ്ടായി. സംസ്ഥാനത്തിന്റെ പ്രയാസത്തെക്കുറിച്ചും വ്യവസായ നടത്തിപ്പിലുള്ള നഷ്ടത്തെക്കുറിച്ചും ഒക്കെ പറഞ്ഞു. ഞാൻ ആ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതിനുള്ള തെളിവുകൾ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിററി റിപ്പോർട്ടിലും ഇക്കണോമിക് റിവ്യൂവിലും ഉണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തനമൂലധനം കൂടുതൽകൂടുതൽ കൊടുക്കുംതോറും കൊടുക്കുന്നതിനേക്കാൾ കൂടുതൽ നഷ്ടം വന്നുകൊണ്ടിരിക്കുകയാണെന്ന് കോടിക്കണക്കിന് രൂപയുടെ കണക്കെടുത്തുദ്ധരിച്ചുകൊണ്ട് ഇക്കണോമിക് റിവ്യൂവിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ഒന്ന് രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

The performance of Kerala State............................

അത് കഴിഞ്ഞിട്ട്

The Travancore Cochin Chemicals alone has incurred a loss of Rs. 2.59 crores in 1977-78.

സർ, 1978-79-ത് 2.59 കോടി ഒരു കമ്പനിയിൽ വന്ന നഷ്ടമാണ്. 1976-77, 77-78 ഈ വർഷങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം ഈ രീതിയിലാണ് നിൽക്കുന്നത്. നഷ്ടം കൂടാതെ നടത്തുന്നതിനുവേണ്ടി വീണ്ടും ഗവൺമെന്റ് മൂലധനമായും പ്രവർത്തന മൂലധനമായും വളരെ സംഖ്യ കൊടുത്തിട്ടുണ്ട്. ഇൻററസ്ററ് ഇല്ലാതെ കൊടുത്തത്, ഫ്രീ ആയി കൊടുത്തത് കോടിക്കണക്കിന് ഇതെല്ലാം ഉണ്ടായിട്ടും കോടിക്കണക്കിന് രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്ന് ഇക്കണോമിക് റിവ്യൂവിലും പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിററിയുടെ റിപ്പോർട്ടിലും പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ തിരുവനന്തപുരത്തെ ടൈററാനിയം ഫാക്ടറിയുടെ സ്ഥിതി എന്താണ്? താൽക്കാലികമായി അത് ഇപ്പോൾ ലാഭത്തിലാണ് നടക്കുന്നത്. അതൊരു കുത്തകവ്യവസായ സ്ഥാപനമായതുകൊണ്ടാണ് ഇങ്ങനെ നടക്കുന്നത്. ഒരു ദിവസത്തിൽ പത്തുലക്ഷം രൂപ വിലവരുന്ന സൽഫ്യൂറിക് ആസിഡ് റിക്കവർ ചെയ്യേണ്ട രണ്ടോ മൂന്നോ കോടി രൂപയുടെ മെഷിനറി ഈ വ്യവസായ ശാലയിൽ കൊണ്ടുവരാത്തതുകൊണ്ട് അത് നഷ്ടപ്പെടുത്തി വേസ്ററായിട്ട് കളയുകയാണ്. അതാണേ് ലാഭകരമായി നടത്തുന്നത്. കുത്തക ആയതുകൊണ്ട് ലാഭം വരുന്നു എന്നുള്ളതേയുള്ളൂ. വളരെക്കാലങ്ങൾക്ക് മുമ്പ് കൊടുത്ത റിപ്പോർട്ട് നടപ്പിലാക്കാത്തതുകൊണ്ടാണ് പത്തുലക്ഷം രൂപയുടെ സൽഫ്യൂറിക് ആസിഡ് റിക്കവർചെയ്യാൻ കഴിയാതെ വന്നത്. ഇവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള സ്ഥിതിയിലേയ്ക്ക് ഞാൻ ശ്രദ്ധക്ഷണിക്കുമ്പോൾ മറുഭാഗത്തുള്ള ആളുകളും അതിനോട് യോജിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, പ്രതിപക്ഷത്തുള്ള മെമ്പർമാർ മാത്രമല്ല പറയുന്നത്, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിററി ലക്ഷക്കണക്കിന് രൂപയുടെ കൊള്ള നടന്നതിനെപ്പററി പറഞ്ഞിട്ടുണ്ട്. ഈ കൊള്ളക്കാർക്കെതിരായി ശക്തിയായ നടപടി, ആ ആളുകൾക്കെതിരായി ശക്തിയായ നടപടി എടുക്കണമെന്ന് പറഞ്ഞിട്ടുള്ളത് ഈ നിയമസഭ കമ്മിററി അല്ലേ സർ? ആ കമ്മിററിയുടെ റിപ്പോർട്ടുകൾ ഈ മന്ത്രിമാർ വായിച്ചിട്ടുണ്ടോ സർ? ഈ നിയമസഭാ കമ്മിററി റിപ്പോർട്ടുകളെക്കുറിച്ചുള്ള ഫോളോ അപ്പ് ആക്ഷൻ ഉണ്ടാകാറുണ്ടോ സർ? പലപ്പോഴും കമ്മിററിയിൽ നിന്നുണ്ടാകുന്ന തീരുമാനങ്ങൾ ഉദ്യോഗസ്ഥൻമാർ നടപ്പിൽ വരുത്താതിരിക്കുകയും ആ നിലയിൽ ഫയലുകൾതന്നെ ക്ലോസ് ചെയ്യുകയും അതിനെതിരായ നടപടികൾ വരുമ്പോൾ ഞാനല്ല മുമ്പുണ്ടായിരുന്ന ആളാണെന്നുപറയുകയും ചെയ്ത് ഒഴിഞ്ഞുമാറുന്നു. അത് സംബന്ധിച്ച് ശക്തിയായ അഭിപ്രായ പ്രകടനം നടത്തിയ ആ ഫയൽ ഒന്ന് മറിച്ചുനോക്കിയിട്ടുണ്ടോ സർ? എന്റെ സ്നേഹിതൻ ശ്രീമാൻ കുര്യനോട് ഞാൻ പറയുകയാണ്, നിങ്ങൾ ബഹുമാനപ്പെട്ട വരദരാജൻ നായരുടെ പ്രസംഗം ഒന്ന് വായിച്ചു നോക്കണം. ഇക്കണോമിക് റിവ്യൂ ഒന്നു വായിച്ചു നോക്കണം.

സർ, ഇവിടെ പറഞ്ഞു, സ്റേററിൽ വ്യാവസായിക വളർച്ചയ്ക്കു വേണ്ടിയുള്ള ചില ലക്ഷ്യങ്ങൾ ഉണ്ടെന്ന്. തൊഴിലാളികൾക്ക് തൊഴിൽ കിട്ടുന്നതിനുവേണ്ടി, ഇവിടത്തെ പരമ്പരാഗത വ്യവസായങ്ങൾ വളർത്താൻ വേണ്ടി എടുത്ത നടപടികളെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. ഞാൻ ഒരു കാര്യം ചോദിക്കുകയാണ്, നമ്മുടെ ഇവിടത്തെ പരമ്പരാഗത വ്യവസായങ്ങളുടെ നില എന്താണ്? ഇന്ന് പരമ്പരാഗത വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും കുടിൽവ്യവസായങ്ങളും വളർത്താനും വളർന്നുവരാനും അനുകൂലമായ ഒരു നയം കേന്ദ്രഗവൺമെൻറ് അംഗീകരിച്ചിരിക്കുകയാണ്. സർ, ഒരു ഉദാഹരണം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇൻഡ്യയിൽ ആകെയുള്ള തീപ്പെട്ടി വ്യവസായത്തിന്റെ 30 ശതമാനം സ്വീഡിഷ് കമ്പനിയുടെ Internationally chartered ആയിട്ടുള്ള വിംകോ കമ്പനിക്കാരാണ് നടത്തുന്നത്. ബാക്കിയുള്ളത്, 70 ശതമാനം ഇവിടത്തെ ചെറുകിട ഫാക്ടറി ഓണർമാരാണ് ഉണ്ടാക്കുന്നത്. 30 ശതമാനം തീപ്പെട്ടി ഉണ്ടാക്കുന്ന വിംകോ കമ്പനി 8000 തൊഴിലാളികൾക്കാണ് 5 ഫാക്ടറികളിലായി തൊഴിൽ കൊടുക്കുന്നത്. ഇവരോട് ഇൻഡ്യാ ഗവൺമെൻറ് പറഞ്ഞിരിക്കുകയാണ്, വരുന്ന മൂന്നുകൊല്ലം കൊണ്ട് നിങ്ങൾ ഈ രംഗത്തുനിന്നും പരിപൂർണ്ണമായി പോകേണ്ടതാണ് എന്ന്. അവർ പോകണമെന്ന് പറയുന്നത് 8000 ആളുകൾക്ക് 5 ഫാക്ടറികളിലായി തൊഴിൽ കൊടുക്കുന്ന ഈ കമ്പനി ഈ രംഗത്തുനിന്ന് മാറിയാൽ ഇവിടത്തെ ചെറുകിട ഉൽപ്പാദകർക്ക് മൽസരം കൂടാതെ മുന്നോട്ട് നീങ്ങാനും ഇപ്പോഴുള്ള രണ്ടുലക്ഷത്തിന് പുറമേ ഒന്നരലക്ഷം ആളുകൾക്ക് കൂടി ഈ രംഗത്ത് തൊഴിൽ കൊടുക്കാനും സാധിക്കുന്നതാണ്. രാഷ്ട്രീയമായും സാമ്പത്തികമായും വ്യാവസായികമായും ഇങ്ങനെ ഒരു നയം പ്രഖ്യാപിച്ച് വിംകോ കമ്പനിയെ രംഗത്തുനിന്നും മാററിയതുകൊണ്ട് തീപ്പെട്ടി വ്യവസായം വളരേണ്ടത് കേരളത്തിലും കൂടിയാണ്. മദിരാശി, കർണ്ണാടകം, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലെ ചെറുകിട ഫാക്ടറികൾക്കാണ് നേട്ടം ഉണ്ടാകുന്നത്. സർ, ഇവിടത്തെ ചെറുകിട വ്യവസായികൾ ചോദിക്കുകയാണ് ഇവിടത്തെ കാടുകൾ ദേശസാൽക്കരിച്ചിരിക്കുകയാണ്, ഇവിടത്തെ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കാൻ ഞങ്ങൾക്ക് തടി തരുമോയെന്ന്. കൊല്ലത്തേയും ഫറൂക്കിലേയും തീപ്പെട്ടി കമ്പനികൾ ന്യായമായ വിലയ്ക്ക് മരം കിട്ടാത്തതുകൊണ്ട് പൂട്ടിയിട്ടിരിക്കുകയാണ്. അതുകാരണം പത്തുനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചിലർ പറയുന്നു വീംകോ കമ്പനിയുടെ തീപ്പെട്ടിക്ക് ഇൻഡ്യാ ഗവൺമെൻറ് കൂടുതൽ നികുതി ചുമത്തിയതുകൊണ്ട് വീംകോ പൂട്ടുന്നു. അതുകൊണ്ട് ഞങ്ങളെല്ലാം കഷ്ടത്തിലായി എന്ന്. സംസ്ഥാന ഗവൺമെൻറ് ഇവിടത്തെ ചെറുകിട വ്യവസായങ്ങളെ വളർത്താൻ ആഗ്രഹിക്കുകയാണെങ്കിൽ അവർക്ക് കുറഞ്ഞ വിലയ്ക്ക് മരം കൊടുക്കേണ്ടതാണ്. പുനലൂർ പേപ്പർ മില്ലിനും മാവൂർ റയോൺസ് ഫാക്ടറിക്കും മരം കൊടുക്കാൻ കഴിയുമെങ്കിൽ ദേശസാൽക്കരിച്ച ഈ കമ്പനികൾക്കും എന്തുകൊണ്ട് മരം കൊടുത്തുകൂടാ സർ?

അതുപോലെതന്നെ ഇവിടെ ലക്ഷക്കണക്കിനും കോടിക്കണക്കിനു രൂപ മുതൽമുടക്കുള്ള സ്ററീൽ കോംപ്ലക്സുണ്ട്. കോഴിക്കോട് സ്ററീൽ കോംപ്ലക്സ് 55 ലക്ഷം രൂപയുടെ സെയിൽസ് ടാക്സ് ഗവൺമെൻറിലേയ്ക്ക് കൊടുക്കാനുണ്ട്. വാസ്തവത്തിൽ കമ്പനി സെയിൽസ് ടാക്സ് വാങ്ങിച്ചിട്ടില്ല. സെയിൽസ്ടാക്സ് വാങ്ങിക്കേണ്ടതില്ലെന്ന ധാരണയിൽ സ്ററീൽ വിററു. അത് കഴിഞ്ഞ് ഇപ്പോൾ സുപ്രീം കോടതിയുടെ ഒരു വിധി വന്നപ്പോൾ കഴിഞ്ഞ അഞ്ചാറുകൊല്ലത്തെ സെയിൽസ് ടാക്സ് കണക്കുകൂട്ടിയപ്പോൾ 55 ലക്ഷം രൂപ ഗവൺമെൻറിലേയ്ക്ക് കൊടുക്കണം. ഇതുപോലെ നിരവധി കമ്പനികളുണ്ട്. ഇവർ നിവേദനം കൊടുത്തു. അതിൻമേൽ ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞോ സർ?

സർ, വ്യവസായത്തെ സംബന്ധിച്ച് ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ ഒരു സിഡ്കോ കമ്പനിയുണ്ട്. ചെറുകിട വ്യവസായത്തിന് നന്മ ചെയ്യാൻവേണ്ടി ഉണ്ടാക്കിയ ഒരു കോർപ്പറേഷനാണെന്നാണ് പറയുന്നത്. അവിടത്തെ ചില ഉദ്യോഗസ്ഥൻമാർ നടത്തിയ അഴിമതികൾ ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. പത്തുലക്ഷം രൂപയുടെ കുടശ്ശീലയും കുടക്കമ്പിയും വാങ്ങി സ്റേറാക്ക് ചെയ്ത് സർക്കാർ ഖജനാവ് ധൂർത്തടിക്കുന്നു. 600 ടൺ വിദേശനിർമ്മിതമായ 24 ഗേജ് സി. ആർ. ഷീററ് വാങ്ങി വില നിശ്ചയിച്ച് വിററതിൽ അഞ്ചുലക്ഷത്തി അറുപത്തിനാലായിരം രൂപയാണ് നഷ്ടം വരുത്തിയിരിക്കുന്നത്. സർ, സംസ്ഥാനത്തെ 9 റാമെററീരിയൽ ഡിപ്പോകളിലേയ്ക്കു ട്രാൻസ്പോർട്ട് കോൺട്രാക്ട്, പത്രത്തിൽ പരസ്യം ചെയ്യാതെ രഹസ്യധാരണയിൽ കൊടുത്തുകൊണ്ട് ചിലർ തടിച്ചുകൊഴുത്ത് വരികയാണ്. വലിയ അഴിമതിയാണ് അവിടെ നടക്കുന്നത് സർ. അതുപോലുള്ള അഴിമതി പല സ്ഥലങ്ങളിലും നടക്കുന്നുണ്ട്.

സർ, ഇനി വിദ്യുച്ഛക്തിയെപ്പററി ചില കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുകയാണ്. വളരെ അപകടകരമായ ഒരു നിലയിലാണ് ഇത്. വിദ്യുച്ഛക്തി കേരളത്തിൽ ധാരാളം ഉണ്ടെന്ന് പറഞ്ഞ് വിൽക്കുകയാണ് ചെയ്യുന്നത്. സർ, സിമൻറ് കിട്ടാതെ കേരളം കഷ്ടപ്പെടുകയാണ്. നാം കൊടുക്കുന്ന വിദ്യുച്ഛക്തിക്ക് പകരമായി സിമൻറ് തരണമെന്ന് നമുക്ക് തമിഴ്നാട് ഗവൺമെൻറിനോട് എന്ത്കൊണ്ട് പറഞ്ഞുകൂടാ?

കേരളത്തിലെ റെയിൽവേ വൈദ്യുതീകരിക്കണമെന്ന് പറയുന്നു. വൈദ്യുതീകരണത്തിനുള്ള ഒരു സർവ്വേ നടക്കുകയുണ്ടായി. വിദ്യുച്ഛക്തിയുടെ യൂണിററുവില റെയിൽവേയ്ക്ക് താങ്ങാനാവാത്തവിധത്തിലുള്ളതാണെന്നതർക്കം പറഞ്ഞ് അവർ പിൻമാറിയിരിക്കുകയാണ്. അങ്ങനെ ഒരു ന്യായം കണ്ടുപിടിച്ചിരിക്കുകയാണ്. എന്തുകൊണ്ട് മററു സ്ഥലങ്ങളിൽ കൊടുക്കുന്ന വിദ്യുച്ഛക്തി കുറഞ്ഞ വിലയ്ക്ക് റെയിൽവേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകൊണ്ട് ഇവിടത്തെ റെയിൽവേ വൈദ്യുതീകരിക്കാൻ സാധിക്കുന്നില്ല? അന്യോന്യം വളരെ ബന്ധപ്പെട്ടതും രാജ്യത്തിന്റെ വളർച്ചയ്ക്കും വ്യവസായ വികസനത്തിനും പ്രധാനപങ്കുവഹിക്കുന്ന വ്യവസായവകുപ്പും വിദ്യുച്ഛക്തിവകുപ്പും ഇന്ന് കുത്തഴിഞ്ഞ രീതിയിലാണ് പ്രവർത്തിക്കുന്നത്.

സർ, ചെറുകിട വ്യവസായത്തെക്കുറിച്ച് ഒന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഖാദി വില്ലേജ് ഇൻഡസ്ട്രീസുണ്ട്. വ്യവസായമന്ത്രി അറിയേണ്ട ഒരു കാര്യമുണ്ട്. ഇരുപതിനായിരത്തോളം പാവപ്പെട്ട ആളുകൾ ഇതിന്റെ കീഴിൽ ജോലിചെയ്യുന്നുണ്ട്. അവർക്ക് രണ്ടും രണ്ടരയും രൂപയാണ് കൂലി കിട്ടുന്നത്. ഖാദി കമ്മീഷനുമായി ബന്ധപ്പെട്ട് ഇവർക്ക് പത്തു രൂപയെങ്കിലും കൂലി കിട്ടാനുള്ള ഏർപ്പാടുണ്ടാക്കണം. ഖാദി വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ ഓട്ടു കമ്പനികൾ തുടങ്ങി പല വ്യവസായങ്ങൾക്കുംവേണ്ടി രണ്ടും നാലും കോടി രൂപാ വർഷംതോറും ഈ ഗവൺമെന്റിനു കിട്ടുന്നുണ്ട്. എന്നാൽ അതിനനുസരിച്ചുള്ള എന്തു പ്രവർത്തനമാണ് ഇവിടെ കാര്യമായി നടത്തിയിട്ടുള്ളത്? ആയിരക്കണക്കിന് ആളുകൾക്ക് ഈ രംഗത്ത് തൊഴിൽ കൊടുക്കാൻ കഴിയുമെന്ന് അനുഭവത്തിലൂടെ നാം മനസ്സിലാക്കിയിട്ടുണ്ട്.

അതുപോലെതന്നെ ഇവിടെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുണ്ട്. സംസ്ഥാനഗവൺമെന്റ് 25 ശതമാനവും കേന്ദ്രഗവൺമെന്റ് 75 ശതമാനവും മുതൽ മുടക്കുന്ന ഈ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ 75 ശതമാനവും ഉദ്യോഗസ്ഥൻമാർക്ക് ശമ്പളമായി കൊടുത്തിട്ട് ഇതെല്ലാം തുടങ്ങിയെന്ന് ഒരു വർഷം മുമ്പ് പറയുകയുണ്ടായി. എന്നാൽ അവിടെ ഇപ്പോൾ ഒന്നും നടക്കുന്നില്ല.

(ബഹളം)

...........കേസായി കഴിഞ്ഞു. ഒരു മാസം മുമ്പ് ഉന്നതാധികാരി കമ്മിററി വച്ച് ഗവൺമെന്റ് ഓർഡർ വന്നിട്ടുണ്ട്. ആ കേന്ദ്രങ്ങൾ മര്യാദയ്ക്ക് നടത്താൻ ഇനിയും പലതും ചെയ്യേണ്ടതായിട്ടുണ്ട്. അത് നടത്തി ഈ രാജ്യത്തെ തൊഴിലില്ലായ്മ അവസാനിപ്പിക്കുന്നതിനെക്കുറിച്ച് കാര്യമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, അങ്ങനെ കഴിഞ്ഞ രണ്ടുമൂന്നുകൊല്ലമായി കുത്തഴിഞ്ഞനിലയിൽ നടക്കുന്ന, നഷ്ടത്തിൽ നടക്കുന്ന ഈ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും വിദ്യുച്ഛക്തി വിതരണത്തിന്റെ കാര്യത്തിലുള്ള തകരാറുകൾ അവസാനിപ്പിക്കുകയും ചെയ്യാൻ ശ്രമിക്കണം. അനാസ്ഥ ഒഴിവാക്കി വ്യവസായവളർച്ചയ്ക്കുതകുന്ന പ്രായോഗികമായ നിലയിൽ ഈ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: മി. ഡെ. സ്പീക്കർ സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. വ്യവസായവകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ അതിന്റെ ഗുണങ്ങളും ദോഷങ്ങളും നമ്മുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്നതാണ്. ബഹുമാനപ്പെട്ട ശങ്കരൻകുട്ടി ഇവിടെ പ്രസംഗിച്ചപ്പോൾ 1978-ലെ എക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്ന ചില കണക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ധരിച്ചുകൊണ്ട് വിമർശിക്കാൻ ശ്രമിച്ചു. സർ, വസ്തുതകൾ വസ്തുതകൾ തന്നെയാണ്. അതില്ലന്നൊന്നും പറയാൻ ഇവിടെ ആരും ഒരുക്കമല്ല. എന്നാൽ ഗവൺമെൻറ് കമ്പനികളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ, ഭാഗ്യവശാൽ എന്നുപറയട്ടെ, ചില കമ്പനികളിൽ മെച്ചപ്പെട്ട സ്ഥിതി വിശേഷം കാണുന്നത് സ്വാഗതാർഹമായി കണക്കാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഉദാഹരണമായി ഹോൾഡിംഗ് കമ്പനികളുടെ കാര്യം തന്നെ എടുക്കാം. ഹോൾഡിംഗ് കമ്പനികളുടെ കീഴിൽ ആറ് സബ്സിഡിയറി കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ട്രാവൻകൂർ റബർ വർക്സ്, കേരളാ സിറാമിക്സ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കേരളാ ഇലക്ട്രിക്കൽ ആൻറ് അലൈഡ് ഇൻഡസ്ട്രീസ്, കേരളാ സോപ്സ് ആൻറ് ഓയിൽസ് ലിമിററഡ്, കേരളാ ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ്—ഈ ആറ് കമ്പനികളുടേയും 1977-79 വർഷങ്ങളിലെ പ്രവർത്തനം വിലയിരുത്തിയാൽ ഉൽപ്പാദനത്തിൻെറ കാര്യത്തിൽ വളരെയേറെ പുരോഗതി ഉണ്ടായി എന്ന് മനസ്സിലാക്കാൻ സാധിക്കും. 1977-78 ൽ 839.49 ലക്ഷം രൂപയുടെ ഉത്പാദനമുണ്ടായിരുന്ന ഈ കമ്പനികളിൽ 1978-79 ൽ 1208.64 ലക്ഷം രൂപയുടെ ഉൽപ്പാദനമാണ് ഉണ്ടായിട്ടുള്ളത്. അതുപോലെതന്നെ വില്പന രംഗവും. ഈ കമ്പനികളിൽ 1977-78 ൽ 931.33 ലക്ഷം രൂപയുടെ സെയിൽസ് നടന്ന സ്ഥാനത്ത് 78-79 ൽ 1169.54 ലക്ഷം രൂപയുടെ വില്പന നടന്നിട്ടുണ്ട്. ഈ നിലയിൽ നോക്കുമ്പോൾ ഈ കമ്പനികളിൽ കുറെ മെച്ചമുണ്ടായിട്ടുണ്ടെന്ന് നമുക്ക് കാണാൻ സാധിക്കും. പക്ഷേ അതേ അവസരത്തിൽ ഇതിൻെറ നഷ്ടവും കുറച്ചൊക്കെ വർദ്ധിച്ചേക്കാനിടയുണ്ട്. നഷ്ടം വരുന്നതിൻെറ പ്രധാനകാരണം, എക്സൈസ് ഡ്യൂട്ടിയിലുള്ള വർദ്ധനവാണ്. സർ, ഗവൺമെൻറുടമയിലുള്ള കമ്പനികൾ നന്നാക്കിക്കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് നടത്തുന്നത് എന്ന് ഇതിൽനിന്നും വ്യക്തമാകുന്നതാണ്. എന്നുവച്ച് എല്ലാം വളരെ സ്വാഗതാർഹമായ നിലയിലാണ് നടക്കുന്നതെന്നൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഗവൺമെൻറുടമയിലുള്ള കമ്പനികൾക്ക് പല ദോഷവശങ്ങളുമുണ്ട്. അതുകണ്ടറിഞ്ഞ് പരിശോധിക്കാനും പരിഹരിക്കാനും ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ശ്രമിക്കണമെന്നാണ് എൻെറ അഭിപ്രായം.

സർ, ചെറുകിട വ്യവസായങ്ങൾക്ക് വളരെയേറെ പ്രോൽസാഹനം കൊടുക്കുന്ന ഒരു സംസ്ഥാനമാണ് മഹാരാഷ്ട്ര. മഹാരാഷ്ട്രാ ഗവൺമെൻറ് നൽകുന്നതുപോലെയുള്ള പ്രോൽസാഹനം ഇൻഡ്യയിലെ മററ് ഒരു സംസ്ഥാനവും നൽകുന്നില്ല. ഒരു കൊച്ചു സംസ്ഥാനമായ കേരളവും അതിൻെറ പരിമിതമായ സാമ്പത്തിക കഴിവിനുള്ളിൽ നിന്നുകൊണ്ട് വളരെയേറെ സഹായങ്ങൾ ചെയ്യുന്നുണ്ടെന്നുള്ളതും നിഷേധിക്കാനൊക്കുകയില്ല. എങ്കിലും ഇനിയും ആ രംഗത്ത് കുറേക്കൂടി കാര്യങ്ങൾ ചെയ്യണമെന്നാണ് എൻെറ അഭിപ്രായം. നമ്മൾ സെയിൽസ് ടാക്സ് എക്സംപ്ഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 1979 ഏപ്രിൽമാസം മുതൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സെയിൽസ് ടാക്സ് എക്സംപ്ഷൻ നൽകാൻ തീരുമാനിച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്. ചെറുകിടവ്യവസായങ്ങൾക്ക് കൊടുത്തിട്ടുള്ള ലോൺ തിരിച്ചുപിടിക്കാൻ നടപടിയെടുത്തിരിക്കുന്ന ഈ സന്ദർഭത്തിൽ വ്യാവസായികമായി വളരെയധികം വിഷമതയനുഭവിക്കുന്ന, വ്യാവസായികമായി വളരെയധികം ക്ഷീണിച്ചിട്ടുള്ള നമ്മുടെ ചെറുകിട വ്യവസായങ്ങൾക്കുകൂടി ഈ ഇളവനുവദിച്ച് അവയെ രക്ഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങളുടെ കാര്യത്തിൽ ഉള്ള വലിയ വിഷമത വർക്കിംഗ് ക്യാപ്പിററൽ ലഭ്യമാക്കാനുള്ള വിഷമതയാണ്. ബാങ്കുകാർ വ്യവസായികൾക്ക് വർക്കിംഗ് ക്യാപ്പിററൽ നൽകുന്നില്ല. അതിനു പ്രധാന കാരണമായി അവർ പറയുന്നത് കൊളാറററൽ സെക്യൂരിററി വയ്ക്കാൻ ചെറുകിട വ്യവസായികൾക്ക് സാധിക്കുന്നില്ല എന്നതാണ്. സർ, കൊളാറററൽ സെക്യൂരിററി കൊടുക്കാൻ നമ്മുടെ ചെറുകിട വ്യവസായികൾക്ക് സാധിക്കുമെന്ന് തോന്നുന്നില്ല. കൊളാറററൽ സെക്യൂരിററി കൊടുക്കാൻ ഇവർക്ക് ഈ വ്യവസായ സ്ഥാപനവും അതിനോടു ബന്ധപ്പെട്ട മെഷീനറിയും മാത്രമേ കാണുകയുള്ളു. പക്ഷേ അതെല്ലാം ഗവൺമെൻറ് രണ്ടും മൂന്നും തവണയായി കൊടുക്കുന്നതുകൊണ്ട് ബാങ്കുകാർ അത് കൊളാറററൽ സെക്യൂരിററിയായി സ്വീകരിക്കാൻ സമ്മതിക്കുന്നില്ല, ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് നമ്മുടെ ചെറുകിട വ്യവസായ സ്ഥാപനങ്ങളൊക്കെ നിലനിൽക്കണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നെങ്കിൽ ഈ കൊളാറററൽ സെക്യൂരിററി ഗവൺമെൻറുതന്നെ ഓഫർ ചെയ്തുകൊണ്ട് വർക്കിംഗ് കാപ്പിററലിനുള്ള സാമ്പത്തികസഹായം ബാങ്കുകളിൽ നിന്നും വാങ്ങിച്ചുകൊടുക്കാനുള്ള ഒരു പദ്ധതികൂടി ഗവൺമെൻറ് ആവിഷ്കരിക്കണം. അല്ലാതെ മുന്നോട്ടുപോയാൽ നമ്മുടെ ചെറുകിട വ്യവസായങ്ങൾക്ക് വലിയൊരു ഭാവിയൊന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൂടാ. ഗവൺമെൻറ് നൽകുന്ന ആനുകൂല്യങ്ങൾ വളരെ സ്വാഗതാർഹമാണ്, പ്രശംസനീയമാണ്. അതേയവസരത്തിൽതന്നെ ഇന്ന് ചെറുകിട വ്യവസായസ്ഥാപനങ്ങൾ അനുഭവിക്കുന്ന വിഷമതകൾ കണ്ടെത്തി അവയ്ക്ക് പരിഹാരം കാണാനുള്ള ശ്രമവുംകൂടി നടത്തണമെന്നാണെൻെറ അഭ്യർത്ഥന.

മറെറാരുകാര്യം പറയാനുള്ളത്, ഇലക്ട്രിസിററി ടാരിഫിനെക്കുറിച്ചാണ്. ഇലക്ട്രിസിററി ടാരിഫ് പുതിയ വ്യവസായികൾക്ക് യൂണിററിന് 10 പൈസ മതി എന്ന് ഗവൺമെൻറ് തീരുമാനിച്ചതായി അറിയുന്നു. കാർഷികാവശ്യങ്ങൾക്ക് ചുമത്തിയിട്ടുള്ള അതേ ടാരിഫ് റേററുതന്നെ ചെറുകിടവ്യവസായികൾക്കും നൽകണമെന്നാണെൻെറ വിനീതമായ അഭിപ്രായം. മഹാരാഷ്ട്രാ ഗവൺമെൻറാണ് ഇൻഡ്യയിൽ ചെറുകിട വ്യവസായികൾക്ക് ഏററവും കൂടുതൽ സഹായങ്ങൾ നൽകുന്നത് എന്നു ഞാൻ പറഞ്ഞല്ലോ. മഹാരാഷ്ട്രാ ഗവൺമെൻറിൻെറ കണക്കുപ്രകാരം പരമാവധി രണ്ടരക്കോടി രൂപയുടെ ആനുകൂല്യങ്ങളാണ് അവിടെ നൽകുന്നത്. സാമ്പത്തികമായി വളരെയേറെ വൈഷമ്യമുണ്ടെങ്കിലും അതുപോലെ ഇവിടെയും സഹായങ്ങൾ ചെയ്തുകൊടുക്കുകയാണെങ്കിൽ ഇവിടെ ധാരാളം ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനും തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ ആശ്വാസം നൽകാനും നമുക്ക് സാധിക്കും. ഈ കാര്യങ്ങൾ ഗവൺമെൻറ് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മറെറാന്ന് പറയാനുള്ളത് റാ മെററീരിയൽസിനെ സംബന്ധിച്ചാണ്. സിമൻറിൻെറ കാര്യം തന്നെയെടുക്കാം. ഇവിടെ ഒരു ക്വാർട്ടറിൽ 3 ലക്ഷം ടൺ ആവശ്യമുള്ളിടത്ത് നമുക്ക് ലഭിക്കുന്നത് വെറും 2 ലക്ഷം ടൺ ആണ്. ഒരു ലക്ഷം ടൺ കിട്ടുന്നില്ലെന്നും അതിൻെറ ഫലമായി നമ്മുടെ പല വ്യവസായ സ്ഥാപനങ്ങൾക്കും വിഷമതകൾ ഉണ്ടെന്നും ഗവൺമെൻറിനറിയാം. എന്നാൽ സിമൻറ് വിതരണത്തിൻെറ കാര്യത്തിലും ഗവൺമെൻറ് പല നടപടികളും കൈക്കൊണ്ടിട്ടുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അത് മുൻവിധിയോടുകൂടി നോക്കിക്കാണുന്നില്ല. വ്യവസായികൾക്ക് ആവശ്യമായ സിമൻറ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗവൺമെൻറ് കൈക്കൊള്ളുമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

പാരഫിൻ വാക്സ് നമുക്ക് കിട്ടുന്നത് വളരെ കുറവാണ്. എന്നാൽ പല ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും നൽകുന്ന ഈ പാരഫിൻ വാക്സ് ഇന്ന് മാർക്കററിലുള്ള വർദ്ധിച്ച വിലയെ കണക്കിലെടുത്തുകൊണ്ട് ബ്ലാക്ക് മാർക്കററിൽ പോകുന്നത് തടയാൻ ഗവൺമെൻറ് ശക്തിയായ നടപടികൾ എടുക്കണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു ചാക്ക് പാരഫിൻ വാക്സിന് 200-250 രൂപ വരെ അധികം ഗവൺമെൻറിന്റെ നിയന്ത്രിത വിലയേക്കാൾ കിട്ടുന്നതുകൊണ്ട് ഗവൺമെൻറ് കൺട്രോളിൽ കിട്ടുന്ന അലോട്ടുമെൻറ് ദുരുപയോഗപ്പെടുത്തി അതിൽനിന്നും പണമുണ്ടാക്കാൻ ചില വ്യവസായ യൂണിററുകൾ ശ്രമിക്കുന്നുണ്ട്. അത് വേണ്ടവിധത്തിൽ തടയാൻ ഗവൺമെൻറ് നടപടികൾ എടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെതന്നെ കേന്ദ്രഗവൺമെൻറ് എടുക്കുന്ന ചില നടപടികൾ കൊണ്ട് കേരളത്തിലെ ചില വ്യവസായ സ്ഥാപനങ്ങൾക്ക് വിഷമതകൾ ഉണ്ടാകുന്നുണ്ട്. ഉദാഹരണമായി പഞ്ചസാര ഇതുവരേയും കൺട്രോൾ നിലവാരത്തിലായിരുന്നു. പെട്ടെന്ന് ഗവൺമെൻറ് ഡീ-കൺട്രോൾ പ്രഖ്യാപിച്ചു. ഡീ കൺട്രോൾ പ്രഖ്യാപിച്ചതിന്റെ ഫലമായി ഏതാണ്ട് 75 രൂപാ നിലവിലുള്ള റേററിൽ കുറവുവന്നു. നമ്മുടെ സംസ്ഥാനത്തുള്ള മൂന്ന് പഞ്ചസാര മില്ലുകളിൽ രണ്ടെണ്ണത്തിൽ ലാഭമുണ്ടാക്കുക എന്നുള്ളത് വളരെ ശ്രമകരമായ കാര്യമാണ്. മന്നം ഷുഗർമില്ലും ട്രാവൻകൂർ ഷുഗർമില്ലും അതേസംബന്ധിച്ച് വലിയ വിശ്വാസമൊന്നും വച്ചുപുലർത്തിയതുകൊണ്ട് കാര്യമില്ല. എന്നാൽ ചിററൂർ ഷുഗർമില്ലിനെ സംബന്ധിച്ചിടത്തോളം അത് നല്ല പ്രോഗ്രസും നല്ല നേട്ടങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുകയായിരുന്നു. ആ സന്ദർഭത്തിലാണ് ഇൻഡ്യാഗവൺമെൻറിന്റെ നടപടിമൂലം 100 രൂപാ മുതൽ 108 രൂപാ വരെ വില നിശ്ചയിക്കാനേ പാടുള്ളൂ എന്ന സ്ഥിതി വന്നത്. അത് ഇതുവരെയും നമ്മൾ പിൻതുടരുന്ന 130 രൂപ എന്നതിൽ നിന്നും 28 ഓളം രൂപ നമുക്കുകുറവുവരും. ഇതിൽ ചിററൂർ ഷുഗർ മില്ലിനുള്ള വിഷമതകൾ ഗവൺമെൻറ് കണക്കിലെടുക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, മറെറാരുകാര്യം നമ്മുടെ വ്യവസായ സംരംഭങ്ങളെ സംബന്ധിച്ചാണ്. ഇന്ന് കേരളീയരായ പല വ്യവസായികളും മററു സംസ്ഥാനങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. പലപ്പോഴും വേണ്ടത്ര സഹകരണമോ, പ്രോൽസാഹനമോ നമ്മുടെ സംസ്ഥാനത്തുനിന്നും ലഭിക്കുന്നില്ലെന്നുള്ള ഒരു മനോഭാവം അവർക്കുണ്ട്. ഇതു മുഴുവനും ശരിയാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ പലപ്പോഴും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ആളുകളിൽനിന്നും ഉണ്ടാകുന്ന നിസ്സഹകരണമോ, അല്ലെങ്കിൽ വ്യവസായാവശ്യങ്ങൾക്ക് ഒഴിച്ചുകൂടാനാവാത്ത മററ് സഹായങ്ങൾ ലഭിക്കാത്തതുകൊണ്ടോ പലപ്പോഴും വ്യവസായങ്ങൾ തുടങ്ങാൻ അവർക്ക് വിഷമതകൾ ഉണ്ടാകുന്നുണ്ട്. ഉദാഹരണമായി ഇവിടത്തെ വൻ വ്യവസായങ്ങളെ വളരെ ദോഷകരമായി ബാധിക്കുന്ന ഒന്ന് വിദ്യുച്ഛക്തി വിതരണത്തിലുള്ള തകരാറാണ്. പലപ്പോഴും പൗവ്വർ ഫെയിലുവർ ഉണ്ടാകുന്നു. പൗവ്വർ ഫെയിലുവർ അനുഭവിക്കാത്ത ഒരൊററ വ്യവസായ സ്ഥാപനവും കേരളത്തിൽ ഉണ്ടോ എന്ന് സംശയമാണ്. എന്താണ് ഈ പൗവ്വർ ഫെയിലുവറിന് കാരണമെന്ന് ഇലക്ട്രിസിററി വകുപ്പിന്റെ ചാർജുവഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി വേണ്ടവണ്ണം പരിശോധിക്കണമെന്നുപറയാൻ ഞാൻ ആഗ്രഹി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. പൗവ്വർ ഫെയിലുവർ ഇന്ന് ഇലക്ട്രിസിറ്റി ബോർഡിലുള്ള യൂണിയനുകൾ തമ്മിലുള്ള പൗവ്വർ സ്ട്രഗിൾ കൊണ്ടാണോ എന്നുള്ള കാര്യവുംകൂടി പരിശോധിക്കണമെന്നു പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഈ പൗവ്വർ ഫെയിലുവർ കൊണ്ടു മാത്രം നിരവധി വ്യവസായ സ്ഥാപനങ്ങൾക്ക് കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്. ഉൽപ്പാദനം കുറയുന്നുണ്ട്. അതിന്റെ ഫലമായി മാർക്കറ്റിലുള്ള ഓർഡറിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. നമ്മൾ പലപ്പോഴും അഭിമാനം കൊള്ളാറുണ്ട്; വിദ്യുച്ഛക്തിയുടെ കാര്യത്തിൽ നമ്മൾ സ്വയം പര്യാപ്തരാണെന്ന്. പക്ഷേ സ്വയം പര്യാപ്തമായ ഈ സംസ്ഥാനത്ത് ഇത് എങ്ങനെ വന്നു എന്നുള്ളത് വളരെ അത്ഭുതകരമായിരിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ച ചില കാര്യങ്ങൾ പറയാതിരിക്കുന്നത് ഒരു നിയമസഭാംഗം എന്നുള്ള നിലയ്ക്ക് കൃത്യവിലോപം ആയിരിക്കുമെന്ന് കരുതുന്നതുകൊണ്ട് ചില കാര്യങ്ങൾ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡിൽ വളരെയധികം കാര്യക്ഷമതാരാഹിത്യവും അച്ചടക്കമില്ലായ്മയും കൊടികുത്തി വാഴുകയാണ്. ഇലക്ട്രിസിറ്റി ബോർഡിലെ ഒരു ജീവനക്കാരൻ യഥാസമയം ജോലി ചെയ്തില്ലെങ്കിൽ മേലുദ്യോഗസ്ഥന് ചോദ്യം ചെയ്യാൻ നിവൃത്തിയില്ലാത്ത ഒരു ഘട്ടമാണ് അവിടെയുള്ളത്. ഒരു ദിവസം ഒരു ജീവനക്കാരൻ ആബ്സന്റായാൽ ആ ആബ്സന്റ് റഗുലറൈസ് ചെയ്യാൻ ഒരു ഹർജി വേണമെന്ന് ആവശ്യപ്പെട്ടാൽ അതിന് ധിക്കാരപൂർവമായ മനോഭാവമാണ് അവർ കാണിക്കുന്നത്. അതുപോലെതന്നെ ഈ ചുവപ്പുനാട എന്നതിൽ കുരുങ്ങിക്കിടക്കുകയാണ് നമ്മുടെ ഇലക്ട്രിസിറ്റി ബോർഡ്. ഒരുദ്യോഗസ്ഥൻ ജോലിചെയ്യുമ്പോൾ ആ ആളിന് ആവശ്യമായ കാര്യങ്ങൾ തൊട്ടടുത്ത കസേരയിന്മേൽ ഇരിക്കുന്ന ജീവനക്കാരനിൽനിന്നും കിട്ടണമെങ്കിൽ ഈ ആള് അയാൾക്ക് കത്തയയ്ക്കണം. എഴുത്തെഴുതി, ടൈപ്പ് ചെയ്ത് പോസ്റ്റ് ചെയ്ത് കിട്ടിയാൽ മാത്രമേ തൊട്ടടുത്ത സീറ്റിൽ ഇരിക്കുന്ന ഉദ്യോഗസ്ഥനിൽനിന്നും വിവരം ലഭിക്കുകയുള്ളൂ. എന്തിന് സർ, ഈ റെഡ് ടേപ്പിസവുമായി ഈ ബോർഡ് ഇങ്ങനെ നിൽക്കുന്നത്? എത്ര കാലമായി ഇതൊന്ന് പരിഹരിക്കണമെന്ന് ആഗ്രഹിക്കുന്നു. എന്നിട്ട് ഗവൺമെന്റിന് സാധിച്ചിട്ടില്ല. അതുപോലെതന്നെ ശരിയായ പ്ലാനിംഗ് ഇല്ലാത്തതുകൊണ്ട് വളരെയധികം ദുരവസ്ഥ ഈ ഇലക്ട്രിസിറ്റി ബോർഡിലുണ്ട്. ഉദാഹരണമായി കണക്ഷനുവേണ്ടി ആവശ്യപ്പെട്ടാൽ ഡിസ്ട്രിബ്യൂഷന് ആവശ്യമായ കാലില്ല, കാലില്ല എന്നാണ് പറയുന്നത്. കോഴിക്കോട് ഇലക്ട്രിസിറ്റി ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ കോഴിക്കോട് റീജിയനൽ തൃശ്ശൂർ മുതൽ കാസർകോട് വരെയുള്ള ഭാഗത്തിന് ഒരു ലക്ഷം കാലുകൾ തയ്യാറാക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചു. എന്നിട്ട് വെറും അയ്യായിരം കാലുകൾ മാത്രമേ അവർക്ക് തയ്യാറാക്കാൻ സാധിച്ചിട്ടുള്ളൂ. പണം ഇല്ലാത്തതുകൊണ്ടാണോ? ജീവനക്കാർ ഇല്ലാത്തതുകൊണ്ടാണോ? ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടാണോ? അതൊന്നുംകൊണ്ടല്ല. കൃത്യമായി ജോലിചെയ്യാനുള്ള മനോഭാവമോ ജോലി ചെയ്യിക്കാനുള്ള മനോഭാവമോ ഇല്ലാത്തതുകൊണ്ടാണെന്നു പറഞ്ഞാൽ അതിൽ യാതൊരു അസത്യവുമില്ല. എന്തിനേറെ പറയുന്നു നമ്മുടെ നാഷണൽ ഹൈവേയിൽ കൊച്ചിൻ ബൈപാസ്സിൽ അവിടെ വൈറ്റില സബ്സ്റ്റേഷനോടനുബന്ധിച്ച് കുറച്ച് സ്ഥലം അക്വയർ ചെയ്യാൻ ഗവൺമെന്റ് ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ ബഡ്ജറ്റിൽതന്നെ തുക വകയിരുത്തുകയുണ്ടായി. 72 മുതൽ ആരംഭിച്ചിട്ടുപോലും ആ വൈററില സബ് സ്റേറഷനിലെ ബൈപാസ് ശരിയാക്കാനുള്ള റോഡിന്റെ അക്വിസിഷൻ നടപടികൾ ഒന്നും ചെയ്തിട്ടില്ലെന്നുള്ളത് ദുഃഖകരമായ പരമാർത്ഥമാണ്. ട്രാൻസ്ഫറിന്റെ കാര്യം നോക്കിയാൽ ഇലക്ട്രിസിററി ബോർഡിലെ ജീവനക്കാർ തിരുവനന്തപുരം നഗരം വിട്ട് വേറെ എവിടെയും പോകുകയില്ല. മലബാർ ഭാഗത്തുവന്ന് ജോലിചെയ്യാൻ ഇലക്ട്രിസിററി ബോർഡിലെ ജീവനക്കാർ ഒരുക്കമല്ല. എന്തുകൊണ്ടാണ് ഈ ജീവനക്കാരെ ആവശ്യമുള്ളിടത്ത് ജോലിക്കയക്കാൻ ബോർഡിന് സാധിക്കാത്തത് എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ അടുത്തകാലത്ത് 15 ഓവർസിയർമാരെ മലബാർ ഭാഗത്തേക്ക് ട്രാൻസ്ഫർചെയ്തു. ഞാൻ കേട്ടതുശരിയാണെങ്കിൽ 5 പേർ വി. ഐ. പി. സിന്റെ അനുഗ്രഹത്തോടുകൂടിയും ബാക്കി 5 പേർ ഇലക്ട്രിസിററി ബോർഡിലെ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാരുടെ പേരിലും ട്രാൻസ്ഫറിൽനിന്ന് ഒഴിഞ്ഞുമാറി. ബാക്കി 5 പേർ ലീവെടുത്തും പോയി. അങ്ങനെ മലബാർ ഭാഗത്തേക്ക് വരേണ്ടതായ 15 ഓവർസിയർമാരെ ലഭിച്ചില്ല. എല്ലാ കാര്യങ്ങളിലും ഗവൺമെൻറ് ഇലക്ട്രിസിററി ബോർഡ് നന്നാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു എന്ന് പറയാറുണ്ട്. ഇതു പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് സഞ്ജയൻ എന്ന ഹാസ്യസാഹിത്യകാരന്റെ ഒരു തമാശയാണ്. സഞ്ജയൻ ഒരു തമാശയെഴുതി. ഒരു ഫുഡ്ബോൾ കമൻററി. ചൊക്ലിയിൽ എങ്ങാനും നടന്ന ഫുട്ബോൾ കമൻററിയെപ്പററി ''സെൻറർ ഫോർവേഡ് ലെഫ്ററ് ഔട്ടിന് കൊടുത്തു. ലെഫ്ററൗട്ട് സെൻറർ ഫോർവേഡിന് കൊടുത്തു. അങ്ങനെ അവരെല്ലാം മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുന്നു. ഇതാ ഗോൾ മുഖത്ത് പന്തെത്തി ഗോൾകീപ്പർ ഓടിച്ചാടി, പക്ഷേ ഒന്നും സംഭവിച്ചില്ല.'' എന്നിട്ട് സഞ്ജയൻ പറഞ്ഞു. ഈ ഫുട്ബോൾ കളി നടന്നുകൊണ്ടിരിക്കുമ്പോൾ ആ പന്ത് ഗ്രൗണ്ടിന്റെ നടുവിൽ യാതൊരു അനക്കവുമില്ലാതെ അങ്ങനെ തന്നെ കിടക്കുകയായിരുന്നു. നമ്മുടെ ഇലക്ട്രിസിററി ബോർഡ് ഏതാണ്ട് അതുപോലെയാണ്. മന്ത്രിമാർ നയങ്ങൾ രൂപവൽക്കരിക്കുന്നു. ഗവൺമെൻറ് പണം അലോട്ടുചെയ്യുന്നു. പുതിയ ചെയർമാൻ വരുന്നു; ഉദ്യോഗസ്ഥൻ വരുന്നു; പദ്ധതികൾ ആവിഷ്കരിക്കുന്നു. പക്ഷേ ഇലക്ട്രിസിററി ബോർഡിനുവേണ്ടി ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്താനോ, അത് ക്രമീകരിക്കാനോ ജനങ്ങളുടെ ആവശ്യത്തിനൊത്ത് അത് വിജയിപ്പിക്കാനൊ, ഇതുവരെ സാധിച്ചിട്ടില്ല. ഈ ദുഃഖകരമായ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കാൻ ഗവൺമെൻറ് ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുന്നുവെന്ന് ഞങ്ങൾക്ക് നല്ലപോലെ അറിയാം. ആ ശ്രമങ്ങൾ വിജയിക്കട്ടെ എന്നു പറയുകയും, ഈ രാജ്യത്തെ വ്യവസായ വികസനത്തിനും, നാട്ടുകാരുടെ ആവശ്യത്തിനും അനുപേക്ഷണീയമായ വൈദ്യുതി വേണ്ടവിധത്തിൽ സപ്ലൈ ചെയ്യാനും അതിന്റെ ആനുകൂല്യങ്ങൾ ലഭിക്കാനും കേരളീയർക്ക് ഭാഗ്യം ഉണ്ടാകുന്നനിലയിൽ ഗവൺമെൻറ് നടപടികൾ എടുത്തുവരുന്നത് വിജയിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീ. ആർ. എസ്. ഉണ്ണി:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. അഖിലേൻഡ്യാ ശരാശരി വരുമാനത്തെക്കാൾ കുറവാണ് നമ്മുടെ പ്രതിശീർഷവരുമാനം, തൊഴിലില്ലായ്മ രൂക്ഷതരമാണ്. വർഷംതോറും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്ററർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. അതിനേക്കാൾ എത്രയോ കൂടുതലാണ് തൊഴിലില്ലാതെ അലഞ്ഞുനടക്കുന്നവരുടെ എണ്ണം. സർ, ഭൂപരിഷ്കരണനിയമം നടപ്പാക്കി. സമൂഹത്തിന്റെ അടുത്ത ഘട്ടത്തിലേക്കുള്ള പുരോഗതിക്ക് ആവശ്യമായ പല പദ്ധതികളും ആവിഷ്കരിക്കുന്നു. വ്യവസായവൽക്കരണം പരമപ്രധാനമാണ്. വ്യവസായവൽക്കരണത്തെപ്പററി ആലോചിക്കുമ്പോൾ വ്യവസായരംഗം ഇന്ന് എന്താണ് എന്നുള്ളതിനെപ്പററി നാം പരിശോധിച്ചേപററൂ. പ്രശ്നങ്ങൾകൊണ്ട് സങ്കീർണ്ണമാണ് ആ രംഗം. സങ്കീർണ്ണങ്ങളായ ആ പ്രശ്നങ്ങൾ പരിഹരിച്ചെങ്കിൽ മാത്രമേ നമ്മുടെ രാജ്യത്ത് വ്യവസായവൽക്കരണം ആഗ്രഹിക്കുന്നതുപോലെ പുരോഗമിക്കൂ. അതേപ്പററി പറയുന്ന അവസരത്തിൽ നമ്മുടെ രാജ്യത്ത് വ്യവസായവൽക്കരണത്തിന്റെ കാര്യത്തിൽ പൊതുമേഖല വഹിച്ച പങ്കിനെപ്പററി പറയാതിരിക്കാൻ ഒക്കുകയില്ല. പൊതുമേഖലകൾ വ്യവസായരംഗത്ത് വളരെ സുപ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളത്. പൊതുമേഖലയിൽ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മെച്ചങ്ങൾ നാം പരിശോധിക്കേണ്ടതാണ്. എന്റെ കയ്യിൽ ഒരു കണക്കുണ്ട്. 1967-ൽ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ഫാക്ടറികൾ 2827 ആണ്. അതിൽ ഒരു ദിവസം ശരാശരി ജോലി കിട്ടിയിട്ടുള്ള ആളുകളുടെ എണ്ണം 3,02,348 ആണ്. 1975-ൽ പ്രവർത്തിച്ചിരുന്ന ഫാക്ടറികൾ 6921-ം തൊഴിൽ കിട്ടിയവർ 281201-ം ആയിരുന്നു. 1977-ൽ ഫാക്ടറികളുടെ എണ്ണത്തിൽ ആയിരത്തോളം വർദ്ധനവ് ഉണ്ടായിരുന്നു. 7625 ഫാക്ടറികൾ. ഒരു ദിവസം തൊഴിൽ കിട്ടിയ ആളുകളുടെ എണ്ണം 2,85,586-ം ആണ്. ഇത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉണ്ടായിരുന്നതാണ്.

ഇൻഡസ്ട്രിയൽ യൂണിററുകളുടെ കാര്യം പരിശോധിക്കാം. 1967-ൽ നമ്മുടെ സംസ്ഥാനത്ത് 3253 ഇൻഡസ്ട്രിയൽ യൂണിററുകൾ രജിസ്ററർ ചെയ്തിട്ടുണ്ട്. എന്നാൽ 1978 മാർച്ചിൽ 12118 യൂണിററുകൾ രജിസ്ററർ ചെയ്തു. രജിസ്ററർ ചെയ്ത ഇൻഡസ്ട്രിയൽ യൂണിററുകളുടെ എണ്ണം വർദ്ധിച്ചു. പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം വർദ്ധിച്ചു. എന്നാൽ ഒരു ദിവസം ജോലി കിട്ടുന്ന ശരാശരി തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇതാണ് നമ്മുടെ വ്യവസായത്തിൽ ഇന്ന് നിലവിലുള്ള ഒരു ചിത്രം.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നാം ഒന്ന് പരിശോധിക്കേണ്ടതാണ്. 1976.77 വർഷവും 1977-78 വർഷവും തമ്മിലുള്ള താരതമ്യ പഠനം ഈ കാര്യത്തിൽ ആവശ്യമാണ്. ഗവൺമെന്റ്. ഉടമയിൽ മാത്രമുള്ള കമ്പനികളിൽ 1976.77-ൽ ഉള്ള മൊത്തം നഷ്ടം 75,48,000 രൂപയാണ്. 1977-78-ൽ അതിന്റെ മൊത്തം നഷ്ടം 1,74,37,000 രൂപയാണ്. ആ ഒരു വർഷം മുടക്കിയിട്ടുള്ള മൂലധനം 1,71,95,000 രൂപയാണ്. എന്നാൽ ഗവൺമെന്റ് ഉടമയിൽ നടക്കുന്ന വ്യവസായസ്ഥാപനങ്ങളിലെ സെയിൽസ് ടേണോവർ വർദ്ധിച്ചിട്ടുണ്ട് എന്നാണ് കണക്ക്. വർദ്ധിച്ച സെയിൽസ് ടേണോവർ 172 ലക്ഷം രൂപയാണ്. 1976-77-ൽ നിന്നും ഈ കമ്പനികളുടെയെല്ലാം സെയിൽസ് ടേണോവർ വർദ്ധിച്ചത് 172 ലക്ഷം രൂപയാണ്. ആ വർഷം മൂലധനം മുടക്കിയത് 171 ലക്ഷം രൂപയാണ്. സെയിൽസ് ടേണോവറിൽ വന്ന വർദ്ധനവ് ഒരു ലക്ഷം രൂപമാത്രമാണ്. ഏറെക്കുറെ തുല്യമായിട്ടുള്ള അവസ്ഥ ഇതൊരു ആരോഗ്യകരമായ പുരോഗതിയാണെന്ന് അവകാശപ്പെടാൻ നിർവ്വാഹമില്ല. 1976-77-ൽ ഈ കമ്പനികളുടെ ആകെ നഷ്ടംഇരട്ടിയല്ല, അതിൽ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിക്കുന്നു. ഇതാണ് പൂർണ്ണമായും ഗവൺമെൻറ് ഉടമയിലുള്ള കമ്പനികളുടെ ഒരു ചിത്രം. ഇതിന് പല കാരണങ്ങളാണ്. ഹോൾഡിംഗ് കമ്പനികൾ വന്നു. അതിൻെറ പ്രവർത്തനം കാര്യക്ഷമമായി നീക്കി. അതിൻെറയും കണക്കുകൾ ഉണ്ട്. അവിടെയും നാം ഊററം കൊള്ളുന്നത് സെയിൽസ് ടേണോവർ വർദ്ധിച്ചു എന്നുള്ളതിലാണ്. അതിൽ ലാഭത്തിൽ നടക്കുന്ന ഒരു കമ്പനിയുണ്ട്. ആലപ്പുഴയിലുള്ള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ്. ആ കമ്പനിയുടെ ലാഭം നാലു ലക്ഷത്തിൽ നിൽക്കുകയാണ്. അത് വടക്കുനോക്കി യന്ത്രം പോലെ ഒരു വ്യത്യാസവും ഇല്ലാതെ നിൽക്കുകയാണ്. നാലുലക്ഷത്തിൽ നിന്നും അതിൻെറ ലാഭത്തിൽ ഒരു വ്യത്യാസവും വന്നിട്ടില്ല. 1975-76-ൽ ഈ കമ്പനികളുടെ ആകെ നഷ്ടം 95,81,000 രൂപയാണ്. 1976-77-ൽ ഈ നഷ്ടം 1,79,37,000 രൂപയാണ്. ഇതാണ് ഹോൾഡിംഗ് കമ്പനികളുടെ സ്ഥിതി. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ടി പ്രത്യേക സംവിധാനം ഉണ്ടാക്കി പ്രവർത്തിച്ചതിൻെറ ഫലമായി, നേട്ടമായി നമുക്ക് കാണാൻ കഴിയുന്നത് ഇതാണ്. ഈ കമ്പനികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധിച്ചാൽ ചില കാര്യങ്ങൾ ബോദ്ധ്യമാകും. ഒന്ന്, കമ്പനികളുടെ ഉൽപ്പാദനശേഷി നാം പൂർണ്ണമായി വിനിയോഗിക്കുന്നില്ല. രണ്ട്, ഉൽപ്പാദനക്ഷമതതന്നെ നിലനിർത്താൻ കഴിഞ്ഞിട്ടില്ല. മൂന്ന്, ഇതിൻെറ മാർക്കററിംഗ് കാര്യങ്ങളിൽ പല പോരായ്മകളുമുണ്ട്. ഇതിൻെറ മാനേജുമെൻറിൻെറ കാര്യത്തിലും ചില പോരായ്മകളുണ്ട്. ഉദ്യോഗസ്ഥൻമാരുടെ ബഹുഭൂരിപക്ഷം അടങ്ങുന്ന ഒരു ബോർഡാണ്. അതിൻെറ സമീപനവും യാന്ത്രികമാണ്. ആ രീതിയിൽനിന്ന് നമ്മൾ മാറേണ്ടതാണ്. ഫലപ്രദമായി ഈ കമ്പനികളുടെ പ്രവർത്തനം നടക്കണമെന്നുണ്ടെങ്കിൽ ഈ വ്യവസായസ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ വസ്തുതകളും പഠിക്കുകയും സമയം എടുത്ത് ചർച്ചചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും, എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുകയും ചെയ്യാൻ കഴിയുന്ന ഒരു സംവിധാനം ഉണ്ടാകണം. നമ്മുടെ രാജ്യത്ത് വ്യവസായവൽക്കരണം ത്വരിതപ്പെടുത്തണമെന്നുണ്ടെങ്കിൽ ഭഗീരഥ പ്രയത്നം ആവശ്യമാണ്. അങ്ങനെയുള്ള പ്രയത്നത്തിന് ഇന്നത്തെ മന്ത്രിയെ അടുത്തറിയാവുന്ന ആളുകൾ തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മൊത്തത്തിൽ നമ്മുടെ രാജ്യത്തിൻെറ വ്യവസായവൽക്കരണത്തെ സംബന്ധിച്ചും ഇപ്പോൾ ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള ചില നയങ്ങളെ സംബന്ധിച്ചും എല്ലാം ക്രോഡീകരിച്ചുകൊണ്ട് "Package of Measures for Promoting Industrial Development in Kerala" എന്നുള്ള ഒരു ലഘുലേഖ അന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇതെല്ലാം ക്രോഡീകരിച്ചുകൊണ്ടുള്ള പദ്ധതികളും സംവിധാനവും നല്ലതാണ്. ഇൻഡ്യയിലെ വ്യവസായങ്ങളെ സംബന്ധിച്ചും തൊഴിലാളികളുടെ ക്ഷേമകാര്യങ്ങളെ സംബന്ധിച്ചും വ്യവസായത്തിന് നൽകുന്ന ധനസഹായത്തെ സംബന്ധിച്ചും മാനേജീരിയൽ സബ്സിഡിയെ സംബന്ധിച്ചും ഇന്ന് കൊടുത്തുകൊണ്ടിരിക്കുന്നത് വർദ്ധിപ്പിച്ചും, കുറെക്കൂടി മെച്ചപ്പെട്ട ആനുകൂല്യങ്ങൾ തീരുമാനിച്ചും ഒക്കെ ഇതിനകത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു കാര്യം ചൂണ്ടിക്കാണിച്ചിട്ടുള്ളത് "Assistance to Industrial Co-operatives" (a) Share participation assistance will be available upto an amount equal to the total shares raised subject to a maximum of Rs. 50,000. കഴിഞ്ഞ ആഴ്ചയിൽ നിയമസഭയിൽ മന്ത്രി ഇത് വിവരിക്കുകയുണ്ടായി. സഹകരണ ഡിപ്പാർട്ട്മെൻറിൻെറ കീഴിൽ പ്രവർത്തിച്ചിരുന്ന സൊസൈററികളുടെ സീലിംഗ് ഒരു ലക്ഷമാണ്. ഇൻഡസ്ട്രിയൽ കോർപ്പറേഷനു

LIBRARY ARCHIVES Kerala Legislative Assembly

കളുടേത് അമ്പതിനായിരമാണ്. അങ്ങനെയൊരു പാക്കേജ് സ്കീം തയ്യാറാക്കിയിട്ടുണ്ട് എന്നുണ്ടെങ്കിൽ വർദ്ധിച്ച ആനുകൂല്യങ്ങളും എല്ലാം ക്രോഡീകരിച്ചതിലൊക്കെ എത്ര നല്ലതുപോലെ ശ്രദ്ധ വച്ചിട്ടുണ്ട് എന്നുള്ളതിനെപ്പററി സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ രാജ്യത്ത് വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുവാൻ കഴിയണമെങ്കിൽ ചില കാര്യങ്ങൾ ചെയ്തേ പററു. ഇവിടെ വിഭവശേഷി ഉണ്ട്. അസംസ്കൃതസാധനങ്ങൾ ഉണ്ട്. വൈദഗ്ദ്ധ്യവും ബുദ്ധിയും അദ്ധ്വാനശേഷിയും ഉള്ള തൊഴിലാളികൾ വേണ്ടിടത്തോളം ഉണ്ട്. അതിനെപ്പററിയുള്ള ഒരു സർവ്വേ നടത്തി ശരിയായ ഒരു മാസ്ററർപ്ലാൻ തയ്യാറാക്കണം എന്നതാണ് എന്റെ വിനീതമായ നിർദ്ദേശം. നമ്മുടെ സംസ്ഥാനത്ത് തന്നെ ലഭ്യമാകുന്ന വിദഗ്ദ്ധ നിർദ്ദേശങ്ങളും നമ്മുടെ സംസ്ഥാന ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ലഭിക്കാൻ സാദ്ധ്യതയുള്ള സഹായവും ആ കാര്യത്തിൽ ആവശ്യമാണ് സർ.

നമ്മുടെ പ്ലാനിംഗ് ബോർഡിന്റെ മാത്രം അന്വേഷണവും പഠനവും കൊണ്ട് ഇത് സാധിക്കുമെന്ന വിശ്വാസം എനിക്കില്ല. മാസ്ററർപ്ലാൻ തയ്യാറാക്കുന്നതിനു കഴിവുള്ള ഒരു brain's trust രൂപീകരിക്കാനുള്ള നടപടി ഈ ഗവൺമെൻറ് എടുക്കണം. അങ്ങനെയുള്ള നടപടി സ്വീകരിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയും. ഈ നാട് ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇൻഡ്യയിലെ മററ് ഏതുസംസ്ഥാനത്തിന്റെയും മുൻപന്തിയിൽ സ്ഥാനം പിടിക്കാനും കഴിയും എന്ന കാര്യത്തിൽ സംശയമില്ല. ഇന്നുതന്നെ വ്യവസായങ്ങൾ തുടങ്ങുന്നതിന് പല സഹായങ്ങളും ഉണ്ട്. ആ സഹായങ്ങളെപ്പററിത്തന്നെ ഒരു പുനഃപരിശോധന ആവശ്യമാണ്. ഇന്ന് സാമ്പത്തിക സഹായം നൽകുന്നത് പല വഴിക്കാണ്. സിഡ്കോ ഒരളവുവരെ സാമ്പത്തികസഹായം നൽകുന്നു. മൂലധനമിനത്തിലും മററും സഹായം വേണമെങ്കിൽ കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ നൽകുന്നു. പല കാര്യങ്ങളിലും ഗവൺമെൻറ് നിർദ്ദേശം അനുസരിച്ച് കൊടുക്കുന്നു. അവരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. വ്യവസായവുമായി ബന്ധമൊന്നുമില്ലാത്തവരുടെ പ്രവർത്തനംകൊണ്ടുതന്നെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അത് മാററണം.

കെ. എസ്. ഐ. ഡി. സി. വൻകിട വ്യവസായ സങ്കേതവും സാമ്പത്തിക സഹായവും നൽകുന്നുണ്ട്. അതിന്റെ പ്രവർത്തനം തീരെ ആശാവഹമല്ല എന്നാണ് എനിക്ക് പറയാനുള്ളത്. സർ, പല എജൻസികൾ വഴിയാണ് സാമ്പത്തികസഹായം നൽകിക്കൊണ്ടിരിക്കുന്നത്. വ്യവസായങ്ങൾക്ക് സാമ്പത്തികസഹായം ഒരു പ്രധാനഘടകമാണ്. അതുകൊണ്ട് നമുക്ക് ഇൻസ്ററിററ്യൂഷണൽ ഫൈനാൻസ് ലഭിക്കുന്നതിനുവേണ്ടി ലാഭകരമായി ധനം സമാഹരിക്കുന്നതിനും മൂലധനം സ്വരൂപിക്കുന്നതിനും വ്യക്തമായ നയം ആവിഷ്കരിക്കുകയും കേരളാ സ്റേറററ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ബാങ്ക് എന്ന ഒരു സ്ഥാപനം ഉണ്ടാക്കുകയും ചെയ്യുന്നതിന് നമ്മുടെ ഗവൺമെൻറ് ആലോചിക്കേണ്ടതാണ്. ഈ രാജ്യത്ത് വ്യവസായികൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കാനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അതുപോലെതന്നെ അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് മനസ്സിലാക്കി വേണ്ടിടത്തോളം കാലതാമസം ഇല്ലാതെ, ക്ലേശകരമായ നടപടിക്രമങ്ങളില്ലാതെ, അഴിമതിയിൽ നിന്ന് ഇടത്തട്ടുകാരെ ഒഴിവാക്കി, ആവശ്യത്തിന് സാമ്പത്തികസഹായം നൽകാൻ, ഒരു സ്ഥാപനം നമ്മുടെ സംസ്ഥാനത്ത് വേണം. സർ, നമ്മുടെ അസംസ്കൃത സാധനങ്ങളുടെ വിനിയോഗമാണ് പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

സംഗതി. വ്യവസായം തുടങ്ങുന്നതിനെപ്പററി ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു.

ഇവിടെ ടൈററാനിയം പ്രോഡക്ട്സിനെപ്പററി പരാമർശിക്കുകയുണ്ടായി. ഇന്ന് അതിന്റെ ഉൽപ്പന്നങ്ങൾ വിററഴിക്കുന്നത് ഒരു പ്രശ്നമേ അല്ല. ഇന്ന് ഏറെക്കുറെ ഒരു മൊണോപൊളി നിലനിൽക്കുന്നുവോ ഇല്ലയോയെന്ന് അറിയില്ല (മാർക്കററിൽ മൽസരം ഉണ്ടാകാവുന്നതാണ്) എനിക്ക് സംശയമുണ്ട്. ഇടത്തട്ടിലാണ് ചൂഷണം ഏററവും കൂടുതൽ നടക്കുന്നത്. ബോംബെയിലും ഡൽഹിയിലും കൽക്കട്ടയിലുമൊക്കെ ഇതിന്റെ ഏജൻസികൾ ഉണ്ട് സർ. അവർ ഇന്ന് കോടീശ്വരൻമാരാണ്. ഒരു പക്ഷേ നമ്മുടെ ഗവൺമെൻറിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന കോടീശ്വരൻമാരാണ്. മാർക്കററിൽ ഉപഭോക്താവിന് ന്യായമായ വില കിട്ടണമെന്നുണ്ടെങ്കിൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വിലയിൽ നിന്ന് ഏറെക്കുറെ 6,000-ഉം 10,000-ഉം രൂപ ശരാശരി വർദ്ധിപ്പിച്ച് കൊടുക്കണം. സർ, പെയിൻറ് ഈ രാജ്യത്ത് വലിയൊരു ഉൽപ്പന്നമാണ്. കെട്ടിട നിർമ്മാണം വർദ്ധിച്ചുവരുന്നതനുസരിച്ച് പെയിൻറിന്റെ ആവശ്യകതയും വർദ്ധിച്ചുവരുന്നു. പെയിൻറ് ഉണ്ടാക്കുന്നതിന് ഏററവും പ്രധാനപ്പെട്ട ഒരു സാധനം നമ്മുടെ ഈ രാജ്യത്ത് ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. എന്നുതന്നെയല്ല ഈ സ്ഥാപനത്തിൽ അതിന്റെ ഉൽപ്പന്നശേഷിയുടെ പകുതി മാത്രമേ നമുക്ക് ഇന്ന് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. സർ, അതിന്റെ ഉൽപ്പാദനം പരമാവധി വർദ്ധിച്ചാലും ഇവിടെ മാർക്കററിംഗിന് ഒരു ബുദ്ധിമുട്ടുമില്ല. അതിനോട് അനുബന്ധിച്ചുള്ള വ്യവസായങ്ങൾ ഉണ്ടാകണം. ലാഭകരമായി നടത്താൻ കഴിയുന്ന വ്യവസായങ്ങൾ ഉണ്ടാകണം. വ്യവസായത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും ആവശ്യമായ ഒരു സ്കീമും ഉണ്ടായിരിക്കണം. കൂടുതൽ വ്യവസായങ്ങൾ ഉണ്ടാക്കാനുള്ള പരിശ്രമവും നമുക്ക് ഉണ്ടായേ തീരൂ. അങ്ങനെ എല്ലാ രംഗങ്ങളിലും കൂടുതൽ ശ്രദ്ധ ആവശ്യമുള്ള ഒരു രംഗമാണ് വ്യവസായ രംഗം.

ഇനി പരമ്പരാഗതമായ വ്യവസായങ്ങളെപ്പററി എടുക്കാം. കശുവണ്ടി വ്യവസായങ്ങളെപ്പററി പറഞ്ഞു. പരമ്പരാഗതമായ വ്യവസായങ്ങളിൽ കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങളിൽ ഇന്ന് തൊഴിൽ ദിനങ്ങൾ കുറവാണ്; തൊഴിൽ ലഭിക്കാനുള്ള അവസരവും കുറവാണ്. അവരുടെ വരുമാനക്കുറവ്, ജോലിദിവസങ്ങളുടെ കുറവ് ഇതൊക്കെ ഗണ്യമായി പരിഹരിക്കേണ്ടത് ആവശ്യമാണ്. സർ, ആ രംഗമെല്ലാം പുനഃസംഘടിപ്പിക്കുന്നതിനും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഇന്നില്ല. ഇന്ന് ഗവൺമെൻറിനോട് കുറെയൊക്കെ എതിർപ്പുണ്ട്. ഈ വ്യവസായത്തെപ്പററി സംസാരിക്കുന്ന ആളുകളെസംബന്ധിച്ച് ഗവൺമെൻറിനകത്തും എതിർപ്പുണ്ട്. പ്രവർത്തനരംഗത്തും എതിർപ്പുണ്ട്. ആ എതിർപ്പുകളെ അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയണം. ഈ രംഗം കൂടുതൽ കാര്യക്ഷമമാക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. എൻ.കെ. ബാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മയ്ക്ക് അൽപ്പമെങ്കിലും പരിഹാരം കാണണമെങ്കിലും, നമ്മുടെ സാമ്പത്തികഘടന ശക്തിപ്പെടുത്തണമെങ്കിലും വ്യവസായവൽക്കരണം അതിപ്രധാനമായ ഒന്നാണ് എന്ന കാര്യത്തെസംബന്ധിച്ചിടത്തോളം ഒട്ടൊരു പക്ഷാന്തരവുമില്ല. അങ്ങനെ വ്യവസായത്തിനുവേണ്ടി കൂടുതൽ സംഖ്യ നമ്മുടെ ബഡ്ജററിൽ നീക്കിവയ്ക്കേണ്ടത് ആവശ്യമായിരിക്കെ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഗ്രാമീണ കുടിൽ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ലാർജ് സ്കെയിൽ ഇൻഡസ്ട്രീസ്, മീഡിയം സ്കെയിൽ ഇൻഡസ്ട്രീസ് എന്നിവയ്ക്കുവേണ്ടി കോടികണക്കായി മുടക്കുന്ന മൂലധനവുമായി തട്ടിച്ചുനോക്കുമ്പോൾ ആ വ്യവസായങ്ങളുടെ വളർച്ച നിസ്സാരമാണെന്ന് പറയാതെയിരിക്കാൻ നിർവ്വാഹമില്ല. ഉദാഹരണമായി പരമ്പരാഗത വ്യവസായമായ കൈത്തറിവ്യവസായത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ കഴിഞ്ഞ വർഷം ആകെ ഈ സംസ്ഥാനത്ത് ചെലവഴിച്ചിട്ടുള്ളത് 243 ലക്ഷം രൂപയാണെന്ന് കാണാൻ കഴിയും, ഈ 243 ലക്ഷം രൂപയിൽത്തന്നെ 105 ലക്ഷം രൂപ നമ്മുടെ പദ്ധതിയിൽ ഉൾപ്പെടുത്താതെ കേന്ദ്ര ഗവൺമെൻറ് പ്രത്യേകമായി അനുവദിച്ച തുകയാണ്. അത് കഴിച്ചിട്ട് ബാക്കി മാത്രമേ നാം. ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ളൂ. സർ, ഇത് തീരെ അപര്യാപ്തമാണ്. കൂടുതൽ സംഖ്യ നമ്മുടെ കുടിൽ വ്യവസായങ്ങൾക്കുവേണ്ടി നീക്കിവയ്ക്കേണ്ടത് നിശ്ചയമായും ആവശ്യമാണ്. കൈത്തറി വ്യവസായത്തെ സംബന്ധിച്ച് പറയുമ്പോൾ അത് ഇന്ന് ധാരാളം പ്രതിസന്ധി നേരിടുന്നുണ്ട്. കൈത്തറി തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്ന ഒരു അവസ്ഥാവിശേഷം സംജാതമായിരിക്കുന്നു. നൂലിൻെറ ക്രമാതീതമായ വിലവർദ്ധനവ് കാരണം ഉൽപ്പന്നങ്ങളുടെ വിലയും വർദ്ധിക്കുന്നു. അതുകൊണ്ട് ഉൽപ്പന്നങ്ങൾ വിററഴിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നു. അതുപോലെ തന്നെ ദേശീയ മിനിമം കൂലി ഇതേവരെക്കും ബാധകമാക്കാത്തതിൻെറ ഫലമായിട്ട് ഇന്നും കേരളത്തിലെ കർഷകത്തൊഴിലാളികൾ കഷ്ടപ്പെടുകയാണ്. അതിന് ദേശീയ മിനിമം കൂലി നിജപ്പെടുത്താൻ കേന്ദ്രഗവൺമെൻറിനോട് സമ്മർദ്ദം ചെലുത്തുക, അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തിൽ ഉണ്ടാകുന്നതായ നൂല് ഇവിടത്തെ കൈത്തറിക്കുവേണ്ടി തന്നെ നീക്കിവയ്ക്കുന്നതിന് സമ്മർദ്ദം ചെലുത്തുക മുതലായ കാര്യങ്ങൾ നമ്മുടെ കൈത്തറി വ്യവസായത്തിൻെറ വികസനത്തിനുവേണ്ടി നിർവ്വഹിക്കേണ്ടത് ആവശ്യമാണ്. വ്യവസായങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ നമ്മുടെ കേരളത്തിൻെറ വടക്കൻ മേഖലയോട് ഒരു ചിററമ്മനയം അല്ലേ നമ്മുടെ ഗവൺമെൻറ് കാണിക്കുന്നതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, കാസർകോട്ട് മുമ്പുണ്ടായിരുന്ന ഗ്ലാസ് ഫാക്ടറി കുറെ കാലമായി പൂട്ടിക്കിടക്കുകയാണ്: അത് തുറന്ന് പ്രവർത്തിക്കാനുള്ള യാതൊരു ശ്രമവും നടന്നിട്ടില്ല. അതുപോലെതന്നെ ഹോസ്ദുർഗ്ഗിൽ കേന്ദ്ര ഗവൺമെൻറ് ലററർ ഓഫ് ഇൻറൻറ് കൊടുത്തിട്ടുണ്ടായിരുന്ന ഒരു സ്ററീൽ റോളിംഗ് ഫാക്ടറി അവിടെനിന്നും ആലപ്പുഴയിലേക്ക് മാററാൻ സംസ്ഥാന ഗവൺമെൻറ് തീരുമാനിച്ചു. ഇത് മാററുന്നതിനുള്ള കാരണം പറഞ്ഞത് തീരെ തൃപ്തികരമല്ല. ഏതായാലും ഈ അവഗണന തീർച്ചയായിട്ടും അവസാനിപ്പിച്ചേ മതിയാകു.

മറെറാരു കാര്യം പറയാനുള്ളത് വിദ്യുച്ഛക്തിയെ സംബന്ധിച്ചാണ്. ഈ കഴിഞ്ഞ മാർച്ചുമാസം 31-ാം തീയതിക്ക് മുമ്പായിട്ട് വൈദ്യുതീകരിക്കാത്ത എല്ലാ ഗ്രാമങ്ങളും വൈദ്യുതീകരിക്കാൻ ശ്രമിക്കുന്നതാണെന്ന് നമ്മുടെ മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചു. കാസർകോട്, ഹോസ്ദുർഗ്ഗ് പ്രദേശങ്ങളിലെ ചില ഗ്രാമങ്ങൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ല എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. എൻെറ നിയോജക മണ്ഡലത്തിൽപ്പെട്ട ബന്തടുക്ക, ബേഡഗം, കുററിക്കോട്, ദേലമ്പാടി, ആഡൂർ അതുപോലെതന്നെ കാസർകോട് താലൂക്കിൽപ്പെട്ട കൊടയമുഖ്യം, പാഡൂർ, ഉംപ്രാജെ മുതലായ ഗ്രാമങ്ങളിൽ ഇനിയും വിദ്യുച്ഛക്തി എത്തിയിട്ടില്ല. സർ, ഇതിന് പ്രധാനമായ കാരണം പറയുന്നത് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

മെററീരിയൽസ് ഇല്ല, അത് പ്രവർത്തിപ്പിക്കാൻ ആളുകളില്ല എന്നൊക്കെയാണ്. മലബാർ പ്രദേശത്ത് വിദ്യുച്ഛക്തി ഏർപ്പെടുത്തുന്ന പ്രവർത്തനത്തിന് വേണ്ടി ഒരു ചീഫ് എൻജിനീയറെ ഗവൺമെൻറ് നിയമിക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. പക്ഷേ അദ്ദേഹത്തെ നിയമിച്ചിട്ട് എന്താണ് കാര്യം? അവിടത്തെ സ്ററാഫിൽ 30 ശതമാനം സ്ററാഫ് മാത്രമേ ഇന്ന് ഇവിടെ ജോലി ചെയ്യുന്നുളളൂ. അതുപോലെ തന്നെ ജോലി ചെയ്യുന്നതായ ജോലിക്കാരെ സംബന്ധിച്ചിടത്തോളം അത് സ്റേററ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടും. കൂലിപ്പണിക്ക് എടുക്കുന്ന തൊഴിലാളികളെപ്പോലും സ്റേററ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിൻെറ ഫലമായി അവിടെ 105 തൊഴിലാളികളിൽ വെറും 30 പേർ മാത്രമേ ആ പ്രദേശത്ത് പ്രവർത്തിക്കുന്നുളളൂ എന്നാണ് മനസ്സിലാക്കിയിട്ടുളളത്. മറെറാരു കാര്യം പയ്യന്നൂരിൽ ആർ. ഇ. സിയുടെ ഒരു പ്രത്യേക ഡിവിഷൻ ഉണ്ടായിരുന്നു. സർ, ആ ഡിവിഷൻ ഇന്ന് പ്രവർത്തിക്കുന്നില്ല. ആ ഡിവിഷനിൽ കൂടുതൽ സ്ററാഫിനെ കൊടുത്തുകൊണ്ട് അത് പ്രവർത്തിപ്പിക്കേണ്ടത് ആവശ്യമാണ്. എന്നുമാത്രമല്ല ബാക്ക്ലോഗ് ആയി എത്രയോ അധികം പ്രവൃത്തികൾ അവിടെയുളളത് തീർക്കുവാൻ വേണ്ടി ശ്രദ്ധ ചെലുത്തേണ്ടത് ആവശ്യമാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. കേരളത്തിലെ വ്യവസായ രംഗത്തെപ്പററി പറയുമ്പോൾ അതിന് ഏററവും ഊന്നൽ കൊടുക്കണമെന്നു പറയുന്നത് ഇവിടത്തെ തൊഴിലില്ലായ്മയുടെ രൂക്ഷത പരിഗണിച്ചാണ്. കേരളത്തിൽ ഭൂമിയുടെ പരിമിതി, വ്യവസായ രംഗത്തേയ്ക്കു തിരിഞ്ഞാൽ മാത്രമേ ഇവിടെ തൊഴിലില്ലായ്മ പരിഹരിക്കാനാവൂ എന്ന വ്യക്തമായ നിഗമനത്തിലേക്കു നമ്മെ എത്തിച്ചിരിക്കുകയാണ്. ഇന്നും വ്യവസായ രംഗത്തിൻെറ പ്രാധാന്യത്തെപ്പററി നമ്മൾ വാതോരാതെ സംസാരിക്കാറുണ്ട്. കഴിഞ്ഞ പഞ്ചവൽസര പദ്ധതികൾ ഓരോന്നും എടുത്തു പരിശോധിച്ചാലും ഇനി വരുന്ന പദ്ധതികൾ എടുത്തു പരിശോധിച്ചാലും അത്ര മാത്രം പ്രാധാന്യം വ്യവസായത്തിനു നമ്മൾ കൊടുത്തിട്ടുണ്ടോ എന്നു സംശയമാണ്. ഇവിടെ പല മേഖലകളും കഴിഞ്ഞ്, അതിൻെറയൊക്കെ പിന്നിൽ മാത്രമേ വ്യവസായ മേഖലയ്ക്ക് ഇന്നും സ്ഥാനമുളളൂ. കഴിഞ്ഞ അഞ്ചു പഞ്ചവൽസര പദ്ധതികളിൽ ആകെ 1244 കോടി രൂപ മുടക്കിയപ്പോൾ 107 കോടി രൂപ മാത്രമാണ് വ്യവസായത്തിനു മുടക്കിയത്. അത് 10 ശതമാനത്തിൽ താഴെയാണ്. കഴിഞ്ഞ പദ്ധതിയിൽ മാത്രമേ 10 ശതമാനമെങ്കിലും സ്ഥാനം ലഭിച്ചുളളൂ. എസ്ററാബ്ലിഷ്മെൻറ് ചെലവും എല്ലാം ഉൾപ്പടെ 10 ശതമാനമേ അതിനും സ്ഥാനം കൊടുത്തുളളൂ. ഇന്നു സ്ഥിതിഗതികൾ മറിച്ചല്ല. വളരെയേറെ പരിപാടികൾ പറയുന്നുണ്ടെങ്കിലും ഈ പരിപാടികൾ കൊണ്ടൊന്നും ഇന്നത്തെ രീതിയിലുളള മുതൽമുടക്കുകൊണ്ട് ഈ വ്യാവസായിക ചിത്രത്തിൽ കാര്യമായ മാററം വരുത്താൻ പററുമെന്ന് എനിക്കു പ്രതീക്ഷ ഇല്ല. തൊഴിലില്ലായ്മയുടെ കാര്യം എടുത്താൽ, ഇന്ന് എത്രപേർക്ക് വ്യവസായ മേഖലയിൽ ജോലിയുണ്ട്? ഇവിടെ എത്രമാത്രം വ്യവസായ പുരോഗതി ഉണ്ടായി എന്നു പറയുന്ന ഘട്ടത്തിലും 1977-ൽ 2,34,000 ആളുകൾക്കേ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും കൂടി കേരളത്തിൽ ഫാക്ടറി വ്യവസായ രംഗത്തു ജോലിയുളളൂ. മൊത്തത്തിൽ ഉളളവരുടെ എണ്ണം 1968-ൽ 7.18 ലക്ഷം ആയിരുന്നത് 77-ൽ 9.52 ലക്ഷമായിട്ടേ വർദ്ധിച്ചുളളൂ. 2 ലക്ഷത്തിൽപരം ആളുകൾക്കേ ഈ പത്തു കൊല്ലംകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആകെ നമുക്കു ജോലികൊടുക്കാൻ സാധിച്ചിട്ടുള്ളൂ. ഓരോ വർഷവും എടുത്തുനോക്കിയാൽ 68-ൽ 15,617 പേർക്കു ജോലി കിട്ടി. 74-ൽ 19,467 പേർക്കു ജോലി കിട്ടി. 76-ൽ 22,210 പേർക്കു ജോലികിട്ടി. 77-ൽ 16,272 പേർക്കു ജോലി കിട്ടി. 78-ൽ 13,203 പേർക്കു ജോലി കിട്ടി. ഇതേസമയത്ത് ഓരോ വർഷവും തൊഴിൽ രംഗത്തേക്കു കടന്നു വരുന്നവരുടെ എണ്ണവും നോക്കേണ്ടിയിരിക്കുന്നു. 74-നും 75-നും ഇടയ്ക്ക് 1,04,000 ആളുകൾ പുതുതായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്ററർ ചെയ്തു. 75-നും 76-നും ഇടയ്ക്ക് 62,000 പേർ പുതുതായി രജിസ്ററർ ചെയ്തു. എത്രപേർക്കാണ് ആ വർഷം ജോലി കിട്ടിയത്? 22,000 പേർക്ക്. അതുപോലെ 76-നും 77-നും ഇടയ്ക്ക് 94,000 പേർ പുതുതായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്ററർ ചെയ്തു. 77നും 78നും ഇടയ്ക്ക് 2,03,000 പേർ. സർ, ഈ കാലഘട്ടം വളരെ പ്രധാനപ്പെട്ടതാണ്. ഇരട്ടി ആളുകൾ ആ വർഷം കടന്നുവന്നിരിക്കുകയാണ്. അതിൻെറ തലേക്കൊല്ലവുമായി താരതമ്യപ്പെപ്പെടുത്തുമ്പോൾ 2,03,000 ആളുകൾ പുതുതായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്ററർ ചെയ്തിരിക്കുകയാണ്. സർ, ഇന്ന് 11 ലക്ഷം ആളുകൾ 77-78-ൽ, ജോലിയില്ലാത്തവരായിട്ട് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്ററർ ചെയ്തിട്ടുണ്ട്. 72–73-ൽ 1.88 ലക്ഷം ആയിരുന്നതാണ് ഇന്ന് ഈ 11 ലക്ഷമായി വർദ്ധിച്ചത്. ഈ കാലയളവിൽ എല്ലാംകൂടി നമുക്കു പുതിയതായി ജോലി കൊടുക്കാൻ സാധിച്ചത് 2 ലക്ഷം ആളുകൾക്കു മാത്രമാണ്. ഫാക്ടറികൾ മാത്രം എടുത്തുനോക്കിയാൽ രജിസ്ട്രേഡ് ഇൻഡസ്ട്രിയൽ യൂണിററ്സിൽ തൊഴിൽ കൊടുക്കാൻ സാധിച്ചത് വെറും 4300 പേർക്കാണ്. ഈ നിലയിൽ മുന്നോട്ടുപോയാൽ തൊഴിൽ കൊടുക്കുന്ന കാര്യത്തിൽ വ്യവസായ മേഖലയ്ക്ക് എന്തു പങ്കാണുള്ളത്? ഇവിടത്തെ തൊഴിലില്ലായ്മയുടെ രൂക്ഷത വച്ചുനോക്കിയാൽ കാര്യമായ യാതൊരു പങ്കും ഇല്ലെന്നു പറയേണ്ടിവരുന്നു. ഈ അടുത്ത പഞ്ചവൽസര പദ്ധതിയിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. (ഡ്രാഫ്ററ് ഫൈവ് ഈയർ പ്ലാൻ 78–83.) അതിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പരിപാടികളും ഒന്നൊഴിയാതെ നടപ്പാക്കുകയാണെങ്കിൽ വെറും 44,000 ആളുകൾക്കാണ് ജോലി കിട്ടാൻ പോകുന്നത്. അതിൽ ഈ രംഗത്ത് ഏററവും നിർണ്ണായകമായ പങ്കുള്ള കെ. എസ്. ഐ.ഡി. സി യുടെ മുഴുവൻ പരിപാടികളും നടപ്പാക്കിയാൽ (കെ. എസ്. ഐ. ഡി. സിക്ക് അവരുടെ പദ്ധതിയിൽ ഉള്ളതും ലെറർ ഓഫ് ഇൻഡെൻറ് കിട്ടിയതും ഇനി നടപ്പാക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നതുമായ 24 പ്രോജക്ടുകൾ ഉണ്ട്.) ആ 24 പ്രോജക്ടുകളിൽകൂടി തൊഴിൽ കൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നത് 6411 പേർക്കാണ്. ഇലക്ട്രോണിക് ഡെവലപ്മെൻറ് കോർപ്പറേഷനാണ് മറെറാരു പ്രധാനപ്പെട്ട സ്ഥാപനം. വൻതോതിലുള്ള മൂലധനമുടക്കുകൊണ്ട് 26 യൂണിററുകളിലായി ഇനിവരാൻ പോകുന്ന അഞ്ചു കൊല്ലംകൊണ്ട് അവർ തൊഴിൽ കൊടുക്കാമെന്നു പ്രതീക്ഷിക്കുന്നത് 18,600 പേർക്കാണ്. ഇങ്ങനെ ഓരോന്നും എടുത്തുനോക്കിയാൽ ആകെ 44,441 പേർക്കു തൊഴിൽ കൊടുക്കാമെന്നു പ്രതീക്ഷിക്കുന്നു. അടുത്ത അഞ്ചു വർഷംകൊണ്ട്. പക്ഷെ കഴിഞ്ഞ കാലത്തെ പ്രതീക്ഷകൾ എടുത്തു പരിശോധിച്ചാൽ ഇതിൻെറ പകുതികൂടി നടപ്പിലാകുകയില്ല. ഇതിൽ ഓരോന്നിൻെറയും മൂലധനം മുടക്ക്, ഗവൺമെൻറിൽ നിന്നു പ്രതീക്ഷിക്കുന്ന വിഹിതം ഇതെല്ലാം എടുത്തുനോക്കിയാൽ ഇതിൻെറ പകുതി പോലും നടക്കുമെന്നു പ്രതീക്ഷിക്കാൻ വയ്യ. കഴിഞ്ഞ കാലത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവങ്ങളിൽനിന്ന് അതാണ് കാണുന്നത്. ഇതെല്ലാം കൂടി നടപ്പിലായാലും ഒരുവർഷം ശരാശരി ഒരുലക്ഷം ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്കു വരുന്നുണ്ട്. കഴിഞ്ഞ വർഷം പുതുതായി വന്നത് രണ്ടു ലക്ഷമാണ്. അടുത്ത വർഷങ്ങളിലും രണ്ടുലക്ഷംവച്ച് വരികയാണെങ്കിൽ അടുത്ത അഞ്ചുകൊല്ലംകൊണ്ട് 10 ലക്ഷം പേർ പുതുതായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്കു വരും. 20 ലക്ഷം പേർ കാണും. 1983 അവസാനിക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ. ആ 20 ലക്ഷം വരുന്നിടത്താണ് നമ്മൾ അൻപതിനായിരം പേർക്കു തൊഴിൽ കൊടുക്കുമെന്നു പറഞ്ഞിരിക്കുന്നത്. സർ, ഈ ഗവൺമെന്റിന്റെയോ കഴിഞ്ഞ കാലത്തെ ഗവൺമെന്റിന്റെയോ ഏതൊരു ഗവൺമെന്റിന്റെയും കുഴപ്പമായി ഞാൻ അതുകണക്കാക്കുന്നില്ല. നമ്മൾ ആകെ ഒരു പുനശ്ചിന്തനം ഈ രംഗത്തു നടത്തേണ്ടിയിരിക്കുന്നു. വ്യവസായ മേഖലയ്ക്ക് ഇത്രയും പ്രാധാന്യം മതിയോ ? ഇത്രയും വ്യവസായങ്ങൾ ഇവിടെ തുടങ്ങിയാൽമതിയോ ? സർ, ഇവിടെ പല മേഖലകളിൽപ്രവർത്തിക്കുന്നവരുണ്ട്. ഇന്ന് കെ. എസ്. ഐ. ഡി. സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വളരെ പ്രവർത്തിക്കുന്നുണ്ട്. അതുപോലെതന്നെ ഇലക്ട്രോണിക്സ് കോർപ്പറേഷനും നമ്മുടെ സ്മാൾ സ്കെയിൽ സെക്ടറും ഉൾപ്പെടെ. എല്ലായിടത്തുംകൂടിയുള്ള പ്രവർത്തനങ്ങൾ ആകെ നോക്കിയാലും സർ, നമുക്ക് ഈ കാഴ്ചപ്പാട് പോരാ. അടുത്ത അഞ്ചുകൊല്ലംകൊണ്ട് ആകെ തൊഴിലില്ലാത്തവരിൽ പകുതി ആളുകൾക്കെങ്കിലും ഈ മേഖലയിൽ തൊഴിൽ കൊടുക്കാനുള്ള ഒരു പദ്ധതിക്കു രൂപംകൊടുക്കുകയെങ്കിലും ചെയ്യേണ്ടതല്ലേ? 20 ലക്ഷം പേർ അധികമായി വരുന്നിടത്ത് 10 ലക്ഷത്തിനെങ്കിലും തൊഴിൽ കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ, അതിന് ഒരു പദ്ധതി നമ്മുടെ മുൻപിൽ ഇല്ലെങ്കിൽ, സർ, നമുക്ക് അധികം മുൻപോട്ടു പോകാൻ സാധിക്കുകയില്ല. അതു ചെയ്യണമെങ്കിൽ നമ്മുടെ സംസ്ഥാനത്തെ ബഡ്ജറ്റിൽ വ്യവസായ മേഖലയ്ക്കുള്ള അലോട്ട്മെന്റിൽ കാര്യമായ മാററം വരണം. ഇന്ന് അതിന് 7 ശതമാനമാണു മാററിവച്ചിരിക്കുന്നത്. ഈ 7 എന്നത് 14 ആയാൽപോരാ 20 ആയാൽപ്പോരാ. പിന്നെ എവിടെയാണ് കുറവു ചെയ്യേണ്ടതെന്ന് ചോദിക്കും. സർ, അതിനു വേണ്ടി നമ്മുടെ വിഭവങ്ങൾ, അസംസ്കൃത സാധനങ്ങൾ, പരമാവധി ചൂഷണം ചെയ്യുന്നതിന്—ഈ രാജ്യത്തിന്റെ സമ്പത്ത് പരിപൂർണ്ണമായി ചൂഷണം ചെയ്യുന്നതിന്—അനേകം പുതിയ പ്രോജക്ററുകൾ നമുക്കുണ്ടാകേണ്ടതായിട്ടിരിക്കുന്നു. വളരെയേറെ സാദ്ധ്യതകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഓരോന്നിലേക്കും കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അതിനു വൈദഗ്ദ്ധ്യമുള്ളവരുണ്ട്. എത്രവേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ സാധിക്കും. ആ നിലയിലേക്ക് ഈ ചർച്ച തിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എവിടെയൊക്കെയാണ് മുതൽമുടക്കേണ്ടതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ എവിടെയാണ് കൂടുതൽ തൊഴിലവസരങ്ങൾ ?

12 Noon] നമ്മുടെ ഗവൺമെന്റ് ഉടമയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കൂടി നോക്കിയാൽ 5000-ൽ താഴെയാണ്. വളരെ നിർണ്ണായകങ്ങളായ സ്ഥാപനങ്ങളാണ്, സംശയമില്ല. പക്ഷെ തൊഴിലിന്റെ അടിസ്ഥാനത്തിൽ പ്രാധാന്യം കുറഞ്ഞിരിക്കുന്നു. പൊതുമേഖലയിലുള്ള ഫാക്ടറികളെപ്പററിയാണ് പറയുന്നത്. കണക്കു നോക്കിയാൽ 3 ലക്ഷം 4 ലക്ഷം എന്നു കാണാം. അത് ഫാക്ടറി എംപ്ലോയീസല്ല. അല്ലാത്ത തൊഴിലൊന്നും ഞാൻ തൊഴിലല്ലെന്നു പറയുന്നില്ല. നമ്മുടെ കശുവണ്ടിയും കയറും എടുത്താൽ ആകെ തൊഴിലുള്ളവരുടെ എണ്ണം പകുതി

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചുതീരും. അത് അഡീഷണലായിട്ടുള്ള മേഖലയാണ്. പുതുതായി ആ മേഖലയിൽ ഇപ്പോഴം തൊഴിലവസരങ്ങഠം ഉണ്ടായതല്ല. ഇപ്പോഠം പറഞ്ഞിരിക്കുന്നത് അടുത്ത പഞ്ചവൽസര പദ്ധതിയിൽ 15,000 ചെറുകിട യൂണിററുകഠം ആരംഭിക്കാൻ പരിപാടി ഉണ്ടെന്നാണ്. വളരെ നല്ല കാഴ്ചപ്പാട് ആ കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. അഞ്ചുകൊല്ലം മുമ്പ് പറഞ്ഞു 10,000 ചെറുകിട യൂണിററുകഠം അനുവദിക്കുമെന്ന്. പക്ഷെ അത് ആരംഭിക്കാതിരിക്കാനുള്ള അനേകം കാരണങ്ങഠം പറയാനുണ്ട്. 106 മിനി ഇൻഡസ്ട്രിയൽ എസ്റേററുകഠം തുറന്നു പ്രവർത്തിച്ചിട്ടുണ്ട്. 508 യൂണിററുകഠം കമ്മീഷൻ ചെയ്തു. ശരാശരി 500 യൂണിററുകളാണ് പുതുതായി ഒരു ഇൻഡസ്ട്രിയൽ എസ്റേററിൽ കമ്മീഷൻ ചെയ്തിട്ടുള്ളത്. രജിസ്ററർ ചെയ്തത് 12,000 യൂണിററുകഠം ഉണ്ട്. പ്രവർത്തിക്കുന്നതിൻെറ എണ്ണം അത്രയൊന്നും ഇല്ലെന്നുള്ളതു വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. കേരളത്തിൽ ഏതാണ്ട് 7000-ൽ പരം യൂണിററുകഠം മാത്രമേ പ്രവർത്തിക്കുന്നതായി ഉള്ളൂ. 15,000-ൽ പരം യൂണിററുകഠം കൂടി തുടങ്ങണമെന്നാണ് ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളത്. ഇന്നത്തെ പരിതഃസ്ഥിതി എടുത്തുനോക്കിയാൽ അതിനു സാദ്ധ്യതയുണ്ടോ? ഇതിനെ ഒരു വിമർശനരീതിയിൽത്തന്നെ കാണാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ഇവിടെ വിതരണം ചെയ്തിട്ടുള്ള Package of measures for promoting Industrial Development in Kerala—ഇതിനകത്തു പറഞ്ഞിരിക്കുന്ന ഈ കാര്യങ്ങഠംകൊണ്ട് പതിനായിരം പുതിയ യൂണിററുകഠം—ഇതെല്ലാം തന്നെ സ്വകാര്യമേഖലയിലാണ് തുടങ്ങാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഈ ചെറുകിട വ്യവസായങ്ങളെല്ലാം തന്നെ സ്വകാര്യമേഖലയിലാണ് തുടങ്ങാൻ ഉദ്ദേശിച്ചിരിക്കുന്നത്. സർ, ഇന്ന് ഈ രംഗത്തേക്ക് കടന്നുവന്നിരിക്കുന്നവരുടെ സ്ഥിതി എന്താണ്? 500-ൽ പരം പുതിയ യൂണിററുകഠം തുടങ്ങിയതിൽ പകുതിയും ഇന്ന് പ്രവർത്തിക്കാത്ത നിലയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. അവർക്ക് മുമ്പോട്ടു പോകാൻ സാധിക്കാത്ത നിലയുണ്ട്. വർക്കിംഗ് കാപ്പിററൽ ഇല്ല.

സർ, എൻെറ നിയോജക മണ്ഡലത്തിൽ 40,000 രൂപ കടം വാങ്ങിച്ച് തുടങ്ങിയ പവർ ലൂമിൻെറ ഒരു യൂണിററുണ്ട്. മണക്കാട്ട് എന്ന സ്ഥലത്താണ്. ഇതിനകം 20,000 രൂപ വർക്കിംഗ് കാപ്പിററൽ കിട്ടി. ആ യൂണിററ് ലാഭം ഉണ്ടാക്കാൻ തുടങ്ങിയിട്ടില്ല. 12,800 രൂപ ഇൻററസ്ററ് അടച്ചുകഴിഞ്ഞു. ഇനി ബാക്കി 7000-ൽ പരം രൂപ വർക്കിംഗ് കാപ്പിററൽ ഉണ്ട്. അതു മുഴുവൻ തിരിച്ച് അടച്ചുകൊള്ളണമെന്ന് ബാങ്ക് പറഞ്ഞിരിക്കുകയാണ്. അവിടെ സ്റേറാക്കിൽ ഉൽപ്പന്നങ്ങഠം ഇല്ല. ഉടനെ അത് ക്ലോസ് ചെയ്യേണ്ട സ്ഥിതിയിലാണ്. അതുപോലെ വർക്കിംഗ് കാപ്പിററലിൻെറ അഭാവംകൊണ്ട്, കടുത്ത പലിശകൊണ്ട് മുമ്പോട്ടുപോകാൻ സാധിക്കാത്തസാഹചര്യം ഉണ്ട്. സർ, ശ്രീ. ആർ. എസ്. ഉണ്ണി ഇവിടെ ഒരു പോയിൻറ് ചൂണ്ടിക്കാണിച്ചു. ഇൻററസ്ററ് സബ്സിഡി യായിട്ട് ഒരു യൂണിററിന് 1000 രൂപ കൊടുക്കാമെന്നാണ് ഇതിൽ എഴുതി യിരിക്കുന്നത് എന്നു പറഞ്ഞു. നമ്മുടെ പൊതുമേഖലയിലോ മററ് ഏതെങ്കിലും മേഖലയിലോ വ്യവസായം തുടങ്ങിയാൽ അത് നില നിറുത്ത ണമെങ്കിൽ ഇത്ര വലിയ മുതൽമുടക്ക് ആവശ്യമുണ്ടോ ? വ്യവസായ സംരംഭകരെ തിരഞ്ഞെടുപ്പിച്ച് രംഗത്തുകൊണ്ടുവന്ന് എല്ലാ പ്രോൽസാഹനവും കൊടുക്കാമെന്ന് പറഞ്ഞ് ഫാക്ടറികഠം ഉണ്ടാക്കി ഗവൺമെൻറ് നല്ലൊരു സംരംഭം വളരെയേറെ മുതൽമുടക്കി തുടങ്ങിയിരിക്കുകയാണ്. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ വ്യവസായം തുടങ്ങാൻവേണ്ടി. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് വ്യവസായം തുടങ്ങുന്നവർ നിർത്തിപ്പോകേണ്ട സ്ഥിതിയാണുള്ളത്. അങ്ങനെ വന്നാൽ ഉള്ളത് നിലനിൽക്കുകയില്ല എന്നു മാത്രമല്ല പുതുതായി ആരും ഇങ്ങോട്ടു കടന്നുവരാൻ ധൈര്യപ്പെടുകയുമില്ല. ഈ സ്ഥിതി വിശേഷം തുടർന്നാൽ അടുത്ത അഞ്ചു വർഷംകൊണ്ട് 15,000 യൂണിററുകൾ തുടങ്ങാൻ സാധിക്കുകയില്ല. ആരും ആ രംഗത്തേക്കു കടന്നുവരാൻ ധൈര്യപ്പെടുകയുമില്ല. വർക്കിംഗ് കാപ്പിററലിന്റെ അഭാവം വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. റോ മെററീരിയലിന്റെ ഷോർട്ടേജ് കാരണവും പല യൂണിററുകൾക്കും ബുദ്ധിമുട്ടുണ്ട്. അവർക്ക് അവരുടെ കപ്പാസിററിയനുസരിച്ച് റോ മെററീരിയൽസ് കൊടുക്കാനുള്ള സ്ഥിതി ഇല്ല. അതുപോലെ അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനുള്ള ബുദ്ധിമുട്ടുകളും ഉണ്ട്. 15 ശതമാനം പ്രൈസ് പ്രിഫറൻസ് കൊടുത്ത് ഗവൺമെൻറും അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങളും ചെറുകിട യൂണിററുകളിൽനിന്നും അവരുടെ സാധനങ്ങൾ വാങ്ങിക്കാമെന്ന് മൂന്നു കൊല്ലം മുമ്പ് ഗവൺമെൻറ് ഒരു നിബന്ധന ഉണ്ടാക്കി. അതിനുശേഷം എത്ര സാധനങ്ങൾ വാങ്ങിച്ചിട്ടുണ്ട്? വളരെ കുറച്ചുമാത്രമേ ഇത്തരം യൂണിററുകളിൽ നിന്നും വാങ്ങിച്ചിട്ടുള്ളവെന്ന് കാണാൻ കഴിയും. വാങ്ങിക്കുന്നതിന്റെ തന്നെ സ്ഥിതി എന്താണ്? തൊടുപുഴയിലുള്ള കൊളമററയിൽ ഇൻഡസ്ട്രിയൽ എസ്റേററററിൽ മഷി ഉണ്ടാക്കാനുള്ള ചെറിയൊരു യൂണിററുണ്ട്. അവിടെനിന്നും ഗവൺമെൻറ് 45,000 രൂപയുടെ മഷിവാങ്ങിച്ചു. മഷി ഇതിനേക്കാൾ വില കുറച്ചുകൊടുക്കാനുള്ള യൂണിററുകൾ അനേകം ഉണ്ട്. വൻതോതിൽ ഉൽപ്പാദിപ്പിക്കുന്നവർക്ക് വൻതോതിൽ ലാഭം ഉണ്ടാക്കാൻ കഴിയും. അവരുടെ സ്വാധീനം കൊണ്ടാണെന്നു ഞാൻ സംശയിക്കുന്നു, ഒന്നരക്കൊല്ലമായി 45000 രൂപയുടെ മഷി കൊടുത്തിട്ട് ഇതുവരെ പൈസ കൊടുത്തിട്ടില്ല. അതിനെ മുമ്പോട്ടു കൊണ്ടുപോകാനും സാധിക്കുന്നില്ല. വർക്കിംഗ് കാപ്പിററൽതന്നെ തുച്ഛമാണ്. ഇവിടെനിന്നും കൊടുത്ത ബില്ലിന്റെ അടിസ്ഥാനത്തിൽ ഡിസ്കൗണ്ട് ചെയ്ത തുക ബാങ്കിൽനിന്നും വാങ്ങിച്ചു. പൈസ കൊടുത്തിട്ടില്ല. ആ വാങ്ങിച്ച തുകയ്ക്ക് പലിശയും കൊടുക്കേണ്ടിയിരിക്കുന്നു. ആ യൂണിററ് ക്ലോസ്ഡൗൺ ചെയ്തിരിക്കുകയാണ്. ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല ചെറുകിട വ്യവസായികളെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള സംരംഭത്തിന് ഉത്തരവാദപ്പെട്ട പലരും എതിരായി നിൽക്കുന്നു. അർദ്ധ ഗവൺമെൻറ്, ഗവൺമെൻറ് സ്ഥാപനങ്ങൾ എന്തുകൊണ്ട് ഇങ്ങനെയൊരു നയം സ്വീകരിക്കുന്നു? ഈ നിയമസഭയിൽ ഇതിനുമുമ്പും പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. അവരാരും ആ രംഗത്തേക്കു വളർന്നുവരാൻ സാധിക്കാത്ത ഒരുചിററമ്മ നയമാണ് ഇവിടത്തെ ഗവൺമെൻറ് സ്വീകരിക്കുന്നത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തുനിന്നും സാധനങ്ങൾ വാങ്ങിക്കാൻ വിമുഖത കാണിക്കുന്നു. കോടിക്കണക്കിനു രൂപയുടെ പർച്ചേസ് ഗവൺമെൻറും അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങളും നടത്തുന്നുണ്ട്. ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ മാർക്കററിംഗിനുള്ള ചില ഏർപ്പാടുകൾ ഇതിൽ ചെയ്യുന്നു എന്നു കാണുന്നതിൽ സന്തോഷം ഉണ്ട്. അടുത്ത പദ്ധതിയിലും നമ്മൾ ഇതിനുവേണ്ടി നല്ലൊരു തുക മാററിവച്ചിട്ടുണ്ട്. അതെല്ലാം ശരിക്കു വിനിയോഗിച്ചുകൊണ്ട് ഈ മാർക്കററിംഗ് വിപണന രംഗത്ത് വളരെ കാര്യമായി കടന്നുവരേണ്ടിയിരിക്കുന്നു. തുടക്കത്തിൽ ചെറുകിട വ്യവസായങ്ങളെ കൊച്ചു കുട്ടികളെപ്പോലെ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. നമ്മുടെ വ്യവസായ രംഗത്തെ ഏററവും വലിയ കോട്ടം ചെറുകിട വ്യവസായ രംഗത്തേക്ക് കടന്നുവരാൻ സ്വകാര്യ മേഖലയിൽ ആളുകൾ ഇല്ല എന്നുള്ളതാണ് entrepreneurs ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ്. അവരെ ട്രെയിൽ ചെയ്യുന്നതിന് അടുത്ത പദ്ധതിയിൽ കുറെ തുക മാററിവച്ചിട്ടുണ്ട്. ഒരു ട്രെയിനിംഗ് ഇൻസ്ററിററ്യൂട്ടിനു വേണ്ടി തുക മാററിവച്ചിട്ടുണ്ട്. നല്ല കാര്യമാണ്. ചെറിയ തോതിൽ ചെയ്താൽ പോരാ. നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി 196 കോടി രൂപയ്ക്ക് വോട്ടു ചെയ്ത് പാസ്സാക്കി എടുത്തു. കുറെയെല്ലാം സ്വകാര്യ മേഖലയിൽ ഗവൺമെൻറിൽനിന്നും ബാങ്കുകളിൽനിന്നും കിട്ടുന്ന കടം ഉപയോഗിച്ച് അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് വ്യവസായം തുടങ്ങി കുറെയധികം ആളുകൾക്ക് ജോലി കൊടുക്കാനുള്ള അവസരം ഉണ്ടാക്കാൻവേണ്ടി വൻതോതിൽ ട്രെയിനിംഗ് കൊടുക്കേണ്ടതുണ്ട്. അത് പരമ്പരാഗതമായി നടത്തുന്ന ക്ലാസ്സുകൾ അല്ല. പഞ്ചാബിലോ ഹരിയാനയിലോ മഹാരാഷ്ട്രയിലോ ഉള്ളതുപോലെ വ്യവസായ രംഗത്തു പരിചയമുള്ള, വരുമാനമുള്ള വിഭാഗം നമ്മുടെ സംസ്ഥാനത്തില്ല. ആ കുറവ് മനസ്സിലാക്കിക്കൊണ്ട് വൻതോതിൽ ഉള്ള ട്രെയിനിംഗ് കൊടുക്കണമെന്നു മാത്രമല്ല, അതിന് നല്ല വ്യവസായ ശാലകളിൽ അയച്ച് ട്രെയിനിംഗ് കൊടുക്കണം. അതിന് ഒരു തുക മാററിവച്ചിട്ടുണ്ട്. അത് വളരെ പ്രാമുഖ്യം കൊടുത്തുകൊണ്ട് നടപ്പിലാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ ചെറുകിട, വൻകിട വ്യവസായ രംഗത്തെ ശോചനീയമായ സ്ഥിതി ഒരു കാര്യത്തിൽ നോക്കിയാൽ മനസ്സിലാക്കാൻ കഴിയും. നമ്മുടെ വിദ്യുച്ഛക്തിയുടെ പ്രതിശീർഷ വിനിയോഗം ദിവസേന കേരളത്തിൽ 86 യൂണിററാണ്. അതേസമയം മൈസൂറിൽ അത് 170 യൂണിററോളം വരും. അഖിലേന്ത്യാ ആവറേജിൽനിന്നും വളരെ താഴെയാണ് നമ്മുടെ നില. വിദ്യുച്ഛക്തി ഇവിടെനിന്നും അയൽ സംസ്ഥാനങ്ങൾക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. അഞ്ഞൂറും എഴുന്നൂറും യൂണിററ് ഉപയോഗിക്കുന്ന സ്റേററുകൾ ഇൻഡ്യയിലുണ്ട്. 1968 നേക്കാൾ നമുക്ക് ഇപ്പോൾ വ്യവസായ ശാലകളുടെ എണ്ണം വർദ്ധിച്ചിട്ടില്ല. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് കൂടുതൽ മുതൽ മുടക്ക് ഉള്ള വൻകിട വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണമെന്നാണ്. കൊല്ലത്തും വാളയാറും ഉള്ളതുപോലെ പല നല്ല യൂണിററുകളും നമ്മൾ ഇവിടെ തുടങ്ങേണ്ടതുണ്ട്. തൊഴിലവസരം ഉണ്ടാക്കുന്ന കാര്യത്തിൽ വളരെയേറെ മുന്നോക്കം പോകുവാൻ ആഗ്രഹിക്കുന്നുവെങ്കിലും ഇതുകൊണ്ടുമാത്രം തൊഴിലവസരങ്ങൾ ഉണ്ടാക്കിയതുകൊണ്ടായില്ലാ നമ്മുടെ വിദ്യുച്ഛക്തി വ്യവസായരംഗത്ത് ഉപയോഗിച്ച് വൻ വ്യവസായങ്ങൾ തുടങ്ങി തൊഴിൽ സാദ്ധ്യത വളർത്തുകയാണ് വേണ്ടത്. നമ്മുടെ സംസ്ഥാനത്തുനിന്നും നാലുകോടി യൂണിററ് വിദ്യുച്ഛക്തി ഉണ്ടാക്കുന്നുണ്ട്. അതിൽ രണ്ടുകോടിയോളം യൂണിററ് അയൽ സംസ്ഥാനങ്ങൾക്കു കൊടുക്കുന്നുണ്ട്. ഏതാണ്ട് നാൽപ്പതു നാൽപ്പത്തിയഞ്ചു ശതമാനത്തോളം ഇവിടെനിന്നും അയൽ സംസ്ഥാനങ്ങൾക്ക് കൊടുക്കുകയാണ്. മുൻപൊക്കെ ഇവിടെ വേണ്ടത്ര വ്യവസായങ്ങളില്ലാത്തതുകൊണ്ടായിരിക്കണം അയൽ സംസ്ഥാനങ്ങൾക്ക് ഇത്രയും വിദ്യുച്ഛക്തി നൽകിയത്.

ഡിസ്ട്രിബ്യൂഷന്റെ കാര്യത്തിൽ കഴിഞ്ഞ കൊല്ലത്തേക്കാൾ ഈ കൊല്ലം മാററം വരുത്തിയിട്ടുണ്ട്. എങ്കിലും അത് ഇനിയും വർദ്ധിപ്പിക്കണമെന്നുള്ളതാണ് ആഗ്രഹം. നമ്മുടെ സംസ്ഥാനത്തുനിന്നും ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി, വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ഇവ പരമാവധി നമ്മൾ ചൂഷണം ചെയ്യേണ്ടതുണ്ട്. അയൽ സംസ്ഥാനങ്ങളേയും ആകർഷിക്കേണ്ടതുണ്ട്.

കേരളത്തിലെ തൊഴിൽരംഗം ശാന്തമാണെന്നു പറയാറുണ്ട്. എന്നാൽ ശാന്തമല്ലായെന്നു ഞാൻ പറയുന്നില്ല. മിനി ഇൻഡസ്ട്രിയൽ

LIBRARY ARCHIVES Kerala Legislative Assembly

യൂണിററിൽ ഒരു വ്യവസായം തുടങ്ങുന്നത് മുതലാളിയാണോ തൊഴിലാളിയാണോ യെന്ന് വിലയിരുത്തേണ്ടതുണ്ട്. ആകെ മുതൽമുടക്കിന്റെ പത്ത് ശതമാനം എവിടെനിന്നെങ്കിലും കടം വാങ്ങി ഒരു ചെറുപ്പക്കാരൻ ഒരു ചെറിയ വ്യവസായം തുടങ്ങിയാൽ അയാളെ എങ്ങനെയാണ് മുതലാളിയായി കണക്കാക്കുന്നത്? തൊടുപുഴയിൽ ഒരാൾ ഒരു വ്യവസായം തുടങ്ങി. ഒരു കൊല്ലത്തിനുള്ളിൽ തൊഴിൽ കുഴപ്പം ഉണ്ടാവുകയും അയാൾ ആ വ്യവസായസ്ഥാപനം അടച്ചുപൂട്ടുകയും ചെയ്തു. അത് ഇനിയും തുറന്നിട്ടില്ല. ഇത്തരം മേഖലകളിൽ തൊഴിൽസമരം വേണമോയെന്ന് ആലോചിക്കേണ്ടതുണ്ട്. യാതൊരു കാരണവശാലും ഇത്തരം മേഖലകളിൽ തൊഴിൽക്കുഴപ്പം ഉണ്ടാകുവാൻ പാടില്ല.

ഇവിടെ ചോദ്യോത്തരവേളയിൽ പറയുകയുണ്ടായി 6,81,000 പാസ്പോർട്ട് ഇഷ്യൂ ചെയ്തിട്ടുണ്ടെന്ന്. രണ്ടു കൊല്ലം കൊണ്ടാണ് ഇത്രയും പാസ്പോർട്ട് ഇഷ്യൂ ചെയ്തിട്ടുള്ളത്. അതിൽ 6 ലക്ഷം പേരെങ്കിലും വെളിയിൽ പോയിയെന്നു പ്രതീക്ഷിക്കുകയാണ്. കേരളത്തിനുള്ളിൽ തൊഴിൽസാദ്ധ്യത ഇരുപതിനായിരം ആയിരിക്കുമ്പോൾ പുറം രാജ്യങ്ങളിൽ മൂന്നുലക്ഷം ആളുകൾക്ക് തൊഴിലവസരം ഉണ്ടാകണം. അവർ എങ്ങനെയാണോ വരുമാനമുണ്ടാക്കുന്നത് ആ രീതിയിൽ നമ്മളും ചിന്തിക്കണം. ഇവർ ഉണ്ടാക്കുന്നമിച്ചം ഏററവും പ്രധാനപ്പെട്ട മൂലധനമാണ്. കണക്കനുസരിച്ച് വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്നവർ ഏതാണ്ടു 400 കോടി രൂപയോളം നമ്മുടെ സംസ്ഥാനത്ത് അയയ്ക്കുന്നുണ്ട്. ഈ 400 കോടിയിൽ 200 കോടിയെങ്കിലും നമ്മുടെ സംസ്ഥാനത്ത് ഒരു വർഷം മുടക്കുന്നതിന് ഇടയാകുന്ന സ്ഥിതിയുണ്ടായാലേ വൻതോതിലുള്ള തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ സാധിക്കൂ. അവരുടെ മിച്ചംകൊണ്ടു യൂണിററ് ട്രസ്ററുപോലുള്ള സ്ഥാപനം തുടങ്ങി ഒരു നിശ്ചിത ശതമാനം പലിശ കൊടുക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ടായിരുന്നു. എന്റെ അഭിപ്രായത്തിൽ അതിന് പത്തോ പന്ത്രണ്ടോ ശതമാനം കൊടുത്താലും തരക്കേടില്ലായെന്നാണ്. അങ്ങനെ യൂണിററ് ട്രസ്ററ്പോലുള്ള സ്ഥാപനം നമ്മുടെ സംസ്ഥാനത്തുവരട്ടെ. ഇല്ലെങ്കിൽ ഈ തുക ഗവൺമെൻറിന് തന്നെ മുടക്കുകയും ചെയ്യാം. എന്തായാലും തൊഴിൽ രംഗത്ത് നല്ല ഒരു അന്തരീക്ഷം ഉണ്ടാകണം. ചെറുകിട വ്യവസായങ്ങളിൽ നാലോ അഞ്ചോ കൊല്ലത്തേയ്ക്ക് മിനിമം വേജസ് നിർബന്ധമായി നടപ്പിലാക്കുന്നതോടൊപ്പം മററു തൊഴിൽ കുഴപ്പമുണ്ടാവുകയില്ലായെന്ന് ഉറപ്പുവരുത്തണം. ഇത് തൊഴിലാളികളുടെ താൽപ്പര്യത്തിന് എതിരാണെന്നു കണക്കാക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് പത്തു ലക്ഷത്തോളമാളുകൾ തൊഴിലില്ലാതെ പുറത്ത് നിൽക്കുന്നു. തൊഴിലുള്ളവരോടുള്ളതിനേക്കാൾ വലിയ ഉത്തരവാദിത്വം ഈ തൊഴിലില്ലാതെ പുറത്തു നിൽക്കുന്നവരോട് ഗവൺമെൻറിനുണ്ട്. ഒരു നേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാത്തവരാണ് പുറത്തുനിൽക്കുന്നത്. അതുകൊണ്ട് അവർക്കുകൂടി തൊഴിലവസരം നൽകുവാനുള്ള ഒരു അന്തരീക്ഷം ഉണ്ടാകണം.

ഇലക്ട്രിസിററി ബോർഡിനെക്കുറിച്ച് ഒന്നു രണ്ടു കാര്യങ്ങൾകൂടി പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അടിയന്തിരാവസ്ഥക്കാലത്ത് അവിടെ ചില കാര്യങ്ങളെല്ലാം നടന്നു. അന്നു ചില യൂണിയനുകൾ ഇല്ലാതാകുകയും പുതിയ യൂണിയനുകൾ രംഗത്തുവരികയും ചെയ്തു. ഇത് ഇലക്ട്രിസിററി ബോർഡിൽ മാത്രമല്ല റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലും ഉണ്ടായി. അതായത് കാററഗറി യൂണിയനുകൾക്കൊന്നും അംഗീകാരമില്ല. കാററഗറി യൂണിയനുകളൊന്നും നിലനിൽക്കേണ്ടായെന്നു പറഞ്ഞുകൊണ്ട് അന്ന് ഒരു നിർദ്ദേശം കൊടുത്തു. ആ നിർദ്ദേശത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ഇലക്ട്രിസിററി ബോർഡിൽ 3 യൂണിയനുകൾ മാത്രമായി ചുരുങ്ങി. ഇരുപത്തിനാലായിരത്തോളം തൊഴിലാളികൾ ഉള്ളതിൽ ഒമ്പതിനായിരത്തോളം എക്സിക്യൂട്ടീവ് എംപ്ലോയീസ് ആണ്. ഒമ്പത് അംഗങ്ങളുണ്ടെങ്കിലും ഒരു സംഘടന വേണമെന്നുപറയും. അതുകൊണ്ട് ഒരു എഗ്രിമെൻറ് വച്ചു. സോൾ ബാർഗയിനിംഗ് ഏജൻസിയായിരിക്കും എക്സിക്യൂട്ടീവ് എംപ്ലോയീസിനെ സംബന്ധിച്ചിടത്തോളം യൂണിയൻ എന്ന് എഗ്രിമെൻറ് വച്ചു. 1976–ൽ അവർക്ക് ഉള്ള അംഗീകാരം എടുത്തുകളയുന്നു. അതിനുശേഷം ഇപ്പോഴും ഈ ഒൻപതിനായിരത്തോളം അംഗസംഖ്യയുള്ള എക്സിക്യൂട്ടീവ് എംപ്ലോയീസിന് ശരിയായ പ്രാതിനിധ്യം ബോർഡിൽ ഇല്ല. അവരുടെ അഭിപ്രായം ആരായാതെയാണ് പല തീരുമാനങ്ങളും ഉണ്ടായിട്ടുള്ളത്. വർക്ക് ലോഡിനെക്കുറിച്ച് എഗ്രിമെൻറ് ഉണ്ടായി. വർക്ക് ലോഡ് മുഴുവൻ വിഭാഗത്തിനും വന്നുചേർന്നുവെന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. അപ്പോൾ ഒരു വലിയവിഭാഗം തൊഴിലാളികളെ മാററിനിറുത്തികൊണ്ട് ട്രേഡ്യൂണിയൻ പ്രവർത്തനം മുമ്പോട്ടുകൊണ്ടുപോകുന്നത് ശരിയല്ല. കെ. എസ്. ആർ. ടി. സി. യിലും ഈ സ്ഥിതിവിശേഷം ഉണ്ടായിരുന്നു. പല തൊഴിലാളികളും സംഘടിതമായി ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. യിൽ അടിയന്തിരാവസ്ഥക്കാലത്ത് എടുത്തുകളഞ്ഞ അംഗീകാരം വീണ്ടും കൊടുക്കുവാൻ തീരുമാനിക്കുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ കാററഗറിയൂണിയൻ പ്രവർത്തിക്കുകയാണ്. അതുകൊണ്ട് ഇത്രമാത്രം അംഗസംഖ്യയുള്ള യൂണിയനുകൾക്കും ഇലക്ട്രിസിററി ബോർഡിൽ പ്രവർത്തിക്കുവാനുള്ള അനുവാദം കൊടുക്കണം.

ഈ സംസ്ഥാനത്ത് വിദ്യുച്ഛക്തി ലഭിക്കാത്ത അനേകം ഗ്രാമങ്ങളുണ്ട്. ഡിസ്ട്രിബ്യൂഷന് വേണ്ടത്ര പ്രാധാന്യം കൊടുക്കാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. വളരെയേറെ തുക ഈ രംഗത്ത് മുടക്കിയാൽ മാത്രമേ നമ്മുടെ എല്ലാ ഗ്രാമങ്ങളിലും വിദ്യുച്ഛക്തി എത്തിക്കുവാൻ സാധിക്കൂ. ഗ്രാമപ്രദേശങ്ങളിൽ വിദ്യുച്ഛക്തി എത്തിച്ചാൽ മാത്രമേ കാർഷിക മേഖലക്ക് ആവശ്യമായ വിദ്യുച്ഛക്തി കൊടുക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് എനിക്കു പറയുവാനുള്ളത്, ഡിസ്ട്രിബ്യൂഷൻ രംഗത്ത് വളരെയേറെ ശ്രദ്ധ കേന്ദ്രീകരിക്കണം എന്നാണ്. വ്യവസായവകുപ്പും വിദ്യുച്ഛക്തിവകുപ്പും എത്രമാത്രം പ്രാധാന്യമുള്ളതാണെന്നു ഞാൻ പ്രത്യേകിച്ച് പറയേണ്ടകാര്യമില്ല. ഇതിനുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക തീരെ അപര്യാപ്തമാണ്. ഭാവിയിൽ കണക്ഷനും മററുമായി വളരെയേറെ തുക മുതൽ മുടക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഗവൺമെൻറ് ബഡ്ജററ് അലോട്ട്മെൻറ് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ബഡ്ജററ് തുക വർദ്ധിപ്പിച്ചുകൊണ്ടും പുതിയ പ്രോജക്ററുകൾ ഉണ്ടാക്കികൊണ്ടും മുമ്പോട്ടുപോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വട്ടിയൂർക്കാവ് രവി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. തൊഴിലില്ലായ്മ വേതനം കൊടുക്കുന്ന നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മയ്ക്ക് ഒരു അറുതി വരുത്താൻ പൊതുമേഖലാ വ്യവസായങ്ങളും സ്വകാര്യമേഖലാ വ്യവസായങ്ങളും പുരോഗമിപ്പിക്കേണ്ടത് അടിയന്തിരമായ ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള ചെറുകിട വ്യവസായങ്ങളുടേയും വൻകിട വ്യവസായങ്ങളുടേയും പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പല വ്യവസായങ്ങളും ഇന്ന് അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ച് പ്രവർത്തിക്കേണ്ട ഒരു കാലഘട്ടത്തിൽ

എത്തിച്ചേർന്നിരിക്കുകയാണ്. തൊഴിൽശാലകളിൽ പണിമുടക്കും കുഴപ്പവും സൃഷ്ടിക്കുന്നതുകൊണ്ട് മുതൽ മുടക്കിയ ഉടമസ്ഥൻമാർ പല വ്യവസായങ്ങളും ഇവിടെനിന്ന് മററ് സംസ്ഥാനങ്ങളിലേക്ക് മാററി കൊണ്ട് പോകുന്ന കാഴ്ചയാണുള്ളത്. വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടോപ്പംതന്നെ ചെറുകിട വ്യവസായങ്ങളേയും പ്രോൽസാഹിപ്പിക്കേണ്ടതാവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് ചെറിയ ചെറിയ വ്യവസായങ്ങളുണ്ട്. തീപ്പെട്ടി, സോപ്പ് തുടങ്ങിയ വ്യവസായ ശാലകളുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. ആരംഭിച്ച വ്യവസായങ്ങളുടെയെല്ലാം പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. സാമ്പത്തിക വൈഷമ്യം കൊണ്ടാണ്, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ആ വക കാര്യങ്ങൾ ശ്രദ്ധിക്കാത്തതുകൊണ്ടാണ് ചെറിയ ചെറിയ വ്യവസായങ്ങൾ നിന്നുപോയിട്ടുള്ളത്. ഇവിടെ തൊഴിലില്ലായ്മ വർദ്ധിച്ചുവരികയാണ്. തൊഴിലില്ലായ്മയ്ക്ക് അറുതിവരുത്താൻ ഇനിയെങ്കിലും ചെറുകിട വ്യവസായത്തെ പ്രോൽസാഹിപ്പിക്കാൻ ഗവൺമെൻറ് തയ്യാറാകണം. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയ്ക്ക് ഒരു അറുതിവരുത്താനായി ഓരോ ജില്ലയിലും കൂടുതൽ തൊഴിൽലവസരം സൃഷ്ടിക്കാനുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കണം. അതിനുള്ള നടപടി ആരംഭിച്ചാൽ അഞ്ചാറുവർഷം കഴിയുമ്പോൾ നമ്മുടെ നാട്ടിലുള്ള തൊഴിലില്ലായ്മയ്ക്ക് മുഴുവനായിട്ടല്ലെങ്കിലും ഭാഗികമായിട്ട് അറുതിവരുത്താൻ കഴിയും. തിരുവനന്തപുരത്തെ സർക്കാർ ആഫീസിനെ മാത്രം ആശ്രയിച്ചാണ് ഇവിടെയുള്ളവർ കഴിഞ്ഞുകൂടുന്നത്. സർക്കാർ ആഫീസല്ലാതെ ഈ ജില്ലയിൽ സ്വകാര്യമേഖലാവ്യവസായമോ പൊതുമേഖലാവ്യവസായമോ കുറവാണ്. മിനിവ്യവസായങ്ങളുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. വ്യവസായം നടത്താൻ വരുന്നവർക്ക് രാഷ്ട്രീയമായ പരിഗണന ഒന്നും കൂടാതെതന്നെ ആവശ്യമായ സാമ്പത്തികസഹായം നൽകാൻ ഈ ഗവൺമെൻറ് തയ്യാറാകണം. തിരുവനന്തപുരത്ത് ശ്രീകണ്ഠമംഗലത്ത് ഒരു സാമില്ലിൻെറ രജിസ്ട്രേഷനുവേണ്ടി ആപ്ലിക്കേഷൻ കൊടുത്തു. ആ മില്ല് അനുവദിക്കുന്ന കാര്യത്തിൽ, ലൈസൻസ് കൊടുക്കുന്ന കാര്യത്തിൽ, ഈ ഗവൺമെൻറ് വൈമനസ്യം കാണിച്ചിരിക്കുന്നു. സാമില്ല് അവിടെ ആരംഭിച്ചെങ്കിൽ കുറച്ച് ആളുകൾക്കെങ്കിലും തൊഴിൽ കിട്ടുമായിരുന്നു. തൊഴിൽ ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന എല്ലാവർക്കും ലൈസൻസ് കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കണം. ഇലക്ട്രിസിററി ബോർഡിനെപ്പററി പറയുമ്പോൾ വ്യവസായത്തിന് ആവശ്യമായ തോതിൽ ഇലക്ട്രിസിററി കിട്ടുന്നില്ലെന്ന പരാതിയുണ്ട്. ഇവിടെ നിന്ന് ഇലക്ട്രിസിററി അയൽ സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നുണ്ട്. വ്യവസായങ്ങൾക്ക് ആവശ്യമായ ഇലക്ട്രിസിററി ചൂഷണം ചെയ്യാൻ കഴിയുന്നില്ല. എൻെറ നിയോജകമണ്ഡലത്തിൽ ഒരു ഇലക്ട്രിക്കൽ സെക്ഷനാഫീസ് തുടങ്ങണമെന്ന് പറഞ്ഞ് നിവേദനം നടത്തിയിട്ട് കുറെ വർഷമായി. ഞാൻ തന്നെ ബന്ധപ്പെട്ട മന്ത്രിയെകണ്ട് ഇലക്ട്രിക്കൽ സെക്ഷനാഫീസ് തുടങ്ങണമെന്ന് ആവശ്യപ്പെട്ടു. ഇതുവരെ അവിടെ സെക്ഷനാഫീസ് തുടങ്ങിയിട്ടില്ല. അവിടെ സെക്ഷനാഫീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുപറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, വ്യവസായത്തിനും വിദ്യുച്ഛക്തിക്കും വേണ്ടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഗത്യന്തരമില്ലാത്തതുകൊണ്ടാണ് ഇവിടെയിരിക്കുന്നുവെന്നതുകൊണ്ടാണ് ഇതിനെ പിൻതാങ്ങുന്നതെന്ന് ചില സുഹൃത്തുക്കൾ പറയാറുണ്ട്. അതുകൊണ്ടല്ല ഞാൻ ഇതിനെ പിന്താങ്ങുന്നത്. ചില

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനകാരണങ്ങൾ ഉള്ളതുകൊണ്ടാണ് ഇതിനെ പിന്താങ്ങുന്നത്. വ്യവസായവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുകയെന്നത് ഇന്ന് ലോകത്തിന്റെ ഒരു മുദ്രാവാക്യമാണ്. ആ മുദ്രാവാക്യം പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊള്ളാനും അതിനനുസരിച്ചുള്ള നയങ്ങളും പരിപാടികളും രൂപീകരിക്കാനും കേരളത്തിൽ ഇന്ന് നിലവിലുള്ള ഭരണകൂടത്തിന് കഴിഞ്ഞുവെന്നുള്ളത് നേട്ടമാണ്. ശ്രീ. ഗംഗാധരൻ ചൂണ്ടിക്കാണിച്ച കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പതിനൊന്ന് കൊല്ലമായിട്ട് ഒരു പാർട്ടിതന്നെ ഈ വകുപ്പ് കൈവശം വച്ചിരിക്കുന്നു, അവർ ഈ നഷ്ടത്തിന് ഉത്തരവാദിയാണ് എന്നെല്ലാം പറഞ്ഞു. എട്ടുകൊല്ലം കൈവശം വച്ചപ്പോൾ ഇതിനെ പിൻതാങ്ങിക്കൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട മെമ്പറും ഇതിന് ഉത്തരവാദിയാണ്. വേണമെങ്കിൽ ഒന്നുരണ്ടുകൊല്ലം അധികമായി ഞങ്ങൾ വച്ചിരുന്നുവെന്നു പറയാം. അതുകൊണ്ട് അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. കേരള ഗവൺമെൻറും ഇന്നത്തെ ഐക്യകക്ഷി സംവിധാനവുമെല്ലാം വ്യവസായവൽക്കരിക്കുകയെന്ന ലക്ഷ്യത്തെ മുൻനിറുത്തിയുള്ള പ്രവർത്തനങ്ങളും പരിപാടികളുമായിട്ടാണ് മുമ്പോട്ടു പോകുന്നതെന്ന കാര്യത്തിൽ തർക്കമില്ല. വ്യവസായവൽക്കരിക്കുന്നതിന്റെ ഏററവും അവശ്യമായ ഘടകം വ്യവസായസമാധാനവും വ്യവസായ അന്തരീക്ഷവും അതെപ്പററിയുള്ള ലക്ഷ്യവുമാണ്. ഒരു കാലത്ത് വ്യവസായ രംഗത്തെ അസമാധാനം കേരളത്തിന് തീരാശാപമായിരുന്നു. ഇന്ന് ആ രംഗത്ത് പൂർണ്ണസമാധാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കാലത്ത് ഇവിടെ ആരും വ്യവസായം ആരംഭിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല. ഇന്ന് ധാരാളം ആളുകൾ വ്യവസായം ആരംഭിക്കാൻ ധൈര്യപ്പെട്ട് മുന്നോട്ടുവരുന്നു. ഇത് വ്യവസായരംഗത്തെ പുരോഗതികൊണ്ടാണ് എന്ന് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. വ്യവസായികൾ താത്പര്യപൂർവ്വം വ്യവസായം തുടങ്ങാൻ മുന്നോട്ട് വരുന്നു എന്നുള്ളതിന് ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. 1970 വരെ നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്ന വ്യവസായങ്ങൾ രജിസ്ററർ ചെയ്ത ആകെ എണ്ണം 3449 ആണ്. 1974-ൽ 6336 ആയി വർദ്ധിച്ചു. 1977-ൽ 7626 ആയി വർദ്ധിച്ചു. വ്യവസായവൽക്കരണമാണ് നമ്മുടെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചപ്പോൾ കേന്ദ്രത്തിൽ അധികാരത്തിലുള്ള ജനതാ ഗവൺമെൻറ് പറഞ്ഞത് കാർഷികവൽക്കരണമാണ് അവരുടെ ലക്ഷ്യം എന്നാണ്. ഇത് രാജ്യത്തെ പുറകോട്ടുകൊണ്ടുപോകുന്ന പ്രഖ്യാപനമാണ്. അതിന്റെ വിശദാംശങ്ങളെക്കുറിച്ച് പറയുന്നില്ല. ഭൂപരിഷ്ക്കരണ നടപടികളിൽക്കൂടി കാർഷികാഭിവൃദ്ധിക്ക് സാദ്ധ്യത വർദ്ധിപ്പിച്ചുകൊണ്ട് വ്യവസായവൽക്കരണത്തിനാവശ്യമായ അടിത്തറ പാകുകയുണ്ടായി. വ്യവസായവൽക്കരണത്തെക്കുറിച്ചും വ്യവസായത്തിന്റെ അഭിവൃദ്ധിയെക്കുറിച്ചും ആലോചിക്കുമ്പോൾ മൂന്നുനാല് പ്രധാനപ്പെട്ട കാര്യങ്ങൾകൂടി ശ്രദ്ധിക്കണമെന്ന് എനിക്ക് അഭ്യർത്ഥിക്കാനുണ്ട്. കേരളത്തിൽ കഴിഞ്ഞ കാലങ്ങളിൽ ഈ ലക്ഷ്യം വച്ചുകൊണ്ട് നാം നടത്തിയ തീവ്രമായ ശ്രമം എത്രമാത്രം വിജയിച്ചിട്ടുണ്ട് അവ പരാജയപ്പെട്ടിട്ടുണ്ടോ എവിടെ എങ്കിലും തളർന്ന് കിടക്കുകയാണോയെന്നുള്ളതിനെക്കുറിച്ച് വസ്തുനിഷ്ടമായി അന്വേഷണം നടത്തി കാര്യങ്ങൾ മനസ്സിലാക്കാൻ നമുക്ക് കഴിയണം.

ആസൂത്രണത്തിലും നടത്തിപ്പിലുമുള്ള വൈകല്യത്തെപ്പോലെ സാങ്കേതിക പരിജ്ഞാനക്കുറവുകൊണ്ടും കമ്പോളങ്ങളിലെ തകർച്ചകൊണ്ടും സാമ്പത്തിക കാര്യങ്ങളിലുള്ള പോരായ്മകൊണ്ടും ഒട്ടേറെ പ്രതിബന്ധങ്ങൾ ഇന്ന് നമ്മുടെ യജ്ഞത്തിന് തടസ്സമായി നിൽക്കുന്നുണ്ടെന്ന് കാണാൻ കഴിയും. അതേ സംബന്ധിച്ച് സമഗ്രവും ശാസ്ത്രീയവുമായ ഒരു

2/472—13

LIBRARY ARCHIVES Kerala Legislative Assembly

പഠനം നടത്തി ഈ കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ തന്നെ വ്യാവസായികവികസനത്തെക്കുറിച്ച് പറയുമ്പോൾ ഏററവും പ്രധാനപ്പെട്ട **ഒരു കാര്യ**മായി എനിക്ക് തോന്നുന്നത് വരുന്ന 25 കൊല്ലക്കാലത്തേക്ക് കമ്പോളങ്ങളിൽ തകർച്ചയില്ലാതെ പിടിച്ചു നിൽക്കാൻ കഴിയുന്ന ഉൽപ്പന്നങ്ങൾ എന്തെന്നുള്ളത് ആലോചിക്കണമെന്നുള്ളതാണ്. ആ ഉൽപ്പന്നങ്ങൾ നിൽക്കുന്നതിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കേരളത്തിൽ കിട്ടുമോ, അതിനാവശ്യമായ സാമ്പത്തിക ശേഷി കേരളത്തിൽ ഇന്ന് നിലവിലുള്ള സാഹചര്യത്തിൽ ഉണ്ടാക്കാൻ കഴിയുമോ, ഉണ്ടാക്കാൻ കഴിയുമെങ്കിൽ അത് എത്രത്തോളം എത്ര കാലത്തേക്ക് ലഭ്യമാകും എന്നീ കാര്യങ്ങളെക്കുറിച്ചെല്ലാം വിശദമായ ഒരു വ്യവസായ സാമ്പത്തിക സർവ്വേ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് പറയുമ്പോൾ മറെറാരു നിർദ്ദേശം കൂടിയുണ്ട്. സാധാരണ ഇത്തരം സർവ്വേ നടത്തുന്നതിന് പുസ്തകജ്ഞാനത്തിന്റെ അടിസ്ഥാനത്തിലുള്ള ആളുകളുടേയും അതുപോലെ സിദ്ധാന്തവാദികളായ ആളുകളേയുമാണ് ഏൽപ്പിക്കുക പതിവ്. അത് മാത്രം പോരാ. ഈ രംഗത്ത് പ്രവർത്തിച്ച് വിജയം കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുള്ള പ്രായോഗികജ്ഞാനം ഉണ്ടായിട്ടുള്ള ആളുകളെ ഉൾപ്പെടുത്തി ഒരു സർവ്വേ നടത്തുകയാണെങ്കിൽ ആ സർവ്വേയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. നാം ആഗ്രഹിക്കുന്നതുപോലെ നല്ല വിജയം കരസ്ഥമാക്കാനും കഴിയും. ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന പരമ്പരാഗത വ്യവസായങ്ങൾ കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന സംരംഭങ്ങളാണ്. ആ രംഗത്തെ ഓരോ വ്യവസായത്തിനും ഇന്ന് ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ഓരോ പ്രതിസന്ധിയെ നേരിടേണ്ടിവരുന്നുണ്ട്. ആ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ പലതുമുണ്ടെങ്കിലും അങ്ങിങ്ങായി വളരെയേറെ പ്രതിബന്ധങ്ങൾ ഓരോ വ്യവസായത്തിലും നമുക്ക് കാണാൻ കഴിയും. ഇന്ന് വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന, വളരെയേറെ ആക്ഷേപങ്ങൾക്ക് പാത്രമായ ഒരു വ്യവസായമാണ് കശുവണ്ടി വ്യവസായം. ഞാൻ അതിന്റെ വിശദമായ കാര്യങ്ങളിലേക്കൊന്നും ഈ അവസരത്തിൽ പോകുന്നില്ല. നമ്മുടെ സംസ്ഥാനത്ത് കശുവണ്ടി വികസന കോർപ്പറേഷൻ ഏകദേശം 34 വ്യവസായങ്ങൾ ഏറെറടുത്തിട്ടുണ്ട്. അതിൽ എല്ലാംകൂടി 34,665-ഓളം തൊഴിലാളികളുണ്ട്. അവർക്ക് 99 ദിവസം മാത്രമേ തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. കഴിഞ്ഞ വർഷത്തിൽ എന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ വ്യവസായത്തിനാവശ്യമായ കശുവണ്ടി ലഭിക്കാൻ സാദ്ധ്യതയില്ല. വിദേശങ്ങളിൽ നിന്നുള്ള ഇറക്കുമതി ഇനി വളരെ മുന്നോട്ടുപോകാൻ സാദ്ധ്യത ഇല്ലെന്നുള്ളത് വ്യക്തമായിക്കഴിഞ്ഞു. അതുകൊണ്ട് ഇവിടെ കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. അതിനുള്ള പദ്ധതികളുണ്ട്. അത് എത്രമാത്രം വിജയകരമായി മുന്നോട്ട് പോകുന്നുണ്ടെന്നുള്ളത് എനിക്കറിയുകയില്ല. കശുമാവ് കൃഷി സംരംഭത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ഗവൺമെന്റ് മേഖലയിൽമാത്രം അതിനുള്ള പരിപാടികൾ പോരാ. നമ്മുടെ നാട്ടിലെ കൃഷിക്കാരെ അതിന് പ്രോൽസാഹിപ്പിച്ച് കശുമാവ് കൃഷി വിജയിപ്പിക്കാനും വികസിപ്പിക്കാനുമുള്ള പരിപാടികൾ വേണം. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിക്ക് ഇന്ന് നൽകുന്ന വില പരിമിതമാണെന്നുള്ള ആക്ഷേപം ഇവിടെ ഉണ്ടായിട്ടുണ്ട്. ഞാൻ അതേക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. ഇപ്പോഴത്തെ വിലയിൽ 50 പൈസ കൂട്ടിക്കൊടുക്കാൻ കഴിഞ്ഞതിൽ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. അത് കുറച്ചുകൂടി വർദ്ധിപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ കഴിയുമോ എന്ന് ഗവൺമെൻറ് ആലോചിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഈ കാര്യം പറയു മ്പോൾ കണ്ണൂർ ജില്ലയാണ് ഈ കാര്യത്തിൽ ഏററവും വലിയ പ്രയാസം നേരിടുന്നത്. 1977-ൽ നമ്മുടെ ആകെ കശുവണ്ടി സംഭരണം 68,191 ടൺ ആണ്. അതിൽ കണ്ണൂർ ജില്ലയിൽ നിന്ന് മാത്രമായി 22,550 ടൺ സംഭരി ക്കുകയുണ്ടായി. 1978-ൽ 79,760 ടൺ സംഭരിച്ചു. അതിൽ കണ്ണൂർ ജില്ല യിൽനിന്നുമാത്രമായി 29,446 ടൺ സംഭരിക്കുകയുണ്ടായി. ഈ കൊല്ലം എത്ര സംഭരിക്കാൻ കഴിയുമെന്ന് നിശ്ചയമില്ല. വിലക്കുറവ് കാരണം ആ രംഗത്ത് വളരെ മുന്നോട്ടുപോകാൻ ആ ജില്ലയിൽ കഴിഞ്ഞിട്ടില്ല. സാധനം കിട്ടുന്നില്ലെന്നുമാത്രമല്ല കേരളഗവൺമെൻറിന് കിട്ടേണ്ടിയിരിക്കുന്ന ലക്ഷ ക്കണക്കിന് രൂപ ടാക്സ് ഇനത്തിലും മററുമുള്ളത് മററു സംസ്ഥാന ങ്ങളിലേക്ക് പോകുന്നു എന്നതുകൂടി കണക്കിലെടുക്കണമെന്ന് ഞാൻ പറയുകയാണ്. അതുകൊണ്ട് കശുവണ്ടിക്ക് അൽപ്പം കൂടി വില കൂട്ടി കൊടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. അതോടൊപ്പം സംഭരണം കൂടുതൽ ശക്തിപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ കൂടി ഏർപ്പെടുത്തണമെ ന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെ തന്നെ പൊതുമേഖലാ വ്യവസായസംരംഭങ്ങളുടേയും സ്ഥിതി. പൊതുമേഖലാ വ്യവസായങ്ങളെക്കുറിച്ച് ഒട്ടേറെ ആക്ഷേപ ങ്ങളും പരാതികളുമെല്ലാം കേൾക്കുന്നുണ്ട്. അതിൽ ലാഭകരമായി നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറവാണ്. മിക്കതും നഷ്ടത്തിലാണ്. നഷ്ടത്തിൽ നടക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടത്തിനുകാരണം എന്താണെ ന്നതിനെക്കുറിച്ചും അത് പരിഹരിച്ച് ലാഭകരമാക്കിത്തീർക്കാനുള്ള മാർഗ്ഗ ങ്ങൾ എന്താണെന്നുള്ളതിനെക്കുറിച്ചും വിശദമായ അന്വേഷണവും പഠനവും ആവശ്യമാണ്. ഈ രംഗത്ത് കഴിവും പ്രാപ്തിയും പരിചയവും പാരമ്പര്യവുമുള്ള ആളുകളെ നിശ്ചയിക്കുന്നതിനുപകരം സാങ്കേതികമായ കാരണങ്ങൾ മാത്രം നോക്കി ആളുകളെ അതിൻെറ നടത്തിപ്പുകാരായി നിശ്ച യിക്കുന്നതുകൊണ്ടാണ് ഈ അപാകതകൾ ഉണ്ടാകുന്നത് എന്നാണ് എൻെറ അഭിപ്രായം. അതുകൊണ്ട് പൊതുമേഖലാ വ്യവസായസ്ഥാപന ങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകാൻ കൂടി അധികാരമുള്ള ഉപദേശക സമിതികൾ രൂപീകരിക്കുന്നത് വളരെ പ്രയോജനം ചെയ്യുമെന്നാണ് എൻെറ അഭിപ്രായം.

വേറൊരു കാര്യം കൂടി എനിക്ക് പറയാനുണ്ട്. കഴിഞ്ഞ ഗവൺമെൻറ് ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. ഖാദിബോർഡ് മുഖേന തുടങ്ങുന്ന വ്യവസായങ്ങളിൽക്കൂടി ഒരു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന്. കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ ഇതിനുവേണ്ടി തുക നീക്കിവച്ചിട്ടുണ്ടായിരുന്നു. ഖാദി കമ്മീഷൻെറയും കേരളഗവൺമെൻറിൻെറയും സഹായത്തോടുകൂടി പൂർത്തിയാക്കുന്ന ഈ പദ്ധതി ഇന്ന് എവിടെ എത്തിയിരിക്കുന്നു എന്ന് ആലോചിക്കണം. കഴിഞ്ഞ ബഡ്ജററിൽ 55 ലക്ഷം രൂപയാണ് നാം വകകൊള്ളിച്ചത്. പക്ഷേ നിർഭാഗ്യകരമെന്നു പറയട്ടെ കേവലം 17 ലക്ഷം രൂപ മാത്രമാണെ ന്നുതോന്നുന്നു ഈ ഇനത്തിൽ ചെലവാക്കാൻ കഴിഞ്ഞത്. ബാക്കി തുക ലാപ്സായതിന് കാരണമെന്താണെന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കണം. ഞാൻ മനസ്സിലാക്കിയിടത്തോളം പ്രധാനപ്പെട്ട ഒരു കാരണം, ഇതിൻെറ താഴെക്കിടയിലുള്ള നടത്തിപ്പിനാവശ്യമായ ഉദ്യോഗസ്ഥൻമാരെ പോസ്ററ് ചെയ്യാനുള്ള ഫയൽ സർക്കാരിൻെറ ഏതോ മൂലയിൽ കിടക്കുന്നു, അത് പൂർത്തിയാകാത്തത് കൊണ്ടാണ് ഇത്തരം വീഴ്ച വന്നതെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമേഖലാ വ്യവസായങ്ങളെക്കുറിച്ചെല്ലാം പറയുമ്പോൾ ഞാൻ പ്രാദേശിക ചിന്താഗതിവച്ച് പറയുന്നതല്ല; വ്യവസായം സംബന്ധിച്ച റിപ്പോർട്ടുകളിലും കേരളത്തിന്റെ വ്യാവസായിക ഭൂപടം നോക്കിയാലും മലബാർ ഭാഗം വളരെ മങ്ങിയാണ് കാണുന്നതെന്ന് കാണാൻ കഴിയും. അങ്ങനെ മലബാർ ഭാഗം മുഴുവൻ മങ്ങിയാണ് കാണുന്നതെങ്കിൽ കണ്ണൂർ ജില്ല എത്ര സൂക്ഷിച്ചുനോക്കിയാലും ആ ഭൂപടത്തിൽ കാണാൻ സാധിക്കുകയില്ലെന്നുള്ള കാര്യം ഈ ഗവൺമെന്റിനെ ഓർമ്മപ്പെടുത്തുകയാണ്. ചില വ്യവസായങ്ങൾ അവിടെയില്ലേയെന്ന് ചോദിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും മുന്നോട്ടു വരും. ഉള്ള വ്യവസായങ്ങളുടെ കാര്യം ഞാൻ മറച്ചുവയ്ക്കുന്നില്ല. അതേക്കുറിച്ചൊന്നും എനിക്ക് പറയാനില്ല. ഈ വ്യവസായങ്ങളുടെ സൂത്രധാരകത്വം വഹിക്കുന്ന ആളുകൾക്ക് ജൻമത്വം നൽകിയത് കണ്ണൂർ ജില്ലയാണ്. അതുകൊണ്ടുതന്നെയാണ് അവിടെ ആ വ്യവസായം ആരംഭിക്കുവാൻ ഇടയായത് എന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. കണ്ണൂർ ജില്ലയിൽ ഒരു സ്റ്റീൽ റോളിംഗ് പ്ലാന്റ് തൃക്കരിപ്പൂർ സ്ഥാപിക്കാൻ ഇൻഡ്യാ ഗവൺമെന്റിന്റെ അനുവാദം നേരത്തെ കിട്ടിയിട്ടുള്ളതാണ്. ഇപ്പോൾ അത് അവിടെ നിന്ന് എങ്ങോട്ടോ ഓടിയെന്നാണ് അറിയുന്നത്. അതുകൊണ്ട് കണ്ണൂർ ജില്ലയിൽ എല്ലാ വിധത്തിലുമുള്ള സഹായങ്ങളും എല്ലാ മേഖലയിലും എത്തിക്കുന്നതിനുള്ള സമീപനം സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തിയുടെ കാര്യത്തെക്കുറിച്ച് പറയുമ്പോൾ കഴിഞ്ഞ കൊല്ലം വളരെയേറെ ആശ്വാസമുണ്ടായിരുന്നു. മന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ ഈ വരുന്ന കൊല്ലം 46,000 ത്തോളം അപേക്ഷകർക്കും അതുപോലെതന്നെ വൈദ്യുതീകരിച്ചിട്ടില്ലാത്ത 46-ഓ 48-ഓ വരുന്ന വില്ലേജുകളിലും വൈദ്യുതി എത്തിക്കുകയും വൈദ്യുതീകരിക്കുകയും ചെയ്യുമെന്നാണ് പറഞ്ഞിരുന്നത്. ഇത് കേൾക്കുമ്പോൾ സന്തോഷം തോന്നി. പക്ഷേ സർക്കാരിന്റേയും ഡിപ്പാർട്ടുമെന്റിന്റേയും കണക്കും നാട്ടിലെ കണക്കും തമ്മിൽ ഒരു പാട് വ്യത്യാസമുണ്ട്. ഞങ്ങളുടെ പ്രദേശത്ത് വില്ലേജ് അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഒരുപാടുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ കണക്കനുസരിച്ച് വില്ലേജുകളുടെ എണ്ണം കുറവാണ്. വൈദ്യുതി എത്തിയിട്ടില്ലാത്ത എത്രയോ വില്ലേജുകൾ നമ്മുടെ നാട്ടിൽ കിടക്കുന്നുണ്ട്. അതുകൊണ്ട് ഓരോ പഞ്ചായത്തിലേയും റവന്യൂവില്ലേജിലേയും ഓരോ പ്രദേശങ്ങളേയും പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് ഒരു നിശ്ചിതകാലയളവിനുള്ളിൽ അവിടെ വിദ്യുച്ഛക്തി എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മിനിമം ഗ്യാരണ്ടിയുടെ പ്രശ്നത്തിൽ നേരത്തെ ഉറപ്പു നൽകിയിട്ടുള്ളതാണ്. അതിനെക്കാൾ ഉപരിയായി നേരത്തേ ഡിബഞ്ചർ സ്കീമിൽ പണം അടച്ചിട്ടുള്ള ആളുകൾക്കുപോലും കറണ്ട് കിട്ടിയിട്ടില്ലെന്ന പരാതിയുണ്ട്. ഇത്തരം കാര്യങ്ങൾക്കുകൂടി പരിഹാരം കാണാൻ ഈ അവസരത്തിലെങ്കിലും കഴിയണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഞാൻ ഒരു ന്യൂനപക്ഷക്കാരനാണ് ഈ നിയമ സഭയിൽ. ഈ നിയമസഭയ്ക്കകത്തുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുകയാണെങ്കിൽ എന്റെ കക്ഷി ഒരു ന്യൂനപക്ഷ കക്ഷിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെ വേറെയും ചില രാഷ്ട്രീയ കക്ഷികൾ ഈ നിയമസഭയ്ക്കകത്തുണ്ട്. ഞങ്ങൾക്കു സംരക്ഷണം വേണം. ഞങ്ങൾ വളരെയധികം പീഡനം അനുഭവിക്കുന്നുണ്ട്. സംസാരിക്കാൻ സമയം കിട്ടുന്ന കാര്യത്തിലും അതുപോലെതന്നെ മററു പല കാര്യങ്ങളിലും ഞങ്ങൾ വളരെയധികം പീഡനം അനുഭവിക്കുന്നുണ്ട്.

മി. ഡെ. സ്പീക്കർ: ഉചിതമായ സമയം ബഹുമാനപ്പെട്ട മെമ്പറുടെ കക്ഷിക്കും അനുവദിക്കുന്നുണ്ട്.

ശ്രീ. ആർ. സുന്ദരേശൻ നായർ: സംസാരിക്കാനുള്ള സമയം ഫിക്സ് ചെയ്യുമ്പോൾ ഓരോ രാഷ്ട്രീയ കക്ഷിക്കും ഒരു ദിവസം സംസാരിക്കാനുള്ള സമയം നീക്കിവയ്ക്കുമ്പോൾ ഒരു രാഷ്ട്രീയ കക്ഷിക്ക് കൊടുക്കാവുന്ന മിനിമം സമയം അഞ്ചു മിനിട്ടായിട്ടെങ്കിലും ഫിക്സ് ചെയ്യണം. നാലു രാഷ്ട്രീയ കക്ഷികൾക്ക് എട്ടു മിനിട്ടാണ് ഇവിടെ കാണുന്നത്. ഇരുപതു മിനിററെങ്കിലും നാലു കക്ഷികൾക്കായിട്ട് നീക്കിവയ്ക്കണം

ശ്രീ. ഇ. പി. ഗോപാലൻ: എങ്ങനെയാണ് വീതിക്കേണ്ടതെന്ന് ഒന്നു വിവരിക്കാമോ?

ശ്രീ. ആർ. സുന്ദരേശൻ നായർ: ഞാൻ പറയാം. സമയം വീതിക്കുമ്പോൾ ന്യൂനപക്ഷകക്ഷികൾക്ക് അയ്യഞ്ചുമിനിററ് മാററിവച്ചിട്ട് ബാക്കി സമയം നിങ്ങൾ എടുക്കണം. ഈ സഭയിൽ ഞങ്ങൾക്കു കിട്ടുന്ന സമയത്തിനകത്ത് എഴുന്നേൽക്കാനും ഇരിക്കാനും മാത്രമേ കഴിയുകയുള്ളു.

വ്യവസായത്തെക്കുറിച്ചാണ് എനിക്കു പറയാനുള്ളത്. വ്യവസായത്തെക്കുറിച്ചു ഭരണകക്ഷിയിലുള്ള നേതാക്കൻമാർതന്നെ പലരും സംസാരിച്ചു കഴിഞ്ഞു. പലരും ധനാഭ്യർത്ഥനകളെ അനുകൂലിച്ചാണ് പ്രസംഗിച്ചതെങ്കിൽ തന്നെയും നമ്മുടെ വ്യവസായ നയവുമായി സി. പി. ഐ. മന്ത്രിമാർക്കൊഴിച്ച്, ആ രാഷ്ട്രീയ കക്ഷിയിലെ അംഗങ്ങൾക്കൊഴിച്ച് മററാർക്കും തന്നെ യോജിപ്പില്ല എന്നുള്ള സത്യം ഈ സംസ്ഥാനത്ത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മററു ചില കെട്ടുപാടുകൾക്കകത്ത് അകപ്പെട്ടുപോയതുകൊണ്ട് അനുകൂലിച്ചു സംസാരിക്കാൻ നിർബന്ധിതരായതുകൊണ്ട് അനുകൂലിച്ച് സംസാരിക്കുന്നു. അനുകൂലിച്ച് വോട്ടുചെയ്യുന്നു. ആ പാർട്ടിയിലെ മന്ത്രിമാരും മററംഗങ്ങളും ഒഴിച്ച് ബാക്കി എല്ലാവർക്കും നമ്മുടെ വ്യവസായ നയത്തോട് വിയോജിപ്പാണ്. ഒരു കാര്യമേ എനിക്കു പറയാനുള്ളു. നമ്മുടെ വ്യവസായ മേഖലയെ സംരക്ഷിക്കണമെങ്കിൽ ആ രാഷ്ട്രീയ കക്ഷിയുടെ മന്ത്രിമാരിൽനിന്നും മററാർക്കെങ്കിലും ഇതൊന്നു മാററിക്കൊടുക്കണം. രാഷ്ട്രീയ കക്ഷികൾ ഒരുപാടുണ്ടല്ലോ, മന്ത്രിമാർ ഒരുപാടുണ്ടല്ലോ. വേറെയും മാററിക്കൊടുക്കാവുന്ന വകുപ്പുകൾ ധാരാളം ഉണ്ട്. അതുകൊണ്ട് ഇതൊന്നു മാററിക്കൊടുക്കണമെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്.

ഇലക്ട്രിസിററിയെക്കുറിച്ച് പറയുകയാണെങ്കിൽ ഡിസ്ട്രിബ്യൂഷൻ രംഗത്ത് പരാജയപ്പെട്ടിരിക്കുന്നു. ജനറേഷനുവേണ്ടി വളരെയധികം പണം ചെലവാക്കുകയും കൂടുതൽ ചെലവാക്കാനുള്ള പദ്ധതി കൊണ്ടുവരികയും ചെയ്യുന്നു. ഡിസ്ട്രിബ്യൂഷൻ രംഗത്ത് വളരെയധികം ദോഷം, പ്രയാസം നാട്ടുകാർ അനുഭവിക്കുന്നുണ്ട്. പിന്നോക്ക പ്രദേശങ്ങളിലൊക്കെ വൈദ്യുതി എത്തിക്കുമെന്നു പ്രസംഗിക്കുന്നതല്ലാതെ ഒരിടത്തും ഇതുവരെ എത്തിച്ചിട്ടില്ല. അതിനുവേണ്ട മെററീരിയൽസ് ഇല്ലെന്നാണ് പറയുന്നത്. ഏററവും വലിയ പ്രയാസം കഴയുടെ, പോസ്ററിന്റെ കാര്യത്തിലാണ്. 100 പോസ്ററുകൾ അത്യാവശ്യമായി ചോദിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷനു കൊടുക്കുന്നത് അഞ്ചു പോസ്റ്റാണ്. ഇതുവച്ച് ഏതു ഗ്രാമങ്ങളാണ് വൈദ്യുതീകരിക്കാൻ പോകുന്നത്? ഈ രംഗത്തു നാട്ടിൻ പുറത്തുള്ള ആളുകൾക്ക് ആധുനിക ശാസ്ത്രത്തിന്റെ പുരോഗമനപരമായ കാര്യങ്ങളൊക്കെ എത്തിക്കണമെന്നു പറയാറുണ്ട്. അതു ഓടയിൽ കൂടി ഒഴുകിച്ചെല്ലുകയില്ല. അതിനാവശ്യമായ കാര്യങ്ങൾ ചെയ്യണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്.

ശ്രീ. ജെ. ചിത്തരഞ്ജൻ: സർ, വ്യവസായങ്ങൾക്കും വൈദ്യുത പദ്ധതികൾക്കും ആയിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഈ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്ക് അത്യാവശ്യം വേണ്ടുന്ന ഒന്നാണ് വൈദ്യുതി. ഈ വൈദ്യുതിയുടെ കാര്യത്തിൽ ഇപ്പോൾ നമ്മുടെ സംസ്ഥാനം ഒരു മിച്ച സംസ്ഥാനമാണ്. എന്നാൽ ഇങ്ങനെ നമുക്കാവശ്യമുള്ളതിൽക്കവിഞ്ഞ് ഉപയോഗിക്കാൻ വൈദ്യുതി ഉള്ളതുപോലെതന്നെ നമ്മുടെ നാട്ടിലെ വ്യാപകമായ കാർഷികാവശ്യങ്ങൾക്കും ഗാർഹികാവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്ന എല്ലാ ആളുകൾക്കും വൈദ്യുതി ലഭിക്കുന്നില്ല എന്നുള്ള ഒരു സത്യം നിലനിൽക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി നമുക്കു സമാഹരിക്കാൻ കഴിയുന്ന മുഴുവൻ തുകയും വിഭവങ്ങൾ സംഭരിച്ച് ഉപയോഗിച്ചതിന്റെ ഫലമായിട്ടാണ് വൈദ്യുതിയുടെ കാര്യത്തിൽ മിച്ചമുണ്ടായത്. എന്നാൽ അതേസമയം അതിന് ആനുപാതികമായ തോതിൽ ട്രാൻസ്മിഷനും ഡിസ്ട്രിബ്യൂഷനും ആവശ്യമായ തുക നീക്കിവയ്ക്കാൻ കഴിയാതെ പോയതിന്റെ ഫലമായിട്ടാണ് അപേക്ഷകൾ കെട്ടിക്കിടക്കുന്നു എന്ന പരാതി കേൾക്കാൻ ഇടയായത്. ഈ പോരായ്മ നികത്തുന്നതിനുവേണ്ടി ഇലക്ട്രിസിററി ബോർഡും ഗവൺമെൻറും ശ്രദ്ധിച്ചുകാണുന്നതിൽ സന്തോഷമുണ്ട്. കഴിഞ്ഞകൊല്ലം ഇതിനുവേണ്ടി നീക്കിവച്ചിരുന്ന തുകയിൽ ഗണ്യമായ അഭിവൃദ്ധി ഉണ്ടായി. ഈ വർഷവും അതിനുവേണ്ടി നീക്കിവച്ച തുകയിൽ ഗണ്യമായ അഭിവൃദ്ധിയുണ്ട്. കഴിഞ്ഞ കൊല്ലം നീക്കിവച്ച തുക കാര്യക്ഷമമായി, ഫലപ്രദമായി, പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞോ എന്നതിനെ സംബന്ധിച്ച് പല അഭിപ്രായങ്ങളും കേൾക്കുന്നുണ്ട്. അതിൽ വന്ന വീഴ്ചകളൊക്കെ പരിശോധിച്ച് ഈ തുക പൂർണ്ണമായി ഉപയോഗിച്ച് ട്രാൻസ്മിഷനും ഡിസ്ട്രിബ്യൂഷനും രംഗങ്ങളിലുള്ള പോരായ്മകൾ നികത്താൻ ശ്രമിക്കേണ്ടതാണ്. അതേസമയംതന്നെ മിച്ചമുണ്ട് എന്നുള്ളതുകൊണ്ട് പുതിയ പദ്ധതികൾ ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നതും നല്ലതല്ല. ഒരു ഭാഗത്ത് വ്യാവസായിക കാർഷിക ആവശ്യങ്ങൾക്കുവേണ്ടി കൂടുതൽ ഉപയോഗിച്ചു തുടങ്ങുമ്പോൾ നമ്മുടെ മിച്ചം കുറഞ്ഞു കുറഞ്ഞു വരും. ഇങ്ങനെവരുന്ന സാഹചര്യത്തിൽ പുതുതായി വീണ്ടും വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കേണ്ടിവരും. ഇങ്ങനെ പുതിയ പദ്ധതികൾ ഏറെറടുക്കുന്നതിന് പല കാരണങ്ങളാലും കഴിഞ്ഞ വർഷത്തിൽ അൽപ്പം കാലതാമസം വന്നിട്ടുണ്ട്. ഇതിൽ ഏററവും പ്രധാനപ്പെട്ട ഒന്നായിരുന്നു സൈലൻറുവാലി പദ്ധതി. അതിനെ സംബന്ധിച്ച് സാങ്കേതികമായ ചില അഭിപ്രായ വ്യത്യാസങ്ങളൊക്കെ ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള കാര്യങ്ങളാണ്. പക്ഷേ ഭാഗ്യവശാൽ ഇപ്പോൾ ആ പ്രശ്നങ്ങൾക്കൊക്കെ ഒരു പരിഹാരം ഉണ്ടാവുകയും ചെയ്തു. ഈ പദ്ധതികൾ ഇൻഡ്യാ ഗവൺമെൻറ് അംഗീകരിക്കുകയും അനുമതി കൊടുക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് പത്രങ്ങളിൽനിന്നു മനസ്സിലാകുന്നത്. അതുപോലെ സൈലൻറ്വാലി പദ്ധതി ഉടനടി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതിനാവശ്യമായ സ്ററാഫ്, മററ് ആഫീസ് കാര്യങ്ങൾ എല്ലാം ഉടനടി അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് അടിയന്തിരമായിത്തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കണം. അതുപോലെതന്നെ അടിയന്തിരമായി ആരംഭിക്കേണ്ട മററു പല പദ്ധതികളുമുണ്ട്. ഇടുക്കി രണ്ടാംഘട്ടം, ഇടമലയാർ ഇങ്ങനെയുള്ള പല പദ്ധതികളുമുണ്ട്. അതിലും കഴിയുന്നത്ര പദ്ധതികൾ താമസംവിനാ ആരംഭിക്കാൻ ശ്രമിക്കേണ്ടതുണ്ട്. വൈദ്യുതിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു മേഖല എന്ന നിലയിൽ പൊതുമേഖലയിൽത്തന്നെ ഈ വ്യവസായം വികസിപ്പിക്കുന്നതിനു ശ്രമിക്കണമെന്ന് പൊതുവെ ഒരു തീരുമാനമുണ്ടായിരുന്നു. ആ നിലയ്ക്കാണ് നടന്നുവന്നിരുന്നത്. സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചിരുന്ന പല ഏജൻസികളും കഴിഞ്ഞ കാലങ്ങളിൽ ഗവൺമെൻറ് ഏറെറടുക്കുകയുണ്ടായി. പക്ഷേ ഇന്നും ചില ഏജൻസികൾ അവശേഷിക്കുന്നു. മൂന്നാർ, മട്ടാഞ്ചേരി തുടങ്ങിയ പല സ്ഥലങ്ങളിലും ചില ഏജൻസികൾ ഇപ്പോഴും നില നിൽക്കുന്നുണ്ട്. ഈ ഏജൻസികൾക്കൊക്കെ ബോർഡിനു വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായി വരുന്ന ചെലവിൽ കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുകയും അവർ ഉപഭോക്താക്കൾക്ക് കൂടുതൽ നിരക്കിൽ വിററ് ലാഭം ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. ഈ സ്ഥിതി തുടർന്നു പോരുന്നതു ശരിയല്ല. ഇത്തരം ഏജൻസികൾ റദ്ദുചെയ്യാനും അവരുടെ പ്രവർത്തനങ്ങൾ കൂടി ബോർഡ് ഏറെറടുക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഈ കാര്യത്തിൽ പറയാനുള്ളത്. കഴിഞ്ഞകാലത്ത് ഇലക്ട്രിസിററി ബോർഡ് ഒരു ഡിബഞ്ചർ സ്കീം ആരംഭിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ പല പ്രദേശങ്ങളിലുമുള്ള ആളുകൾ പണം നിക്ഷേപിക്കുകയും ചെയ്തു. അങ്ങനെ പണം നിക്ഷേപിച്ചിട്ടുള്ളതിൽ ചില സ്ഥലത്തു വിദ്യുച്ഛക്തി കണക്ഷൻ കിട്ടിയിട്ടില്ലെന്ന പരാതിയുണ്ട്. അതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കണം. വൈദ്യുതിയെ സംബന്ധിച്ച് പ്രധാനമായും ഇത്രയും കാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ. പിന്നെ ട്രേഡ് യൂണിയനുകളെ സംബന്ധിച്ച് ഇവിടെ പരാമർശനങ്ങളുണ്ടായി. ഏതെങ്കിലും യൂണിയനുകളെ സംബന്ധിച്ച് ഏതു യൂണിയനെ അംഗീകരിക്കണം; ഏതു യൂണിയനെ അംഗീകരിച്ചുകൂട എന്നുള്ളത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കണം. അതിനു തൊഴിലാളികളുടെ പ്രാതിനിധ്യം എത്രമാത്രമുണ്ടെന്നു തിട്ടപ്പെടുത്താനുള്ള കൃത്യമായ സ്ററാററിസ്ററിക്സിൻെറ അടിസ്ഥാനത്തിൽ അംഗീകാരം തീരുമാനിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും നല്ലത്.

അടുത്തതായി വ്യവസായത്തെ സംബന്ധിച്ചു പറയുമ്പോൾ പൊതുവായി നമ്മുടെ നാട് വ്യവസായവൽക്കരിക്കുകയെന്നുള്ളത് വളരെ പ്രധാനമാണ്. പ്രത്യേകിച്ച് ഭയങ്കരമായ തൊഴിലില്ലായ്മ നേരിടുന്ന ഈ സംസ്ഥാനത്തിൻെറ ഈ പ്രശ്നത്തിനു പരിഹാരം കാണണമെങ്കിൽ ത്വരിതഗതിയിലുള്ള വ്യവസായവൽക്കരണം കൂടിയേ തീരൂ. നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ച് ആ രംഗത്തു വികാസമുണ്ടാകുന്നില്ല എന്നുള്ളത് വസ്തുതയാണ്. അതേസമയം കഴിഞ്ഞ കുറെ വർഷങ്ങളായി ഈ രംഗത്തു വളരെ പുരോഗതി ഉണ്ടായിട്ടുണ്ടെന്നു നിഷ്പക്ഷബുദ്ധ്യാ ചിന്തിക്കുന്നവർക്കു കാണാൻ കഴിയും. നമ്മുടെ വ്യാവസായിക രംഗത്തേക്കു കണ്ണോടിക്കുമ്പോൾ, പരമ്പരാഗത വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിങ്ങനെയുള്ള പല രംഗങ്ങളും നോക്കുമ്പോൾ പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം താരതമ്യേന കുറഞ്ഞ മൂലധനം മുടക്കി കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള ഒരു വ്യാവസായിക മേഖലയാണ്

LIBRARY ARCHIVES Kerala Legislative Assembly

അതെന്നു കാണാം. നമ്മുടെ നാട്ടിലെ പാവപ്പെട്ട ആളുകൾക്ക് വൻ തോതിൽ, പ്രത്യേകിച്ചും സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന ഒരു വ്യാവസായിക മേഖലയാണ് പരമ്പരാഗത വ്യവസായ മേഖല. ഈ വ്യവസായ രംഗത്ത് ഇന്നു ചില പ്രതിസന്ധികൾ, പ്രതിബന്ധങ്ങൾ നേരിടുന്നുണ്ട്. അതിനെ സംബന്ധിച്ച് ഇവിടെ ചില സുഹൃത്തുക്കൾ സംസാരിച്ചപ്പോൾ അത് ഒന്നുരണ്ടു വർഷങ്ങൾക്കുള്ളിൽ ആരംഭിച്ചതാണെന്നുള്ള നിലയിൽ പറയുകയുണ്ടായി, ഈ വ്യവസായങ്ങൾക്കു പ്രതിസന്ധി ആരംഭിക്കുന്നതു നിരവധി വർഷങ്ങൾക്കുമുൻപാണ്, എങ്ങനെ ഒരു പ്രതിസന്ധി ഉണ്ടായി എന്നു പരിശോധിച്ച് അതിനു ശാശ്വത പരിഹാരം കണ്ടെത്താനും ഈ വ്യവസായങ്ങളെ ഭദ്രമായ ഒരടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാനും പദ്ധതികൾ ആരംഭിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എന്നുള്ളത് ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അഭിനന്ദനാർഹമായ നടപടിയാണ്. കയർവ്യവസായം ഏററവും കൂടുതൽ തൊഴിൽ നൽകുന്ന ഒരു വ്യവസായമാണ്. ഈ കയർ വ്യവസായത്തെ സംബന്ധിച്ച് ഒരു പുനഃസംഘടനാ പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെൻറിൽ സമർപ്പിക്കുന്നത് 1968-ലാണ്. ഇതിനുശേഷം കേന്ദ്രഗവൺമെൻറുതന്നെ പ്ലാനിംഗ് കമ്മീഷൻെറ സബ് കമ്മിററി, ടാസ്ക് ഫോഴ്സ് അങ്ങനെ പല കമ്മിററികളും പല സന്ദർഭങ്ങളിലുമായി നിയോഗിച്ചിട്ടുള്ളത് കഴിഞ്ഞ കാലങ്ങളിൽ ആ കമ്മിററികൾ റിപ്പോർട്ടുകൾ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗവൺമെൻറ് അംഗീകരിച്ച് ചില ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 1968-ൽ സംസ്ഥാന ഗവൺമെൻറ് തയ്യാറാക്കിയ പദ്ധതി 16 കോടി രൂപ ചെലവഴിച്ചുള്ള ഒരു പദ്ധതിയായിരുന്നു. പിൽക്കാലത്തു കമ്മിററികൾ പരിശോധിച്ചപ്പോൾ അതിൽ‍വെിഞ്ഞ തുക ഈ വ്യവസായത്തിൻെറ പുനഃസംഘടനയ്ക്കു നീക്കിവയ്ക്കണമെന്നും കേന്ദ്രഗവൺമെൻറിൽനിന്നും ഇന്ന സഹായം ഉണ്ടാകണമെന്നും ഇൻസ്ററിററ്യൂഷണൽ ഫിനാൻസ് ഇന്ന തോതിൽ ഉണ്ടാകണമെന്നും വ്യക്തമായി നിർവചിച്ചിരുന്നു. നിർഭാഗ്യവശാൽ അതിനനുസരിച്ച് വേണ്ട സഹായം നൽകാൻ കേന്ദ്ര ഗവൺമെൻറ് ഈ കാലയളവിനുള്ളിലൊന്നും സന്നദ്ധമായിട്ടില്ല. ശ്രീമതി ഇന്ദിരാഗാന്ധി ഭരിച്ചപ്പോഴും തുടർന്ന് ശ്രീ. മൊറാർജി ദേശായി ഭരിക്കുമ്പോഴും അതിനാവശ്യമായ പരിഗണന നൽകാൻ അവർ തയ്യാറാകുന്നില്ലെന്നുള്ള ദുഃഖകരമായ സത്യം ഇന്നും നിലനിൽക്കുകയാണ്. 6-ാം പഞ്ചവൽസര പദ്ധതിയിൽ ഈ വ്യവസായത്തിൻെറ പുനഃസംഘടനയ്ക്കുവേണ്ടി ഏറെക്കുറെ നീക്കിവയ്ക്കേണ്ട തുക സംബന്ധിച്ച് സാമാന്യമായി ധാരണയിലെത്തിയിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ മൂന്നു നാലുകൊല്ലങ്ങൾക്കുള്ളിൽ സ്പിന്നിംഗ് സെക്ടറിൽ ഇന്നുള്ളതിനുപുറമേ പത്തുമുന്നൂറു സൊസൈററികൾകൂടി സംഘടിപ്പിക്കുന്നതാണ്. കയർ ഉപയോഗിച്ചുള്ള മാനുഫാക്ചറിംഗ് സെക്ടറിൽ കുറെ സൊസൈററികൾ ആരംഭിക്കുവാനും ഈ വ്യവസായത്തിൻെറ പുരോഗതിക്കു മററു ചില നടപടികൾ സ്വീകരിക്കുവാനും നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്നും വ്യത്യസ്തമായി കേന്ദ്ര ഗവൺമെൻറ് ഇപ്പറഞ്ഞ സഹായം ചെയ്യാൻ തയ്യാറാകണമെന്ന് ഈ സഭയിലെ എല്ലാ അംഗങ്ങളും ആവശ്യപ്പെടുമെന്നാണ് എൻെറ പ്രതീക്ഷ, ആവശ്യപ്പെടണമെന്നാണ് എൻെറ അപേക്ഷ. ഈ കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം അതിനിയും വികസിപ്പിക്കുവാൻ ഒട്ടേറെ നടപടികൾ ആവശ്യമാണ്. മാനുഫാക്ചറിംഗ് സെക്ടററിൽ, കൂടുതൽ സൊസൈററികൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുവാൻ കഴിയും. അതുപോലെതന്നെ കമ്പോള

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ അഭിരുചിക്കനുസരണമായി പുതിയ പുതിയ പ്രോഡക്ട്സ് ഉണ്ടാക്കുവാൻ ആവശ്യമായ സാങ്കേതിക പരിചയം വളർത്താൻ വേണ്ട നടപടികളും സ്വീകരിക്കണം. ഇതെല്ലാം ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായ കഴിവിനുള്ളിൽനിന്നുകൊണ്ട് പരമാവധി ശ്രദ്ധിച്ചുകാണുന്നതിൽ എനിക്കു സന്തോഷമുണ്ട്.

മററൊരു കാര്യം കയർവ്യവസായത്തിന്റെ പുനഃസംഘടനയ്ക്ക് സംസ്ഥാന ഗവൺമെന്റ് ഈ വർഷം കൂടുതൽ തുക നീക്കിവച്ചിട്ടുള്ളതാണ്. ഏതാണ്ട് ഒന്നരക്കോടി രൂപ അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അത് സ്വാഗതാർഹമായ കാര്യമാണ്.

കശുവണ്ടിവ്യവസായത്തെ സംബന്ധിച്ച് അതിന്റെ എല്ലാ പ്രശ്നങ്ങളെ സംബന്ധിച്ചും ആലോചിക്കണം. ആ വ്യവസായത്തിലെ മുതലാളിമാർ തൊഴിലാളികൾക്ക് കൊടുക്കുന്ന കൂലി വാങ്ങിച്ചുകൊണ്ട് പൊയ്ക്കൊള്ളണമെന്ന ഒരു ശാഠ്യമാണ്. ആ ശാഠ്യം നടപ്പിലാക്കുവാൻവേണ്ടി നടത്തുന്ന ഒരു പരിശ്രമത്തിന്റെ ഫലമായി ആ വ്യവസായം നമുക്കു നഷ്ടപ്പെടുത്തുന്ന രീതിയിൽ ദേശദ്രോഹപരമായ നിലയിൽ അവർ എത്തിച്ചിട്ടുള്ളതിന്റെ ഫലമാണ് ഇന്നത്തെ പ്രതിസന്ധി. ഈ പ്രശ്നത്തിനു പരിഹാരം കാണാനും ഭദ്രമായ അടിസ്ഥാനത്തിൽ ഈ വ്യവസായം പുനസ്സംഘടിപ്പിക്കുവാനും ഒട്ടേറെ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിൽ ഏററവും പ്രധാനപ്പെട്ട ഒന്നാണ് നാടൻ തോട്ടണ്ടി സംഭരണം. ഈ നാടൻ തോട്ടണ്ടി സംഭരണത്തെ പരാജയപ്പെടുത്താനും മുതലാളിമാരിൽ ഒരു വിഭാഗം വളരെ ശക്തമായ പരിശ്രമങ്ങൾ നടത്തുകയാണ്. അവരെ പരാജയപ്പെടുത്തിക്കൊണ്ട് ഈ സംഭരണം വിജയിപ്പിക്കുവാൻ ഗവൺമെന്റ് മുന്നോട്ടു നീങ്ങണം. അതിന് ഈ നിയമസഭയിലുള്ള എല്ലാ കക്ഷികളും ഈ രാജ്യത്തെ ബഹുജനങ്ങളും സഹായം നൽകുന്നതാണ്. മററൊരു കാര്യമുള്ളത് ഈ വ്യവസായത്തിലെ പ്രശ്നങ്ങൾ പരിഹരിച്ച് കൂടുതൽ തൊഴിൽ നൽകുമാറ് ഈ വ്യവസായം നിലനിർത്തണമെങ്കിൽ നാട്ടിൽതന്നെ കൂടുതൽ തോട്ടണ്ടി ഉണ്ടാക്കണമെന്നും അതിനുവേണ്ടി കശുമാവുകൃഷി വികസിപ്പിക്കണമെന്നുമുള്ളതാണ്. കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങളായി അതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ആ നടപടികൾ കൂടുതൽ ഊർജ്ജിതമായി തുടരുമെന്നു കാണുന്നത് സന്തോഷപ്രദമാണ്. അതു കൂടുതൽ ഊർജ്ജസ്വലമായി തുടരാൻ സഹകരണ മേഖലയിൽ ഈ കൃഷി വികസിപ്പിക്കുവാനും പൊതുമേഖലയിൽ തോട്ടങ്ങൾ ആരംഭിക്കുവാനും വിപുലമായ പദ്ധതി ആവിഷ്കരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. പക്ഷേ അങ്ങനെ ചെയ്യുമ്പോൾ ഈ കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് ഉൽസാഹം ഉണ്ടാകത്തക്കവണ്ണം ന്യായമായ, ആദായകരമായ ഒരു വില കിട്ടുമെന്ന് ഉറപ്പ് വരുത്തണം. അങ്ങനെ വില കിട്ടണമെങ്കിൽ സാർവ്വദേശീയ കമ്പോളത്തിലെ നിരക്കുകളെ ആശ്രയിച്ച് നൽകാൻ കഴിഞ്ഞെന്നു വരികയില്ല, അതുകൊണ്ട് അതിനൊരു സബ്സിഡി നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. അങ്ങനെ സബ്സിഡി നൽകണമെന്ന ആവശ്യം ഈ സംസ്ഥാന ഗവൺമെന്റ് ഉന്നയിച്ചിട്ടുള്ളതാണ്. അക്കാര്യം ഈ അസംബ്ലിയിൽതന്നെ പറഞ്ഞിട്ടുണ്ട്. ഈ ആവശ്യം കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ആവശ്യമായ എല്ലാ സമ്മർദ്ദങ്ങളും ചെലുത്തണം. മററൊന്ന് ഹാൻഡ്ലൂമിന്റെ കാര്യമാണ്. അതിന്റെ പ്രശ്നങ്ങളിലേക്ക് ദീർഘമായി ഞാൻ കടക്കുന്നില്ല. അതിന്റെ വിപണനത്തിന്റെ കാര്യം പറഞ്ഞാൽ, സർക്കാർ ജീവനക്കാർക്കും മററും ക്രെഡിററ് ബേസിസിൽ വിൽക്കാൻ ആവശ്യമായ

2/472—14

LIBRARY ARCHIVES Kerala Legislative Assembly

തുക അനുവദിച്ചിട്ടുണ്ട്. പക്ഷേ ഇവിടെ ഒരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ക്രെഡിററ് അടിസ്ഥാനത്തിൻ വിൽക്കുന്ന തുണിക്കു അപ്പക്സ് സൊസൈറ്റിക്ക് കൊടുക്കേണ്ടതായ തുക ഗവൺമെൻറിൽനിന്നും കൊടുക്കാൻ കാലതാമസമുണ്ടാകുന്നതുകൊണ്ട് അപ്പക്സ് സൊസൈററിക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ആ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ്.

മറെറാന്ന് സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിനെ സംബന്ധിച്ചാണ്. പൊതുവായി വ്യവസായവൽക്കരണത്തിൻെറ കാര്യം പറയുമ്പോൾ ഇന്ന് ഏററവും പ്രധാനപ്പെട്ട ഒരു വൈഷമ്യം ഈ രംഗത്ത് ആവശ്യമായ സാങ്കേതിക പരിജ്ഞാനത്തിൻെറ അഭാവമാണ്. അതുപോലെതന്നെ വ്യവസായ നടത്തിപ്പിനാവശ്യമായ മാനേജീരിയൽ എക്സ്പീരിയൻസ് തുടങ്ങിയ കാര്യങ്ങളിൽ വളരെയധികം അപര്യാപ്തതയുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ നമുക്കു മുന്നോട്ടു പോകാൻ വിഷമമാണ്. മറെറാരു കാര്യമുള്ളത് ഈ ചെറുകിട വ്യവസായങ്ങളാരംഭിക്കുന്ന ആളുകൾക്ക് ആവശ്യമായ കടം കിട്ടാൻ, ക്രെഡിററ് ഫെസിലിററീസിൻെറ കാര്യത്തിൽ ബാങ്കുകൾ പലപ്പോഴും വിമുഖതയാണു കാണിക്കുന്നതെന്ന ആക്ഷേപവുമുണ്ട്. അതിൽ അൽപ്പസ്വൽപ്പ മാററം ഉണ്ടായിട്ടുള്ളതല്ലാതെ ആഗ്രഹിക്കുന്ന നിലയിൽ ആശാവഹമായ ഒരു പുരോഗതി അക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഇത്തരം കാര്യങ്ങളിൽ പുരോഗതി ഉണ്ടാകാനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിക്കണം. മറെറാരു കാര്യം ഈ രംഗത്തു കൂടുതൽ പണം മുടക്കാൻ ആളുകൾ സന്നദ്ധമായി മുന്നോട്ടു വരണമെങ്കിൽ ആദായകരമായി തികച്ചും വിജയകരമായി നടത്താമെന്നു വിശ്വസിക്കാവുന്ന ഒരു ഇൻഡസ്ട്രിയൽ പ്രോജക്ട് എല്ലാ വിശദാംശങ്ങളും തയ്യാറാക്കാൻ വൈദഗ്ദ്ധ്യമുള്ള ആളുകളുണ്ടാകണമെന്നുള്ളതാണ്. ആ ആളുകൾ അതിനു വേണ്ടി പണിപ്പെട്ട് നിരവധി നിരവധി സ്കീംസ് ഉണ്ടാക്കണം. എങ്കിൽമാത്രമേ ഇവിടെ പണം മുടക്കാൻ കഴിവുള്ള ആളുകളെ ആകർഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും നമുക്കു സാധിക്കുകയുള്ളൂ. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നേരത്തെ ഇവിടെ ചില സുഹൃത്തുക്കൾ സൂചിപ്പിച്ചതുപോലെ ചില സംഭാവനകൾ നമ്മുടെ രാജ്യത്തിൻെറ വ്യവസായവൽക്കരണത്തിനും തൊഴിൽ നൽകാനും നിർവ്വഹിച്ചിട്ടുണ്ടെന്നുള്ളത് അവിതർക്കിതമാണ്. നമ്മുടെ കേരളത്തിൽ എട്ടുപത്ത് കൊല്ലത്തിനപ്പുറം കൂടുതൽ തൊഴിൽ നൽകിയിട്ടുള്ളത് പൊതുമേഖലയാണെന്നു കാണാം. ഇതുതന്നെയാണ് അഖിലേന്ത്യാ രംഗത്തേയും ചിത്രം. എങ്കിലും ഈ പൊതുമേഖല കൂടുതൽ തൊഴിൽ നൽകുന്നുണ്ടെങ്കിലും അതിൻെറ പ്രവർത്തനം ഇന്നു കാര്യക്ഷമമായി നടക്കുന്നു. ലാഭകരമായി നടക്കുന്നു എന്നു പറയാൻ നിവൃത്തിയില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന അവസരത്തിൽ കൂടുതൽ തൊഴിൽ നൽകാൻ ഉപകരിക്കണമെന്നു മാത്രമല്ല ഉൽപ്പാദനം വർദ്ധിപ്പിക്കാനും ലാഭമുണ്ടാക്കാനും ആ ലാഭത്തിൽ നിന്ന് തുടർന്നുള്ള ആവശ്യങ്ങൾക്ക് പണം സംഭരിക്കാനും കഴിയണം. അതിനുകൂടി സഹായകമായ വിധത്തിൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നും അതിൻെറ വീഴ്ചകൾ തിരുത്തി കൂടുതൽ ലാഭകരമായ രീതിയിൽ പ്രവർത്തിപ്പിക്കാൻ ശ്രമിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, വ്യവസായവകുപ്പിലേയ്ക്കും വിദ്യുച്ഛക്തി വകുപ്പിലേയ്ക്കും ഉള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ വ്യവസായങ്ങളുടെ
1 P. M.] സ്ഥിതി ഇന്ന് എന്താണെന്ന് ഞാൻ പ്രത്യേകമായി പറയേണ്ട കാര്യമില്ല. ഈ രാജ്യത്തെ ജനങ്ങൾക്കെല്ലാം പകൽപോലെ അറിയാവുന്ന ഒരുകാര്യമായി അതു നിൽക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായ തലസ്ഥാനമാണ് ആലുവ. ഇവിടെ വളരെയേറെ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ആദ്യമായി അതിനെക്കുറിച്ച് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, അവിടെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള വ്യവസായസ്ഥാപനങ്ങളുണ്ട്. സ്വകാര്യമേഖലാ സ്ഥാപനങ്ങളുണ്ട്. ഈ വ്യവസായങ്ങളൊക്കെ ദയനീയമായി തകർന്നുകൊണ്ടിരിക്കുകയാണ്. ഈ വ്യവസായങ്ങളിൽ ഒന്നിൽ പോലും എന്തെങ്കിലും എക്സ്പാൻഷൻ ഉണ്ടാക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. തുടങ്ങിയയിടത്തുതന്നെ അതു നിൽക്കുന്നു. പലതും പുറകോട്ടുപോകുന്നു. നമ്മുടെ നാട്ടിലെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സാധ്യമായതും സാധ്യതയുള്ളതുമായ എല്ലാ വ്യവസായങ്ങളും വിപുലീകരിച്ചുകൊണ്ട് പ്രവർത്തനക്ഷമമായ നടപടികൾ ഉണ്ട്. ഉണ്ട് എന്നു പറയുന്നതിനപ്പുറം ആ നടപടികളൊന്നും നടപ്പാക്കാതെ നിലവിലുള്ള വ്യവസായങ്ങൾ തകർന്നുകൊണ്ടിരിക്കുന്ന ചിത്രത്തിന് ഒരു ഉദാഹരണമാണ് ആലുവാ വ്യവസായമേഖല.

സർ, എഫ്. എ. സി. ടി. തന്നെ ഉദാഹരണത്തിനെടുക്കാം. കേന്ദ്ര നിയന്ത്രണത്തിലുള്ള ഒരു പൊതുമേഖലാസ്ഥാപനമാണ്. വികസിക്കാനും വളരാനും വളരെയേറെ സാധ്യതയുള്ള ഒരു വ്യവസായസ്ഥാപനമാണ്. നമ്മുടെ കാർഷികരംഗം അഭിവൃദ്ധിപ്പെട്ടു വരുന്നതിനനുസരിച്ച് രാസവളത്തിന്റെ ആവശ്യകത കൂടിക്കൊണ്ടിരിക്കുകയാണ്. ആവശ്യത്തിനനുസരിച്ച് വളം കിട്ടാത്ത ബുദ്ധിമുട്ട് ഈ രാജ്യത്ത് എന്നും ഇന്നുമുണ്ട്. പക്ഷേ, ആ വ്യവസായം ദൈനംദിനം തകർന്നുകൊണ്ടിരിക്കുകയാണ്. അതുതന്നെ വികസിപ്പിക്കാൻ നേരത്തെകൂട്ടി ആവിഷ്കരിച്ച പരിപാടി തന്നെ പുറത്തേയ്ക്കു കടത്തിക്കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ അനുവദിച്ചിരുന്ന അനുവദിക്കാൻ ഉദ്ദേശിക്കപ്പെട്ടു തയ്യാറാക്കപ്പെട്ട പ്ലാന്റ്, പ്രോജക്റ്റ് റിപ്പോർട്ട്, ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ കൊടുക്കാനും നിലവിലുള്ള തൊഴിലാളികൾക്ക് സംരക്ഷണം നൽകാനും ഉദ്ദേശിക്കുന്ന പ്ലാന്റ് ഗുജറാത്തിലേയ്ക്കു കടത്തികൊണ്ടുപോകാനുള്ള ശ്രമം നടക്കുന്നുണ്ടെന്ന് ഗവൺമെന്റിന് അറിയാം. ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

അതുപോലെതന്നെ അതിന്റെ തൊട്ടടുത്തു പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ടി. സി. സി. സംസ്ഥാന ഗവൺമെന്റ് നിയന്ത്രണത്തിലുള്ളതാണ്. ഈ ടി. സി. സി. യുടെ കാര്യം ഞാൻ പറയേണ്ടതില്ല. ദൈനംദിനം നഷ്ടത്തിലാണ്, നഷ്ടത്തിൽനിന്ന് നഷ്ടത്തിലേക്കാണ്. അത് എന്ന് അവസാനിപ്പിക്കേണ്ടിവരും എന്ന സ്ഥിതിയിലേയ്ക്കാണ് ഇപ്പോൾ കാര്യങ്ങൾ പോകുന്നത്. പലതും അതിനെക്കുറിച്ച് പറയാനുണ്ടെങ്കിലും സമയം അനുവദിക്കാത്തതുകൊണ്ട് അതിനു ഞാൻ മുതിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. മൊത്തത്തിൽ ആ വ്യവസായമേഖലയിൽ സംസ്ഥാനഗവൺമെൻറിൻെറ നിയന്ത്രണത്തിലുള്ളതായാലും ശരി കേന്ദ്രഗവൺമെൻറിൻെറ നിയന്ത്രണത്തിലുള്ളതായാലും സ്വകാര്യമേഖലയിലുള്ളതായാലും ഗതി ഒന്നുതന്നെയാണ്.

അവിടെ പ്രീമിയർ ടയേഴ്സ് ഉണ്ട്. ടയറിന് ഇന്ന് വലിയ ക്ഷാമമുണ്ട്. ടയർ കിട്ടാൻ വലിയവില കൊടുക്കണം. റബ്ബറിന് വില ഇല്ല. കർഷകന് വില കൊടുക്കാതെ നിസ്സാരമായ വിലയ്ക്ക് റബ്ബർ വാങ്ങി വലിയ വിലയ്ക്ക് ടയർ വിൽക്കുന്ന ഒരു സ്ഥാപനമാണ് പ്രീമിയർ ടയേഴ്സ്. അത് ഇന്ന് രണ്ടുകോടിരൂപ നഷ്ടത്തിലാണ്. നഷ്ടത്തിൽനിന്ന് നഷ്ടത്തിലേയ്ക്ക് പോകുന്നു. പ്രീമിയർ ടയേഴ്സ് സ്വകാര്യമേഖലയിലാണ്. ടി. സി .സി. സംസ്ഥാന ഗവൺമെൻറ് നിയന്ത്രണത്തിലാണ്. എഫ്. എ. സി. റ്റി. കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. മൂന്നു കമ്പനികൾ ഞാൻ ഉദാഹരണത്തിന് എടുത്തു കാണിച്ചു എന്നുള്ളതേയുള്ളൂ. അവിടെയുള്ള എല്ലാകമ്പനികളുടെയും സ്ഥിതി ഇതാണ്.

ലാഭത്തിൽ നടക്കുന്ന സ്ഥാപനങ്ങളും ഉണ്ട്. ഐ. എ. സി. കഴിഞ്ഞ കൊല്ലം 19 കോടിരൂപ ലാഭമുണ്ടാക്കി. കോമിൻകോ ബിനാനി വികസിപ്പിക്കാൻ സാദ്ധ്യതയുള്ള ഒരു വ്യവസായമാണ്. യാതൊരു വികസനവും ഇനിയും നടന്നിട്ടില്ല. അവിടെ കൊല്ലംതോറും എല്ലാ ഫാക്ടറികളും റീപ്ലേസ്മെൻറ് എഴുതി തള്ളുന്നു. തേയ്മാന ചെലവ് എഴുതിതള്ളുന്നുണ്ട്. എന്നാൽ അവിടെ മെയിൻറനൻസും റീപ്ലേസ്മെൻറും നടക്കുന്നില്ല. എഫ്. എ. സി. ടി.യിൽ മെയിൻറനൻസ് നടത്താത്തതുകാരണം, റീപ്ലേസ്മെൻറ് നടത്താത്തതുകാരണം അവിടത്തെ പ്ലാൻറ് തകർന്നുകൊണ്ടിരിക്കുകയാണ്, മൂന്നുപേർ മരിച്ചു. അതുകഴിഞ്ഞ് ആറുപേർകൂടിഗുരുതരമായ പരുക്കുകളോടുകൂടി കിടക്കുകയാണ്; പൊള്ളലേററ്. എഫ്. എ. സി. ടി. യിൽ ഫലപ്രദമായ മെയിൻറനൻസും റീപ്ലേസ്മെൻറും നടത്തുന്നില്ല. രണ്ടു വർഷത്തോളം ഇവിടത്തെ പെയിൻറിംഗ് തൊഴിലാളികൾ സമരത്തിലായിരുന്നു. മാസന്തോറും പെയിൻറുചെയ്യേണ്ട, ആറുമാസത്തിലൊരിക്കൽ പെയിൻറുചെയ്യേണ്ട, കൊല്ലത്തിലൊരിക്കൽ പെയിൻറു ചെയ്യേണ്ട പെയിൻറിംഗ്പോലും നടന്നിട്ടില്ല. നാഫ്താ പമ്പുചെയ്യുന്ന അവസരത്തിൽ രണ്ടു പ്രാവശ്യം തീ പിടിച്ചു. തക്കസമയത്തിന് ആ തീ അണയ്ക്കാൻ കഴിഞ്ഞില്ലായിരുന്നെങ്കിൽ ഏലൂർ വ്യവസായ മേഖലയിലെ മുഴുവൻ വ്യവസായങ്ങളും വീടുകളും കത്തി നശിച്ചു പോകുമായിരുന്നു. അങ്ങനെ ചൂണ്ടിക്കാണിക്കാൻ ഒരുപാടുണ്ട്. ആരോട് ഇതുപറയാൻ എന്ന് ഞാൻ ആലോചിച്ചുപോവുകയാണ്. തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്ന ഒരു പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ഒരാളായ ഞാൻ വളരെ വേദനയോടുകൂടി ഈ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഗവൺമെൻറിനു കഴിയുമെങ്കിൽ ഈ പ്രദേശത്തിൻെറ കാര്യം അന്വേഷിക്കണം. അവിടെ നിലനിൽക്കുന്ന വ്യവസായങ്ങൾകൂടി നശിക്കുന്നു. അതിനെ വികസിപ്പിച്ചുകൊണ്ടു വരാൻ മാർഗ്ഗമുണ്ടെങ്കിൽ അതു ചെയ്യണം.

നമ്മുടെ നാട്ടിൽ പത്തരലക്ഷത്തോളം ആളുകൾ തൊഴിലില്ലാത്തവരായി ഉണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി സമ്മതിച്ചു; എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്ററർ ചെയ്തതായി 15 ലക്ഷം പേർ ഉണ്ടെന്ന് കണക്കുകൾ പറയുന്നു. ഇത് അഞ്ചു വർഷം കഴിയുമ്പോൾ 20 ലക്ഷമായി മാറുമെന്ന് ശ്രീ. പി. ജെ. ജോസഫ് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ മററു കണക്കുകഠം അനുസരിച്ച് അത് 36 ലക്ഷമായി വർദ്ധിക്കും. അതിൽ 22,000 പേർക്കാണ് തൊഴിൽ കൊടുക്കാനുള്ള പദ്ധതികഠം ഗവൺമെൻറിൻെറ കയ്യിൽ അഞ്ചു വർഷത്തേയ്ക്ക് ഉള്ളതെന്ന് ശ്രീമാൻ ജോസഫ് പറഞ്ഞു. സർ, ഞാൻ ഒന്നു ചോദിക്കട്ടെ. പുതിയ വ്യവസായങ്ങളുണ്ടാക്കാൻ കഴിയുകയില്ലെങ്കിൽ നിലവിലുള്ള വ്യവസായങ്ങഠം വിപുലീകരിക്കുന്നതിന് അതിൻെറ എക്സ്പാൻഷൻ എങ്കിലും നടത്തുന്നതിന് ഈ ഗവൺമെൻറിനു നടപടി സ്വീകരിച്ചുകൂടേ? കേന്ദ്രഗവൺമെൻറ് അവഗണനയാണ് കാണിക്കുന്നത്. അവർ നിലവിലുള്ള സ്ഥാപനങ്ങഠം എക്സ്പാൻറു ചെയ്യുന്നില്ലെന്നു മാത്രമല്ല പുതിയ വ്യവസായങ്ങഠം ഒന്നും നമ്മുടെ സംസ്ഥാനത്ത് തുടങ്ങുന്നതിന് യാതൊരു നടപടിയും അവരുടെ ഭാഗത്തുനിന്നും ഇല്ല. ഈ ഗവൺമെൻറ് എന്തെങ്കിലും ചെയ്തോ? കേന്ദ്രഗവൺമെൻറിൻെറ അവഗണനയ്ക്കെതിരായി ഈ ഗവൺമെൻറിനു എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ വൻകിട വ്യവസായങ്ങളുടെ കാര്യത്തിൽ, സംസ്ഥാനത്തിൻെറ മുഴുവൻ ചിത്രവും ഇതായിരിക്കുമെന്ന് ഞാൻ കരുതുന്നു. ആലുവാ വ്യവസായ മേഖലയിൽ, വ്യവസായതലസ്ഥാനത്തിൻെറ ചിത്രം ഇതാണെങ്കിൽ മററു സ്ഥലങ്ങളിലുള്ള വ്യവസായങ്ങളുടെ കാര്യം ഒന്നും പറയേണ്ടതില്ല.

സർ, നമ്മുടെ ചെറുകിട വ്യവസായങ്ങളുടെ സ്ഥിതി എന്താണ്? വളരെയേറെ പദ്ധതികഠം ആവിഷ്കരിച്ച ഒരു സംസ്ഥാനമാണ്. ഓരോ പഞ്ചായത്തിലും 100 ആളുകഠംക്കുവീതം തൊഴിൽ കൊടുക്കാൻവേണ്ടി 10 യൂണിററുകഠം അടങ്ങുന്ന ഓരോ വ്യവസായ എസ്റേററു സ്ഥാപിക്കാൻ യശശ്ശരീരനായ ടി. വി. തോമസ് ആവിഷ്കരിച്ച പരിപാടി ഇന്ന് എവിടെ സർ? എവിടെയാണ് ഈ മിനി വ്യവസായ എസ്റേററ്? തുടങ്ങിയതു തന്നെ എല്ലാം അടച്ചു. ഒരു പഞ്ചായത്തിൽ 100 ആളുകഠംക്ക് തൊഴിൽ നൽകാൻ തുടങ്ങിയ പദ്ധതി, എവിടെയെങ്കിലും തൊഴിൽ നൽകാൻ മുന്നോട്ടുവന്ന സ്ഥലത്തുതന്നെ അതിൻെറ ശവപ്പറമ്പാണ് ഇന്ന് കാണാൻ സാധിക്കുന്നത്. അത് ഇന്ന് ജീവിച്ചിരിപ്പില്ല. ബഹുമാന്യനായ ടി. വി. തോമസ് നമ്മെ വിട്ടുപിരിഞ്ഞതോടൊപ്പംതന്നെ മിനി വ്യവസായ പരിപാടിയും നമ്മോടു വിടപറഞ്ഞിരിക്കുന്നു. നമ്മുടെ ബഡ്ജററു പ്രസംഗത്തിൽ ആവർത്തിച്ചാവർത്തിച്ച് അതു പറയാറുണ്ട്. പക്ഷേ, ഇന്ന് വരദരാജൻനായർ അതിനെക്കുറിച്ച് ഒന്നും തന്നെ പറഞ്ഞു കേട്ടില്ല. മിനി വ്യവസായ എസ്റേററുകഠം പോയി. ശ്രീമാൻ പി.കെ വാസുദേവൻ നായർ വന്നപ്പോഠം വ്യവസായ കോംപ്ലക്സുകളെക്കുറിച്ചു പറഞ്ഞു. ഇപ്പോഠം പറയുന്നത് വ്യവസായ കോംപ്ലക്സുകളാണ്. പല കോംപ്ലക്സുകളും തുടങ്ങുമെന്ന് പറഞ്ഞിട്ട് ഒന്നും ഇതുവരെ തുടങ്ങിയിട്ടില്ല. ഒരു വുഡ് കോംപ്ലക്സ് ഇടയാറിൽ തുടങ്ങുമെന്നു പറഞ്ഞു. ഇപ്പോഠം അതിൻെറ വിവരം അറിയാൻ നിവൃത്തിയില്ല. ഇവ രണ്ടും ഇപ്പോഠം പറയുന്നില്ല. ഗ്രാമങ്ങളിൽ മാത്രമല്ല മുനിസിപ്പാലിററികളിലും വ്യവസായങ്ങഠം കൊണ്ടുവരുമെന്നു പറഞ്ഞിരുന്നു. എസ്റേററുകഠം സ്ഥാപിക്കുമെന്നു പറഞ്ഞു. പ്രഖ്യാപനങ്ങഠംകൊണ്ട് രാജ്യത്തു വ്യവസായവൽക്കരണം നടക്കുമായിരുന്നെങ്കിൽ വർഷങ്ങഠംക്കുമുൻപുതന്നെ വ്യവസായവൽക്കരണം നടക്കേണ്ടിയിരുന്ന ഒരു സംസ്ഥാനമാണിത്. ആ വ്യവസായ പ്രഖ്യാപനങ്ങളെല്ലാം ഇന്നും അങ്ങനെ നിൽക്കുകയാണ്. ഇന്നു വ്യവസായ മന്ത്രിക്ക് അന്ത്യകൂദാശ പ്രസംഗമല്ലാതെ മറെറാന്നും പറയാനില്ലായിരിക്കും. ചെറുകിട വ്യവസായത്തെ പ്രോൽസാഹിപ്പിക്കാൻ പല പദ്ധതികളും

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്കരിച്ചു. ചെറുകിട വ്യവസായ കോർപ്പറേഷന്റെ കീഴിൽ അനവധി കോർപ്പറേഷനുകളും അവാന്തരവിഭാഗങ്ങളും ഉണ്ടാക്കി. പ്രോജക്ട് റിപ്പോർട്ടുണ്ടാക്കാൻ, ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിൽക്കാൻ, കയററുമതിചെയ്യാൻ എന്നുവേണ്ട എല്ലാററിനും ഉപവിഭാഗങ്ങൾ ഉണ്ടാക്കി; വിവിധ ബോർഡുകളും ഉണ്ടാക്കി. അങ്ങനെ ചെറുകിട വ്യവസായത്തെ പുനരുദ്ധരിക്കാൻവേണ്ടി ആവിഷ്കരിച്ച പദ്ധതികളൊക്കെ ഇന്നെവിടെ? ആ കോർപ്പറേഷൻ എവിടെ? ഇപ്പോൾ അവിടെ ഒരു പൊളിച്ചെഴുത്തു നടത്തുകയാണ്. അവിടെ ഇരിക്കുന്ന ആളുകൾക്കുതന്നെ നിശ്ചയമില്ല എന്തിനാണവിടെ ഇരിക്കുന്നത് എന്ന്. സർ, നമ്മുടെ സംസ്ഥാനത്തുള്ള ബോർഡുകളും കോർപ്പറേഷനുകളും വിവിധ ഡിപ്പാർട്ടുമെൻറുകളുമെല്ലാം പുറത്തു നിന്നാണ് അവയ്ക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നത്. ആ സാധനങ്ങൾ ഈ സംസ്ഥാനത്തുൽപാദിപ്പിക്കുന്നവയാണെങ്കിൽ ഇവിടെ നിന്നുതന്നെ വാങ്ങണമെന്നു കർശനമായ നിർദ്ദേശം കൊടുത്തിട്ടും അവർ വാങ്ങുന്നുണ്ടോ? ഇല്ല. പുറംസംസ്ഥാനങ്ങളിൽ നിന്നാണ് വാങ്ങുന്നത്. പതിനഞ്ചുശതമാനം പ്രൈസ് ഇൻക്രീസ് കൊടുക്കണമെന്നു നിർദ്ദേശിച്ചു. എന്നിട്ട് വാങ്ങാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇലക്ട്രിസിററിബോർഡ്, ട്രാൻസ്പോർട്ടു കോർപ്പറേഷൻ എന്നിവയ്ക്കാവശ്യമുള്ള സാധനങ്ങൾ ഇവിടെത്തന്നെ ഉൽപാദിപ്പിക്കുന്നതിന് ആൻസിലറിയൂണിററുകൾ ഉണ്ടാക്കണമെന്നു തീരുമാനിച്ചിട്ട് ഉണ്ടാക്കിയോ? അതെല്ലാം പ്രഖ്യാപനങ്ങളായിത്തന്നെ നിൽക്കുകയാണ്. വൻകിട വ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളുമെല്ലാം ഇന്നു തകർന്നു തരിപ്പണമായികൊണ്ടിരിക്കുകയാണ്. അതുതന്നെയാണ് പരമ്പരാഗത വ്യവസായങ്ങളുടെയും സ്ഥിതി. കശുവണ്ടി പ്രൊക്യൂർ ചെയ്യാനുള്ള ഏർപ്പാടുകളൊക്കെ ഉണ്ടാക്കി. കിലോക്ക് നാലുരൂപ ഇരുപതുപൈസ നിശ്ചയിച്ചു. ഇനിയും വില കൂട്ടികൊടുക്കാൻ കർഷകർ പറയുന്ന കാരണം ഇവിടെ മുതലാളിമാർക്കു കശുവണ്ടി വിററാൽ വില കിട്ടുന്നില്ല സംസ്കരിച്ച അണ്ടിപ്പരിപ്പിന് വിലകിട്ടുന്നില്ല എന്നതാണ്. എന്നാൽ മദ്രാസിലേക്ക് തലച്ചുമടായികൊണ്ടു കൊടുത്താൽ ഒൻപതു രൂപവരെ കൊടുത്തു വാങ്ങാൻ കേരളത്തിലെ മുതലാളിമാർതന്നെ തയ്യാറാണ്. വിദേശത്തു വിലയില്ലെങ്കിൽ പിന്നെ ഒൻപതു രൂപയ്ക്ക് എങ്ങനെ വാങ്ങും? അവിടെ വാങ്ങുന്നതും കേരളത്തിലെ മുതലാളിമാരാണ്. ടി. വി. തോമസിന്റെ കാലത്ത് വ്യവസായവൽക്കരണത്തിനുവേണ്ടി ആവിഷ്കരിച്ച പരിപാടികൾ തകർത്തു തരിപ്പണമാക്കുന്ന അന്ത്യകൂദാശ പ്രസംഗമാണ് ഇന്നുവ്യവസായവകുപ്പുമന്ത്രി നടത്താൻ പോകുന്നത്. അന്ത്യകൂദാശാപ്രസംഗത്തിന് കൂടെ പോകുന്ന കപ്യാരുടെ പണിയാണ് ശ്രീമാൻ കണിയാപുരം രാമചന്ദ്രൻ ചെയ്തിട്ടുള്ളത്. വൈക്കം മുഹമ്മദുബഷീറിന്റെ കഥാപാത്രങ്ങളെ..............

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, ഞാനിവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ആദ്യമായിത്തന്നെ അഭ്യർത്ഥിക്കുന്നു. കാരണം, അതിൽകൂടുതലായി ഒന്നും പറയണമെന്ന് ഇവിടത്തെ ചർച്ചകൾ കേട്ടിട്ട് എനിക്ക് തോന്നിയില്ല. വളരെ സ്നേഹപൂർവ്വം വളരെ മാർദ്ദവമായി ചില വിമർശനങ്ങൾ പ്രതിപക്ഷം നടത്തുകയുണ്ടായി. ഭരണകക്ഷിയിലുള്ളവരും അതുപോലെതന്നെ. സർ, എനിക്കും ഉള്ളത് വിമർശനങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നടത്തിയ പല വിമർശനങ്ങളോടും എനിക്ക് യോജിപ്പാണുള്ളത്; ഇപ്പുറത്തിരിക്കുന്നവർക്കും യോജിപ്പാണുള്ളത്. ആ സ്ഥിതിക്ക് അതേപ്പററിയെല്ലാം വളരെ വിശദമായ മറുപടി പറയേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നിയില്ല. എന്നാൽ, ചെറിയ ചില കാര്യങ്ങൾ പറയണമെന്നും ഉണ്ട്. ലോകത്തിലെ പല രാജ്യങ്ങളിലും പലവിധത്തിലുള്ള ഭരണസംവിധാനമാണ് നിലവിലുള്ളത്. ഒററപ്പാർട്ടിതന്നെ ഭരിക്കുന്ന രാജ്യങ്ങളുണ്ട്. ഒററ പാർട്ടിതന്നെ സ്ഥിരമായി ഭരിക്കുന്ന രാജ്യങ്ങളുണ്ട്. പലപാർട്ടികൾ സംയുക്തമായി ഭരിക്കുന്ന രാജ്യങ്ങളുമുണ്ട്. ഇങ്ങനെ, ഡെമോക്രസിക്കുതന്നെ ഒരു നൂറായിരം രൂപഭാവങ്ങളുണ്ട്. ഇവിടെ കമ്മ്യൂണിസ്ററ് പാർട്ടിതന്നെ ഭരിച്ചിരുന്നെങ്കിൽ എല്ലാ വകുപ്പുകളും കമ്മ്യൂണിസ്ററ് പാർട്ടി കൈകാര്യം ചെയ്യുമായിരുന്നു. അതല്ല, അപ്പുറത്തിരിക്കുന്ന ഏതെങ്കിലും പാർട്ടികളാണ് ഭരിച്ചിരുന്നതെങ്കിൽ അവർ തന്നെ ആ വകുപ്പുകൾ കൈകാര്യം ചെയ്യുമായിരുന്നു. അതുകൊണ്ട്, ഏതെങ്കിലും ഒരു പാർട്ടിയോ വ്യക്തിയോ കുറേക്കാലം ഈ വകുപ്പ് സ്ഥിരമായി കൈകാര്യം ചെയ്യുന്നതു ദോഷമാണ്, പാപമാണ് എന്നൊക്കെ പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. സ്ഥിരമായി കൈവശംവച്ചനുഭവിക്കുന്നു എന്ന് ആക്ഷേപം വന്നതുകൊണ്ട് പറഞ്ഞുപോയി എന്നേയുള്ളു, അതിനു പ്രത്യേകിച്ച് പരിഭവമൊന്നും വേണ്ട. സർ, കഴിഞ്ഞ പത്തുവർഷമായി കേരളത്തിൽ വ്യവസായാഭിവൃദ്ധി കാര്യമായി ഉണ്ടായിട്ടുണ്ട്. വ്യവസായത്തിന്റെ അടിത്തറ, വ്യവസായവികസനത്തിന്റെ അടിത്തറ കുറെക്കൂടി കൂടുതൽ ഭദ്രമായിട്ടുണ്ട്. അതാർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. പിശകുകളില്ലെന്നോ കുറവുകളില്ലെന്നോ ഞാൻ പറയുകയല്ല. അപ്പുറത്തുനിന്നും പറഞ്ഞതുപോലെ പ്രയോററിററി നിശ്ചയിച്ചതിൽ വ്യവസായത്തിനു വളരെ കുറഞ്ഞതോതിൽ മാത്രമെ വച്ചിട്ടുള്ളൂ എന്നതും ഞാൻ സമ്മതിക്കുന്നു. എന്നാൽ, കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നതിലും കേന്ദ്രത്തിൽ കൂട്ടായ സമ്മർദ്ദം ചെലുത്തുന്നതിലും നാം വിജയം നേടിയിട്ടുണ്ട്. ഈ കഴിഞ്ഞദിവസം പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജുമെൻറുകളുടെ യോഗത്തിൽ കേന്ദ്ര ധനകാര്യമന്ത്രിയും പ്രധാനമന്ത്രിയും സംബന്ധിക്കുകയും അവിടെ ചില കാര്യങ്ങൾ പറയുകയും ചെയ്തു. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പതിനയ്യായിരം കോടി രൂപയുടെ മുതൽമുടക്കുണ്ടായിട്ടുണ്ട്; ഇതിനകം. എന്നാൽ അതിൽ പലതും നഷ്ടത്തിലാണ്. ഡിവിഡൻറ് കൊടുക്കുന്നത് പത്തോ പതിനാലോ വ്യവസായ സ്ഥാപനങ്ങളാണ്. ബാക്കിയുള്ളവ മിക്കവാറും നഷ്ടത്തിലാണ്. കുറെയെണ്ണം ലാഭത്തിലുമാണ്. ഇൻഡ്യയൊട്ടാകെയുള്ള സ്ഥിതി ഇതാണ്. അതിനു പരിഹാരം കാണുന്ന കാര്യം പൊതുവെ, ഇൻഡ്യയിലാകെ ആലോചിക്കേണ്ടതാണ്. അങ്ങനെവരുമ്പോൾ അതിന്റെ ഭാഗമായി ഇവിടെയും വരും. ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങൾ ശരിക്കു നടക്കുന്നു എന്ന് ഞാൻ പറയുന്നില്ല. പലതും മോശമാണ്. അവ നന്നാക്കാൻ ഗവൺമെൻറ് പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കൂടുതൽ ശക്തമായ നടപടി ഇനിയും സ്വീകരിക്കുമെന്നു മാത്രമേ ഇപ്പോൾ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. എല്ലാ വ്യവസായസ്ഥാപനങ്ങളും നഷ്ടത്തിലാണെന്ന് ഇവിടെ പറഞ്ഞു. അല്ല. ലാഭത്തിൽ നടക്കുന്ന ചിലതുണ്ട്. ടെൽക്ക് ലാഭത്തിലല്ലെ? അവസാനം പ്രസംഗിച്ച് നിറുത്തിയ മുസ്തഫയുടെ സമീപ പ്രദേശത്തുള്ള ടെൽക് വളരെ ലാഭത്തിലാണ്, എന്നു മാത്രമല്ല, ഇൻഡ്യയിലെ ഏററവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളോടും സ്വകാര്യ സ്ഥാപനങ്ങളോടും മൽസരിച്ച് 'ടെൽക്'

LIBRARY ARCHIVES Kerala Legislative Assembly

പല സ്ഥലങ്ങളിലും വ്യവസായങ്ങൾ നടത്തുന്നതിനുള്ള ചുമതല ഏൽക്കുകയും നടത്തുകയും കോൺട്രാക്ടുകൾ പിടിക്കുകയും ചെയ്യുന്നു. ഇൻഡ്യയ്ക്ക് വെളിയിലുള്ള സ്ഥലങ്ങളിൽ പോയി ഇതുപോലുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ഇതുപോലെ നന്നായി നടക്കുന്നവയുമുണ്ട് മോശമായി നടക്കുന്നവയുമുണ്ട്. കേരളാ സ്റ്റേററ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലാഭത്തിലാണ്. ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലാഭത്തിലാണ്. കേരള സ്റ്റേററ് കയർ കോർപ്പറേഷൻ ലാഭത്തിലാണ്. കേരളാ സ്റ്റേററ് ബാംബു കോർപ്പറേഷൻ ലാഭത്തിലാണ്. കേരളാ സ്റ്റേററ് കാഷ്യൂ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ഈ കഴിഞ്ഞ കൊല്ലം വരെ ലാഭത്തിലാണ്. ട്രാവൻകൂർ ടൈററാനിയം പ്രൊഡക്റ്റ്സ് ലാഭത്തിലാണ്. ടെൽക് ലാഭത്തിലാണ്, ട്രാക്കോ കേബിൾസ് ലാഭത്തിലാണ്. കോ-ഓപ്പറേററീവ് ഷുഗേഴ്സ് ലാഭത്തിലാണ്. കേരളാ സ്റ്റേററ് ഇലക്ട്രോണിക് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലാഭത്തിലാണ്, ഇങ്ങനെ ലാഭത്തിൽ മാത്രം നടക്കുന്ന ചില വ്യവസായ സ്ഥാപനങ്ങളുണ്ട്, ഇപ്പോൾ നഷ്ടത്തിൽ നടക്കുന്ന സ്ഥാപനങ്ങൾ നഷ്ടം നികത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കുഴപ്പത്തിലാണ് എന്നുള്ള വിമർശനം ശരിയല്ല. പലതും നന്നായി നടത്താൻ കഴിയും. എന്നാൽ അവിടെയെല്ലാം ഉള്ള ഒരു പ്രധാനപ്പെട്ട വീക്ക്നസ് മാനേജുമെൻറിൻെറ അപര്യാപ്തതയാണ്. അത് ഇവിടെയല്ല ഇൻഡ്യയൊട്ടാകെ ഉള്ളതാണ്. അതിനു പററുന്ന വിധത്തിലുള്ള സംവിധാനം നമുക്കില്ല. അത് വളരെ വിഷമമുള്ള ഒന്നാണ്. ടൈററാനിയത്തിൻെറ ഒരൊററ ഉദാഹരണം ഞാൻ പറയാം. ഇവിടെ പത്രങ്ങളിലെല്ലാം വന്നതാണ്. ചില സാധനങ്ങൾ വിൽക്കുന്നതിനെ സംബന്ധിച്ചാണ്. ടൈററാനിയം പ്രൊഡക്റ്റ്സ് വിൽക്കുന്നതിനുവേണ്ടി ഒരു സ്ഥാപനം ഉണ്ടാക്കി. ടൈററാനിയം മാനേജുമെൻറിൻെറ തടസ്സംകൊണ്ട് അപ്പോൾ അവർക്ക് അത് കൈമാറാൻ കഴിഞ്ഞില്ല. ഗവൺമെൻറ് തീരുമാനം എടുത്തു. ആ കൈമാററം നടക്കാതിരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമോ അതെല്ലാം മാനേജുമെൻറ് ചെയ്തിട്ടുണ്ടായിരുന്നു. മാനേജുമെൻറിൻെറ ആളുകൾതന്നെ കൽക്കട്ടായിൽപോയി പെയിൻറ് മാനുഫാക്ചറേഴ്സിൻെറ അടുത്തുപോയി പ്രശ്നങ്ങൾ ഉണ്ടാക്കി. പെയിൻറ് ഉൽപ്പാദിപ്പിക്കുന്നതുമുഴുവൻ ലാഭത്തിലാണെന്നു പറഞ്ഞു പ്രസ്താവന ഇറക്കിച്ചു. തൊഴിലാളികളെകൊണ്ട് അനാവശ്യമായ പ്രക്ഷോഭണങ്ങൾ നടത്താൻ ശ്രമിച്ചു. കോടതിയിൽ കേസ് കൊടുത്തു. അതിനെയെല്ലാം നേരിടാൻ ഗവൺമെൻറ് കർശനമായ നിലപാട് സ്വീകരിച്ചു. ഇപ്പോൾ ഈ ടൈററാനിയം പ്രൊഡക്റ്റ്സ് വിൽക്കാനുള്ള അവകാശം കോർപ്പറേഷന് കൊടുത്തു. ഇപ്പോൾ ഒരുകോടി ഇരുപതുലക്ഷം രൂപ പ്രതിവർഷം ഗവൺമെൻറിന് ലാഭമുണ്ട്. അതുപോലെതന്നെ ടി.സി.സി. നഷ്ടത്തിൽ നടക്കുന്നു. ടി. സി. സി. പൂട്ടിയിട്ട് ശമ്പളം വീട്ടിൽ കൊടുത്തയച്ചാൽ വളരെയധികം ലാഭം കിട്ടും. നഷ്ടം ഒഴിവാക്കാൻ കഴിയും. ടി.സി.സി.യിൽ അടുത്തകാലത്തായി മാനേജുമെൻറിൽ ഒരു മാററം വരുത്തി. അതിൽ ശരിയായി ഗുണം കിട്ടിയിട്ടുണ്ട്. ഇപ്പോൾ ആ മാനേജുമെൻറിൻെറ ചുമതല വഹിക്കുന്ന മേനോനെ അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. ആ വ്യവസായ സ്ഥാപനത്തിൻെറ പ്രവർത്തനത്തിൽ കാര്യമായ മാററം വരുത്തിയിട്ടുണ്ട്. ഇന്നുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്നതിൽ വരുന്ന വലിയ പ്രശ്നം മാനേജുമെൻറിൻേറതാണ്. പലപ്പോഴും നമ്മൾ അതിനുവേണ്ടി സെക്രട്ടറിയേററിലോ മററ് ഡിപ്പാർട്ടുമെൻറിലോ ഇരിക്കുന്ന ആളുകളെ ഉപയോഗി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കുന്നു. അവർ രണ്ടുമൂന്നുകൊല്ലം ഇരുന്നിട്ട് തിരിച്ചുപോരും. സ്ഥിരമായ ഒരു മാനേജുമെൻറ് കേഡർ ഉണ്ടാകണം. പല ശുപാർശകളും നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഉണ്ണി ബ്രെയിൻ ട്രസ്ററിനെക്കുറിച്ച് നിർദ്ദേശിച്ചു. അതുപോലെതന്നെ മാനേജുമെൻറിൻെറ സ്ഥിരമായ ഒരു കേഡറിനെക്കുറിച്ച് പറഞ്ഞു. വളരെ സ്വീകാര്യമായ നിർദ്ദേശമാണ്. അത് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും നമ്മുടെ സ്ഥാപനങ്ങൾ നടത്തുന്നതിന് പററുന്ന വിധത്തിൽ ഇൻഡ്യയുടെ ഏതു ഭാഗത്തുനിന്നുമെല്ലാം കൊണ്ടുവരാൻ കഴിയുമോ ആ സ്ഥലങ്ങളിൽനിന്നെല്ലാം പിക്കപ്പു ചെയ്ത് കൊണ്ടുവരാൻ ശ്രമിക്കുന്നതാണ്. അതുകൊണ്ടുമാത്രം മാററം വരുമോ? മററ് ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. ആ കാര്യങ്ങളെല്ലാം ചെയ്യുന്നതിന് ഗവൺമെൻറ് പരമാവധി പരിശ്രമിക്കുമെന്നു മാത്രമെ എനിക്ക് പറയാനൊക്കുകയുള്ളു. ഇത് അന്ത്യകൂദാശയായി അല്ല തുടങ്ങിയിരിക്കുന്നത്. കൂടുതൽ നന്നാക്കാൻ കൂടുതൽ ഫലപ്രദമായ രീതിയിൽ വ്യവസായവൽക്കരണം കൈകാര്യം ചെയ്യാൻവേണ്ടിയാണ് തുടങ്ങിയിട്ടുള്ളത് എന്നാണ് പ്രിയപ്പെട്ട സുഹൃത്തിനെ ഓർമ്മപ്പെടുത്താനുള്ളത്. സർ, ചെറുകിട വ്യവസായങ്ങളുടെ വികസനത്തെ സംബന്ധിച്ച് പറഞ്ഞു. സമയം കൂടുതലായതിനാൽ എല്ലാ കാര്യങ്ങളിലേക്കും കടക്കുന്നില്ല. ഒരു കക്ഷിയിലെ ആളുകൾ ഇല്ലാതിരുന്നിട്ടും സാധാരണസമയമായിക്കഴിഞ്ഞു. ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെൻററുകളുടെ കാര്യം പറഞ്ഞു. മിനി ഇൻഡസ്ട്രിയൽ എസ്റേററുകളുടെ കാര്യം പറഞ്ഞു. അതെല്ലാം ഭംഗിയായി നടക്കുന്നുവെന്ന് അവകാശപ്പെടുന്നില്ല. ഡിസ്ട്രിക്ട് സെൻററുകൾ ആരംഭിച്ചു. ആദ്യമായതുകൊണ്ട് അതിൻെറ പ്രവർത്തനങ്ങൾ തുടങ്ങാൻ താമസിച്ചു. ഇപ്പോൾ അതിൻെറ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെൻററുകൾ ഇവിടെ എല്ലാ ഡിസ്ട്രിക്ടിലും വന്നിരിക്കുന്നു. ഇൻഡ്യയിലെ നാനൂറ് ഡിസ്ട്രിക്ടുകളിൽ 250 ഓളം ഡിസ്ട്രിക്ടുകളിൽ തീരെ വന്നിട്ടില്ല. അതും ഉടനെതന്നെ വരുമെന്ന് ഇന്നലെയൊ മിനിഞ്ഞാന്നൊ കേന്ദ്രവ്യവസായമന്ത്രി അഭിപ്രായപ്പെടുകയുണ്ടായി. സർ, പല ഡിസ്ട്രിക്ടുകളിലും തുടക്കം മാത്രമെ ആയുള്ളു. ചില സ്ഥലങ്ങളിൽ നല്ലതായി മുന്നോട്ടുപോയിട്ടുണ്ട്. ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെൻററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഗവൺമെൻറ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ഇപ്പോഴും സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എവിടെയെല്ലാം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട് എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: എല്ലാ ഡിസ്ട്രിക്ടിലും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. എല്ലാ ഡിസ്ട്രിക്ടിലും ഇതിനുള്ള ഉദ്യോഗസ്ഥൻമാരെ വച്ചു കഴിഞ്ഞിട്ടുണ്ട്. എല്ലാ ഡിസ്ട്രിക്ടിലും സർവ്വെ നടത്തി, മിക്കവാറും അതിൻെറ റിപ്പോർട്ടുകൾ കിട്ടിക്കഴിഞ്ഞിട്ടുണ്ട്. പലസ്ഥലങ്ങളിലും ഇതിനുള്ള സ്ഥലം ലൊക്കേററുചെയ്യുകയും ഗവൺമെൻറിൽനിന്ന് സാംഗ്ഷൻ കിട്ടിയിട്ടുള്ള കെട്ടിടങ്ങളുടെ പണി നടത്തുന്നതിനുള്ള ചുമതല ഏൽക്കുകയും ചെയ്തിട്ടുണ്ട്. ഡിസ്ട്രിക്ട് സെൻററുകളുടെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതി ഇപ്പോൾ വന്നിട്ടുണ്ട് എന്നാണ് പറയാനുള്ളത്. പിന്നെ മൂന്ന് ഇൻഡസ്ട്രിയൽ എസ്റേററുകളുടെ കാര്യം പറഞ്ഞു. ഇൻഡ്യയിൽ ആദ്യം ഇതു

തുടങ്ങിയത് വലിയ ഒരു തുടക്കമായിരുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വലിയ വ്യവസായങ്ങൾ മാത്രം ആരംഭിച്ചാൽ പോര, ചെറുകിട വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും എല്ലാംതന്നെ അഭിവൃദ്ധിപ്പെടേണ്ടത് പ്രധാനപ്പെട്ട കാര്യമാണ് എന്ന് അംഗീകരിക്കുന്ന ഒരു ഗവൺമെൻറാണ് ഇത്. ഇൻഡസ്ട്രിയൽ എസ്റ്റേററുകളുടെ പ്രവർത്തനം ആരംഭിച്ചപ്പോൾ അവർക്ക് പല തരത്തിലുള്ള വൈഷമ്യങ്ങൾ അനുഭവപ്പെട്ടു. ഒന്നാമത് മൂലധനത്തിന്റെ പ്രശ്നം. ഇപ്പോൾ മൂലധനം നമ്മുടെ രാജ്യത്ത് ഇല്ലാത്തതിന്റെ വിഷമമാണോ? ഈയിടെ ഡിസ്ട്രിക്ട് കോ-ഓപ്പറേറീവ് ബാങ്കുകളുടെ ചെയർമാൻമാരുടെ സമ്മേളനത്തിൽ ഞാനും ഉണ്ടായിരുന്നു, അവർ സമാഹരിച്ചിരിക്കുന്ന മൂലധനം എങ്ങനെ ഡെപ്പോസിററ് ചെയ്യണമെന്നുള്ളത് അറിയാൻ വയ്യാത്തതുകൊണ്ട് ഇനി കൂടുതൽ ശേഖരിക്കുന്നത് എന്തിനാണെന്ന് ചോദിക്കുന്നു. ജില്ലാ സഹകരണ ബാങ്കുകൾക്കും കോ-ഓപ്പറേറീവ് ബാങ്കുകൾക്കും അതാണ് പ്രശ്നം. മൂലധനം സമാഹരിക്കുന്നുണ്ട്. എന്തുചെയ്യാൻ കഴിയുമെന്ന് ഞങ്ങൾക്ക് രൂപാൻ ഇല്ല. ലക്ഷക്കണക്കിന് മലയാളികൾ ഗൾഫിലും മററ് വിദേശരാജ്യങ്ങളിലും പോയി ജോലിചെയ്ത് കോടിക്കണക്കിന് ഉറുപ്പിക സമ്പാദിക്കുന്നു. അവർക്കുവേണ്ടത് അവരുടെ പണം തിരിച്ചുകിട്ടുമെന്നതിന് ഉറപ്പുമാത്രമാണ്. രണ്ടാമത് അവരുടെ ബന്ധുക്കൾക്കെങ്കിലും ജോലി കൊടുക്കാൻ കഴിയുമെന്ന് ഉറപ്പുകൊടുക്കാൻ കഴിയണം. ചെറിയ ആവശ്യങ്ങളേ ഉള്ളൂ. ഞങ്ങൾക്ക് അത് പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. അതിനുവേണ്ടി തുടക്കം ഇട്ടിരിക്കുകയാണ്. ഇങ്ങനെ മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ട് പണം എങ്ങനെ നമ്മുടെ വികസന പദ്ധതികൾക്ക് സഹായകരമായി കൊണ്ടുവരാൻ കഴിയും? ഗ്രാമപ്രദേശങ്ങളിൽ വ്യവസായം തുടങ്ങുന്നതിന് എങ്ങനെ തടസ്സം ഇല്ലാതാക്കാൻ കഴിയും? ഈ മൂലധനം ശരിയായി വിനിയോഗിച്ചാൽ ബുദ്ധിമുട്ടുകൾ വളരെയധികം ഒഴിവാക്കാൻ കഴിയും. കഴിഞ്ഞ 8 കൊല്ലത്തിനപ്പുറംവരെയുള്ള സ്ഥിതി എടുത്തു പരിശോധിച്ചുനോക്കുകയാണെങ്കിൽ ഇൻഡ്യയിലെ ഫൈനാൻഷ്യൽ ഇൻസ്ററിററ്യൂഷൻസിൽനിന്നുള്ള പണം വ്യവസായ സംരംഭങ്ങൾക്കോ മററു കാര്യങ്ങൾക്കോ ഉപയോഗപ്പെടുത്തുന്നതിന് നമുക്ക് കാര്യമായി കഴിഞ്ഞിട്ടില്ല. ഈ ഗവൺമെൻറ് പരമാവധി അതിന് പരിശ്രമിച്ചിട്ടുണ്ട്. കൂടുതലും ശരിയായി എന്നല്ല മൂന്നോ നാലോ ശതമാനം മാത്രമാണ് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്. വളരെ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന് ഗവൺമെൻറ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഒന്നുരണ്ട് മെമ്പർമാർ ഉന്നയിച്ച കാര്യം ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിന്റെ മുമ്പിൽ നിർബന്ധമായും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. ഇവിടെ ഇപ്പോൾ ഉള്ള ഫൈനാൻഷ്യൽ സ്ഥാപനങ്ങളിൽനിന്നും സഹായിക്കുന്നതിന് ഒരു പരിമിതി ഉണ്ട്. എന്നുമാത്രമല്ല, പലേ സ്ഥാപനങ്ങളും സഹായിക്കുന്നത് വൻകിട വ്യവസായ സ്ഥാപനങ്ങളെയാണ്. ഈയിടെ ബിന്നി കമ്പനി അടച്ചുപൂട്ടി, ഒന്നോ രണ്ടോ മാസത്തിനുള്ളിൽ പത്തുകോടി രൂപ അവർക്ക് കൊടുക്കുന്നതിന് അധികാരികൾക്ക് വിഷമമുണ്ടായില്ല. പത്തുകോടി ഉറുപ്പിക ഗവൺമെൻറിൽനിന്ന് അവർക്കു കിട്ടി. നമ്മുടെ ഒരു ഇടത്തരം വ്യവസായ സ്ഥാപനം അടച്ചുപൂട്ടിയാൽ അതിന് പതിനായിരം രൂപ കിട്ടുന്നതിന് എത്ര പാടുപെടണം? ഇതുപോലെയുള്ള സ്ഥാപനങ്ങളെ സഹായിക്കുന്നതിന് ഇപ്പോൾ ഇൻഡ്യയിലുള്ള ഇൻഡസ്ട്രിയൽ ഡെവലപ്പുമെൻറ് ബാങ്ക് എന്നതുപോലെ ഈ സംസ്ഥാനത്ത് ഉള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഫൈനാൻഷ്യൽ ഇൻസ്ററിററ്യൂഷൻ ഉണ്ടാക്കുന്നതിനുള്ള അനുമതി വേണമെന്ന കാര്യത്തിൽ ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ അനുമതി കിട്ടിയില്ല. വ്യവസായമന്ത്രി അനുകൂലമായ മറുപടി തന്നിട്ടുണ്ട്. നിങ്ങൾക്ക് വേണമെങ്കിൽ മുന്നോട്ടു പോകാമെന്ന് ഞങ്ങളോട് പറഞ്ഞിട്ടുണ്ടെങ്കിലും റിസർവ്വ് ബാങ്കിൽനിന്നും അതുപോലുള്ള സ്ഥാപനങ്ങളിൽനിന്നും സഹായം നമുക്കു കിട്ടിയിട്ടില്ല. ഇക്കാര്യത്തിൽ ഗവൺമെൻറ് പരമാവധി ശ്രമിച്ച് അത് നടപ്പിലാക്കുന്നതാണ്.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഈ വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള പാക്കേജ് പദ്ധതികളെക്കുറിച്ച് പറഞ്ഞു. അതു നമ്മുടെ വ്യവസായരംഗത്തെ വളരെക്കൂടുതൽ സഹായിക്കും. നിക്ഷേപത്തിൻമേൽ സബ്സിഡി—കണ്ണൂർ, മലപ്പുറം, ആലപ്പുഴ തുടങ്ങിയുള്ള പിന്നോക്ക ജില്ലകളിൽ മുമ്പ് അവരുടെ നിക്ഷേപത്തിൻമേൽ 15 ശതമാനം സബ്സിഡി കൊടുക്കുമായിരുന്നു. ഇപ്പോൾ അത് ഈ ജില്ലകളിൽ തുടരാനും മററുള്ള ജില്ലകളിൽ പത്തു ശതമാനം പുതുതായി കൊടുക്കാനും തീരുമാനിച്ചിരിക്കുന്നു. അത് വ്യവസായ വികസനത്തിനു വലിയ ഒരു സഹായമായിരിക്കും. അതുപോലെതന്നെ സെയിൽസ് ടാക്സിനെ സംബന്ധിച്ച് ചില ആനുകൂല്യങ്ങളുമുണ്ട്. ഇടത്തരവും വൻകിടയുമായിട്ടുള്ള വ്യവസായങ്ങളെ സംബന്ധിച്ചാണ് പറയുന്നത്; ആ വ്യവസായങ്ങൾക്ക് സെയിൽസ് ടാക്സ് ലോണായിട്ടു പരിഗണിച്ചുകൊണ്ട് 10 കൊല്ലത്തിനുശേഷം അടയ്ക്കാനുള്ള വ്യവസ്ഥയോടുകൂടി അവർക്ക് ഒരു സൗജന്യം കൊടുക്കാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചാണെങ്കിൽ ആറുകൊല്ലത്തേക്ക് ഒരു സെയിൽസ് ടാക്സ് ഹോളിഡേ പ്രഖ്യാപിച്ചിരിക്കുകയാണ്; അവർ സെയിൽസ് ടാക്സ് കൊടുക്കേണ്ടതേയില്ല. പുതിയതായി തുടങ്ങുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ വരാൻപോകുന്ന അഞ്ച് വർഷക്കാലത്തേക്ക് സെയിൽസ് ടാക്സ് കൊടുക്കേണ്ടതേയില്ല. മാത്രമല്ല ഹരിജനങ്ങളോ സ്ത്രീകളോ വ്യവസായം തുടങ്ങുകയാണെങ്കിൽ അവർക്ക് ആറു വർഷത്തേക്ക് ആ ഹോളിഡേയുടെ ഗുണം ഉണ്ടായിരിക്കും. കരകൗശല ഉൽപ്പന്നങ്ങൾക്കൊക്കെ ഇപ്പോൾ ടാക്സ് ഈടാക്കുന്നുണ്ട്. എന്നാൽ നമ്മുടെ കരകൗശല കോർപ്പറേഷനിലോ അതിൻെറ അപ്പെക്സ് സൊസൈററിയിലോ വില്പന നടത്തുന്ന അതുപോലെയുള്ള ഉൽപ്പന്നങ്ങൾക്ക് മേലാൽ ടാക്സ് ഉണ്ടാകുകയില്ല. വിദ്യുച്ഛക്തി ഡ്യൂട്ടി ഈടാക്കുന്നതുമല്ല. വിദ്യുച്ഛക്തി നിരക്കിനെ സംബന്ധിച്ചാണെങ്കിൽ 14.5 പൈസയാണ് ഇപ്പോൾ വാങ്ങിച്ചുകൊണ്ടിരിക്കുന്നത്; 14.5 പൈസ എന്നുള്ളത് ഇപ്പോൾ വർദ്ധിപ്പിക്കാൻ ഇലക്ട്രിസിററി ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. അങ്ങനെ വർദ്ധിപ്പിക്കുന്നത് നിലവിലുള്ള വ്യവസായങ്ങളെ ബാധിക്കുകയില്ല. ചെറുകിട വ്യവസായങ്ങൾക്ക് ആ 14.5 പൈസ തന്നെ കൊടുത്താൽ മതിയാകും. എന്നാൽ പുതിയതായി തുടങ്ങുന്ന വ്യവസായങ്ങൾക്ക് 10 പൈസ കൊടുത്താൽ മതിയാകും. കൃഷിക്ക് ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്നത് 10 പൈസയാണ്. ആ വ്യവസ്ഥ ചെറുകിട വ്യവസായങ്ങൾക്കും ബാധകമാക്കുന്നതാണ്. ഭൂമി നന്നാക്കിയെടുക്കൽ: അതിനു വിവിധരൂപത്തിൽ കൊടുക്കുന്ന ആനുകൂല്യങ്ങളുണ്ട്. അതിൻെറ ചെലവിൻെറ 50 ശതമാനം ചെറുകിട വ്യവസായങ്ങൾക്ക് ഗവൺമെൻറ് നൽകുന്നതാണ്. ഹയർ പർച്ചേസ് വ്യവസ്ഥയിൽ വ്യവസായത്തിനുവേണ്ടിയുള്ള ഭൂമി വാങ്ങുന്ന സംരംഭകർ ഭൂമി വാങ്ങി 5 വർഷം കഴിഞ്ഞശേഷമോ ഉൽപ്പാ

LIBRARY ARCHIVES Kerala Legislative Assembly

ദനം തുടങ്ങി ഒരു വർഷത്തിനുശേഷമോ ഏതാണ് ആദ്യം വരുന്നത് ആ മുറ പ്രകാരം തവണസംഖ്യ തിരിച്ചടച്ചാൽ മതി. കെ. എസ്. ഐ. ഡി. സി., സിഡ്കോ തുടങ്ങിയ സ്ഥാപനങ്ങളായിരിക്കും ഈ കാര്യം ചെയ്യുന്നത്. അതുപോലെതന്നെ ഫീസിബിലിററി റിപ്പോർട്ട്. പ്രോജക്ററ് റിപ്പോർട്ട് മുതലായവ തയ്യാറാക്കികൊടുക്കുന്നതിന് വലിയ ആനുകൂല്യങ്ങൾ ഗവൺമെൻറ് ചെയ്യുന്നതാണ്. അതെല്ലാം ഞാൻ ഇവിടെ വിതരണം ചെയ്തിട്ടുള്ളതുകൊണ്ട് അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പിന്നെ ചെറുകിട വ്യവസായങ്ങൾക്ക് പലിശയ്ക്കുള്ള സബ്സിഡി; ചെറുകിട വ്യവസായങ്ങൾക്ക് മാത്രമായിട്ടുള്ള മററുചില ആനുകൂല്യങ്ങൾ; സാങ്കേതിക പരിജ്ഞാനം നേടുന്നതിനുള്ള സബ്സിഡി, 5,000 രൂപ വരെയുള്ള ലാൻഡിന് സ്ററാമ്പ് ഡ്യൂട്ടി ഇളവുചെയ്യുകയാണ് മറെറാന്ന്. ഐ. എസ്. ഐ., എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ, കമോഡിററി ബോർഡ് തുടങ്ങിയവയിൽ രജിസ്ററർ ചെയ്യുന്നതിന് 50 ശതമാനം സബ്സിഡി നൽകുന്നു. ഗുണനിലവാരപരിശോധനയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങിക്കുന്നതിന് 50 ശതമാനം (ഏററവും കൂടുതൽ പതിനായിരം രൂപവരെ) നൽകുക, ആധുനികവത്കരണത്തിന് മൊത്തം ആസ്തിയുടെ 15 ശതമാനമോ ഏററവും കൂടിയത് 20,000 രൂപ വരെയൊ നൽകുക; ആവശ്യമായിട്ടുള്ള മെഷീനറി സാധനങ്ങൾ സിഡ്കോ, എൻ. എസ്. ഐ. സി., കെ. എഫ്. സി. തുടങ്ങിയ സ്ഥാപനങ്ങൾ വഴി വാങ്ങിക്കൊടുക്കുക; മെഷീനറി വാങ്ങുന്നതിന് മാർജിൻ മണിയുടെ 50 ശതമാനവും അതുകൂടാതെ മററ് ധനകാര്യസ്ഥാപനങ്ങളിൽനിന്ന് സാമ്പത്തികസഹായവും കിട്ടുന്നതിന് ഗവൺമെൻറ് സിഡ്കോയിലൂടെ ലോൺ വഴി സഹായിക്കുക; ഭൂമി, കെട്ടിടം, മെഷീനറി ഇവ വാങ്ങുന്നതിന് 10,000 രൂപ മുതൽ 15 ലക്ഷം രൂപവരെ കെ. എഫ്. സി. വഴി നൽകുക, ഇതൊക്കെയുണ്ട്. സാങ്കേതിക വിദ്യാഭ്യാസമുള്ളവർക്കും ഹരിജനങ്ങൾക്കും ആകെ ആസ്തിയുടെ 90 ശതമാനം—ഏററവും കൂടുതൽ മൂന്നു ലക്ഷം രൂപ വരെ—കെ. എഫ്. സി. നൽകിവരുന്നുണ്ട്. സീഡ് ക്യാപ്പിററൽ ഇനത്തിൽ 20 ശതമാനം—ഏററവും കൂടുതൽ 2 ലക്ഷം രൂപ വരെ—കെ. എഫ്. സി. നൽകുന്നുണ്ട്. ഈ ആവശ്യത്തിന് ഹരിജനങ്ങൾക്കും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവർക്കും കൈത്തൊഴിലുകാർക്കും മുൻഗണന നൽകുന്നുണ്ട്. എസ്. എസ്. ഐ. യൂണിററുകൾക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ സിഡ്കോ വഴി സംഭരിച്ച് വിതരണം ചെയ്യും. വ്യവസായ സഹകരണസംഘങ്ങൾക്കും ഷെയർ പാർട്ടിസിപ്പേഷൻ ഇനത്തിൽ ഏററവും കൂടുതൽ 50,000 രൂപ വരെ നൽകുന്നതാണ്. ഇതിനെകുറിച്ച് പറഞ്ഞപ്പോൾ സഖാവ് ഉണ്ണി ഒരു നിർദ്ദേശം വച്ചു. കോ-ഓപ്പറേററീവ് ഡിപ്പാർട്ടുമെൻറിലുള്ള സഹകരണസംഘങ്ങളും ഇൻഡസ്ട്രിയൽ സഹകരണസംഘങ്ങളും തമ്മിലുള്ള വ്യത്യാസത്തെപ്പററിയാണ് പറഞ്ഞത്. സർ, അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതാണ്. ജോയിൻറ് സ്റേറാക്ക് കമ്പനികളിൽ 41 ശതമാനംവരെ ഗവൺമെൻറ് ഷെയർ എടുക്കുന്നതാണ്. എല്ലാ ജില്ലകളിലും ഗ്രാമവികസനവ്യവസായ പദ്ധതിയിൽ ലോൺ അനുവദിക്കും. ഫാക്ടറി കെട്ടിടം നിർമ്മിക്കാൻ ഈ പദ്ധതിയനുസരിച്ച് 80 ശതമാനവും മെഷീനറിക്ക് 90 ശതമാനവും (ഏററവും കൂടിയത് ഒരു ലക്ഷം രൂപ) എസ്. എസ്. ഐ. യൂണിററുകൾക്ക് 5½ ശതമാനം പലിശനിരക്കിൽ നൽകും. ഹരിജനങ്ങൾക്കുള്ള പ്രത്യേകാനുകൂല്യങ്ങൾ ഞാൻ പറഞ്ഞു. ധാരാളം ആനുകൂല്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതുപോലെ വനിതാ വ്യവസായ സ്ഥാപനങ്ങൾക്കും വളരെയധികം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിനി എസ്റ്റേറ്റുകളിലെ വ്യവസായങ്ങൾക്ക് പ്രത്യേകാനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെതന്നെ കൈത്തറിയിൽ പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. കരകൗശലവസ്തുക്കളെ സംബന്ധിച്ചും അതുപോലെതന്നെ കയറിനെ സംബന്ധിച്ചിടത്തോളവും ധാരാളം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഏതാണ്ട് 2500 ഓളം വിദ്യാർത്ഥികൾക്ക് അടുത്തവർഷം അതിന്റെ പ്രയോജനം ലഭിക്കുമെന്ന് കരുതുന്നു. എല്ലാ മേഖലകളിലുമുള്ള വിദ്യാർത്ഥികൾക്ക് അതായത് കോളേജ് ലെവലിലും പോസ്റ്റ് ഗ്രാഡുവേറ്റ് ലെവലിലും താഴത്തെ ലെവലിലും എല്ലാം ഈ സൗജന്യം നല്കുന്നതാണ്. സർ, ഇങ്ങനെയുള്ള അനേകം....

ശ്രീ. ടി. എച്ച്. മുസ്തഫ: പീഡിത വ്യവസായങ്ങളെ സംരക്ഷിക്കാനും പുനരുദ്ധരിക്കാനും ഒരു പരിപാടി ആവിഷ്കരിച്ചിരുന്നു. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണ്? എന്തെങ്കിലും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഉണ്ട്. വിതരണം ചെയ്തിട്ടുള്ളതുതന്നെ എടുത്തുനോക്കിയാൽ കാണാൻ കഴിയും. അതിലുള്ള പല ആനുകൂല്യങ്ങളും ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഒരു സർവ്വേ തന്നെ നടത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ഇപ്പോൾ ഉണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ സഹായം ഗവൺമെന്റ് ചെയ്യുന്നതാണ്. അതിന് എല്ലാ പരിശ്രമങ്ങളും നടത്തും.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഇപ്പോൾ ചെറുകിട വ്യവസായങ്ങൾക്കു ലോണായിട്ടുകൊടുത്തിട്ടുള്ള തുക ഷെയറായിട്ടു കൺവെർട്ടു ചെയ്യാനുള്ള നടപടി ഗവൺമെന്റു സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, അത് ഓരോന്നിന്റെയും അടിസ്ഥാനത്തിൽ പരിശോധിക്കാം. അതിൽ പറഞ്ഞിട്ടുണ്ട്. ചില പ്രത്യേക കേസുകളിൽ പ്രത്യേകം പരിഗണന നൽകാവുന്നതാണ്.

സർ, എനിക്ക് ഒരു വാക്കുകൂടി പറയാനുണ്ട്. ഈ ഗവൺമെന്റ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുടെ പ്രസംഗത്തിലും ഊന്നിപ്പറഞ്ഞ ഒരു വസ്തുതയുണ്ട്. വൻകിട വ്യവസായങ്ങൾ നമ്മുടെ രാജ്യത്തെ വ്യവസായ വികസനത്തിൽ അനുപേക്ഷണീയമായ, അടിസ്ഥാനപരമായ, ഒന്നാണ്. എന്നാൽ നമ്മുടെ ജനസംഖ്യയുടെ ഏതാണ്ട് മൂന്നിലൊന്ന് ആശ്രയിച്ചു ജീവിക്കുന്നത് പരമ്പരാഗതവ്യവസായങ്ങളായ കയറും കൈത്തറിയും. കശുവണ്ടിയും ബാംബുവും അതുപോലുള്ള മററനേകം വ്യവസായങ്ങളുമാണ്. ആ വ്യവസായങ്ങൾ എപ്പോഴും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവയാണ്. ആ വ്യവസായങ്ങൾ നമുക്കു നിയന്ത്രിക്കാൻകഴിയാത്ത അനവധി കുഴപ്പങ്ങളിൽപ്പെട്ടു കിടക്കുന്നവയാണ്. ഇപ്പോൾ കയറോ കശുവണ്ടിയോ വലിയ നിർബന്ധമുള്ള ചരക്കുകളല്ല; ഇല്ലെങ്കിലും ജീവിക്കാവുന്നതേയുള്ളൂ. അങ്ങനെയുള്ള, നമുക്കു വളരെയധികം താൽപ്പര്യമുള്ളവയും അതേസമയം വളരെയധികം പ്രശ്നങ്ങളുള്ളതുമായ, വ്യവസായങ്ങൾ പുനസംഘടിപ്പിക്കുന്നതിനും അവയെ കൂടുതൽ ഊർജ്ജസ്വലതയോടുകൂടി പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടികളാണ് വാസ്തവത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ബഹുമാനപ്പെട്ട മന്ത്രി വിതരണം ചെയ്ത ബുക്കിൽ ഹരിജനങ്ങൾക്കു പ്രത്യേകമായി പല ആനുകൂല്യങ്ങളും പറഞ്ഞിട്ടുണ്ട്. ഹരിജനങ്ങൾക്ക് 10% ഒഴിവുകൾ എല്ലാ വകുപ്പുകളിലും നീക്കിവയ്ക്കണമെന്ന് 1979-ൽ തീരുമാനമുണ്ടായിട്ടുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതു ചെലവാക്കാൻ എന്തു നടപടികളാണു സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നു പറയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: 10 ശതമാനം എന്നുള്ളത് നിയമമല്ലേ; അതു നടപ്പിലാക്കേണ്ടതല്ലേ? അതിനു തടസ്സമുണ്ടെങ്കിൽ ആ തടസ്സം നീക്കണം, പ്രത്യേകിച്ചുപറയേണ്ട കാര്യമില്ല.

സർ, അതുകൊണ്ട് ആ വ്യവസായങ്ങളെ സംബന്ധിച്ചുണ്ടാകുന്ന പ്രശ്നങ്ങളിൽ നാം പൊതുവായി തീരുമാനിച്ച് പരിഹാരം ഉണ്ടാക്കണം. ആരെങ്കിലും ഒരുകൂട്ടർ മാത്രം വിചാരിച്ചാൽ നടക്കുന്ന കാര്യമൊന്നുമല്ല. കശുവണ്ടിയുടെ ഇപ്പോഴത്തെ പ്രശ്നം നിരവധിപ്രാവശ്യം ചർച്ചചെയ്തതാണ്. അതുകൊണ്ട് അതിലേക്കു ഞാൻ കടക്കുന്നില്ല. കയറിന്റെ പ്രശ്നവും അതുപോലെയാണ്. അത് ഇപ്പോൾ 12-ാം തീയതി കേന്ദ്രത്തിൽ ചർച്ചചെയ്യാൻ വച്ചിരിക്കുകയാണ്. ഒരു കൂട്ടർ പറയുന്നത് നിയന്ത്രണമെല്ലാം എടുത്തുകളയണമെന്നാണ്. ഇവിടെത്തന്നെ പറയുന്നതാണ്. സർ, തമിഴ്നാട്ടിലേക്കു നമ്മുടെ വ്യവസായം പോകുന്നു. നമുക്ക് ഒരു ദേശീയ വേതനനയം വേണം. ഈ ഗവൺമെന്റിന്റെ പരിധിയിൽപ്പെട്ട കാര്യമല്ല. എന്നാൽ പോകട്ടെ, ഒരു റീജിയണലായിട്ടുള്ള നയമെങ്കിലും വരണം. നാം നിർബന്ധിക്കുന്ന കാര്യമാണ്. നടപ്പിലാക്കുന്നില്ല. നടപ്പിലാകാതിരുന്നാൽ, വളരെക്കുറഞ്ഞ കൂലികൊടുത്ത്, രണ്ടു രൂപയും ഒന്നര രൂപയും മുക്കാൽ രൂപയുമൊക്കെ കൊടുത്ത്, കൊച്ചുകുഞ്ഞുങ്ങളെയും മററും വച്ച് കശുവണ്ടി തല്ലിക്കൊണ്ടിരിക്കുന്ന സ്ഥലത്ത് കുറെ കൂടുതൽ കൂലി ആളുകൾക്ക് ലഭിക്കാൻ കഴിയും. എന്നാൽ ഇവിടെ മിനിമം വേജസ് കൊടുക്കുന്നു; എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നു. അതുതന്നെയാണു കയർവ്യവസായത്തിന്റെയും സ്ഥിതി. അതുകൊണ്ട് ഈ വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന് ഇത്തവണത്തെ ബഡ്ജററിൽ നമ്മൾ വളരെക്കൂടുതൽ തുക വച്ചിട്ടുണ്ട്. കൂടുതൽ പദ്ധതികൾ അതിനുവേണ്ടി ആവിഷ്കരിച്ചിട്ടുണ്ട്. ഈ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും അതിനെ ആശ്രയിച്ചു ജീവിക്കുന്നവർക്കും പരമാവധി ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിന് ഗവൺമെൻറ് പ്രതിജ്ഞാ ബദ്ധമാണ് എന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസാക്കിത്തരണമെന്നു ഞാന അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിക്ക് പ്രത്യേകമായും സാമ്പത്തിക പുരോഗതിക്ക് പൊതുവേയും വളരെയധികം സംഭാവന ചെയ്യേണ്ട ഒരു വകുപ്പിനെക്കുറിച്ചുള്ള ചർച്ചയാണ് ഇന്ന് ഇവിടെ നടന്നത്. മനുഷ്യശരീരത്തിൽ രക്തധമനികൾ വഹിക്കുന്ന പങ്ക് കാർഷിക വ്യാവസായിക പ്രവർത്തനങ്ങളിൽ വിദ്യുച്ഛക്തി വഹിക്കണമെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാം.

മി. സ്പീക്കർ: അതുകൊണ്ടുതന്നെയാണ് പവറിന് കൂടുതൽ ശക്തി കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, അത്ര വളരെ പ്രധാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പിന്റെ അല്ലെങ്കിൽ ബോർഡിന്റെ പ്രവർത്തനം ഈ പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ തീർച്ചയായും അതിന്റെ പ്രവർത്തനം നന്നാകുന്നുണ്ട്, അഭിവൃദ്ധിപ്പെടുന്നുണ്ടെന്ന് എനിക്കു വളരെ സന്തോഷത്തോടുകൂടി അവകാശപ്പെടാൻ കഴിയും. ഇന്ന് ഈ സഭയിൽ നടന്ന അഭിപ്രായ പ്രകടനങ്ങളും എന്റെ ഈ അഭിപ്രായം ശരിവയ്ക്കുന്നതാണെന്ന് ഞാൻ കരുതുന്നു. വിമർശനങ്ങൾ ഇല്ലെന്ന് ഞാൻ പറയുന്നില്ല. എനിക്കുതന്നെ ധാരാളം വിമർശനങ്ങൾ സ്വയം പറയാൻ കഴിയും. ഗവൺമെന്റിന് പറയാൻ കഴിയും, ബോർഡിന് പറയാൻ കഴിയും. അതൊന്നും ആരും ഒളിച്ചോ മറച്ചോ വയ്ക്കാൻ ആഗ്രഹിക്കുന്ന കാര്യമല്ല.

സർ, ഞാൻ ഒരു വിവരം വളരെ സന്തോഷത്തോടുകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർമാർ പത്രത്തിൽ വായിച്ചുകാണുമെങ്കിലും പല വാർത്തകളുടെ കൂട്ടത്തിൽ ഒരു വാർത്തയായി മാത്രമേ കണ്ടുകാണുകയുള്ളൂ, ഇലക്ട്രിസിററി ബോർഡ് 1978-79-ൽ നാലരക്കോടി രൂപ പലിശ നൽകേണ്ടത് പണമായിട്ട് ഗവൺമെന്റിലേക്ക് ഈ ആണ്ടിൽ നൽകി. അങ്ങേക്കുപോലും അറിയാവുന്നതുപോലെ പഴയകാലത്തൊന്നുംതന്നെ ഇത് ചെയ്യാറില്ല. ചെയ്യാൻ കഴിയാറുമില്ല. എപ്പോഴും അക്കൗണ്ട് സെററിൽ ചെയ്യുകയോ അഡ്ജസ്ററ് ചെയ്യുകയോ ചെയ്തുകൊണ്ട് മുമ്പോട്ടുപോവുകയായിരുന്നു പതിവ്. ക്യാഷ് പേമെന്റ് നടത്തിയത് ഈ വർഷം മാത്രമാണ്. ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാണ്. വളരെ കൂടുതൽ മെച്ചപ്പെടാൻ പോവുകയാണ്. അതും എനിക്ക് വളരെ സന്തോഷത്തോടുകൂടി പറയാൻ സാധിക്കുന്ന കാര്യമാണ്. നമുക്ക് ഇപ്പോഴുള്ള വലിയൊരു ബുദ്ധിമുട്ട് സുലഭമായി ഇവിടെ നമ്മൾ ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി നമ്മുടെ ഉപഭോക്താക്കൾക്ക് അവരുടെ ആവശ്യത്തിനനുസരിച്ച് കൊടുക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണ്. ഞാൻ പലപ്പോഴും ഇവിടെ പറഞ്ഞിട്ടുള്ളതുപോലെ കഴിഞ്ഞ കുറെ വർഷങ്ങളിൽ വിദ്യുച്ഛക്തി ഉൽപ്പാദനത്തിന് വളരെ കൂടുതൽ പണം നമുക്ക് ചെലവാക്കേണ്ടതായി വന്നു. നമ്മുടെ കൈയിലുള്ളതെല്ലാംതന്നെ അങ്ങോട്ടു മാററി വയ്ക്കേണ്ടതായിവന്നു. അതിന്റെ ചെറിയൊരുകണക്ക് എന്റെ കൈവശമുണ്ട്. 1951-52 മുതൽ 1977-78 വരെയുള്ള വർഷങ്ങളിൽ ഉൽപ്പാദനത്തിന് ചെലവാക്കിയത് 235 കോടി രൂപയാണ്. ഈ കാലയളവിൽ പ്രസരണ-വിതരണ മേഖലകളിൽ ചെലവാക്കിയത് 137 കോടി രൂപയാണ്. സാധാരണ ഇലക്ട്രിസിററി ജനറേഷൻ, ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ ഈ കാര്യങ്ങളെ സംബന്ധിച്ച അനുപാതം ഉൽപ്പാദനത്തിന് ഒരു കോടിരൂപ ചെലവാക്കുമ്പോൾ ഒരു കോടിരൂപ അതേസമയംതന്നെ ഡിസ്ട്രിബ്യൂഷനും ട്രാൻസ്മിഷനും കൂടി ചെലവാക്കിയിരിക്കണമെന്നാണ്. അതിന് നമുക്ക് കഴിഞ്ഞിട്ടില്ല. ആരും മനഃപൂർവം ചെയ്യാത്തതല്ല. ആരുടെയും തെററും കുററവുമല്ല. പ്രത്യേകിച്ചും ഇടുക്കിപോലുള്ള ഭീമാകാരമായ പദ്ധതികൾ ഏറെറടുത്ത് വളരെ പെട്ടെന്ന് ഉൽപ്പാദനം നടത്തേണ്ടതായിവന്നു. അതുകൊണ്ടാണ് 235 ഉം 137 ഉം എന്നുള്ള അനുപാതം ഇവിടെ ഉണ്ടായത്, കഴിഞ്ഞ രണ്ടു കൊല്ലമായി പ്ലാനിംഗ് കമ്മിഷന്റെയും കേന്ദ്രഗവൺമെന്റിന്റെയും സഹായത്തോടുകൂടി ആ സ്ഥിതിക്ക് മാററം വരുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് 1978-79-ൽ ജനറേഷന് 12.23 കോടി രൂപയാണ് ചെലവാക്കിയതെങ്കിൽ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷന് 24.23 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 1979-80 ലേക്ക് ഈ വർഷത്തെ ബഡ്ജററിൽ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ ചെലവ് നോക്കുമ്പോഴം കാണാൻ സാധിക്കുന്നത് 14 കോടി രൂപ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാൻവേണ്ടി നീക്കിവെച്ചിട്ടുണ്ടെങ്കിൽ അതിൽ ഡിസ്ട്രിബ്യൂഷനും ട്രാൻസ്മിഷനുംവേണ്ടി 30.3 കോടിരൂപ നീക്കിവെച്ചിട്ടുണ്ട്. ഇത് നല്ലൊരു സ്ഥിതിവിശേഷമാണ്. ഈ വർദ്ധിച്ച പണം ഉപയോഗിച്ച് ഇപ്പോഴം ഉള്ള കുറവ് നികത്താൻ സാധിക്കുമെന്ന് എനിക്ക് ആത്മവിശ്വാസം ഉണ്ട്. ഈ വർഷംതന്നെ ഒരു ലക്ഷം കൺസ്യൂമേഴ്സിന് കണക്ഷൻ കൊടുക്കാനായിരുന്നു നമ്മഠം ഉദ്ദേശിച്ചിരുന്നത്. അത് 1,03,000 ആക്കാൻ കഴിഞ്ഞു. എന്നാൽ 1,03,000 ആക്കാൻ കഴിഞ്ഞെങ്കിലും അതിൽ ചിലയിനങ്ങളിൽ നമ്മഠം പുറകിലായിപ്പോയി. ആ കാര്യം തുറന്നു പറയാൻതന്നെ ഞാൻ ഉദ്ദേശിക്കുകയാണ്. ഉദാഹരണമായി പമ്പുസെററുകഠം നമ്മഠം ഉദ്ദേശിച്ചതുപോലെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. തെരുവുവിളക്കുകളും നാം ഉദ്ദേശിച്ചതുപോലെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. സർവ്വീസ് കണക്ഷൻസ് ആണ് കൂടുതലായി കൊടുക്കാൻ സാധിച്ചിട്ടുള്ളത്. ഒരുലക്ഷം പൊതുവിൽ കൊടുക്കാൻ തീരുമാനിച്ചത് 3000 കൂടി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അടുത്തവർഷത്തേക്ക് ഒരു ടാർജററ് നിശ്ചയിച്ചിട്ടുണ്ട്. 1,10,000 സർവ്വീസ് കണക്ഷൻസും 30,000 തെരുവു വിളക്കുകളും 16,700 പമ്പുസെററുകളും ആണ് അടുത്ത വർഷത്തിൽ നാം കണക്ഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. നീക്കി വെച്ചിട്ടുള്ളതായ ഈ പണം ഉപയോഗിച്ച് അത് ചെയ്യാൻ കഴിയും. അതിനാവശ്യമായ പണം ഉണ്ട്. പണം ഉണ്ടെങ്കിലും ബുദ്ധിമുട്ടുകഠം വേറെ ഉണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അതിലൊന്ന് മെററീരിയൽസിന്റെ ക്ഷാമമാണ്. അതൊരു വിരോധാഭാസമാണ്. നമ്മുടെ നാട്ടിൽ ധാരാളം ചെറിയ വ്യവസായ സ്ഥാപനങ്ങഠം ഇപ്പോഴം തന്നെ മെററീരിയൽസ് ഉണ്ടാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ മുസ്തഫ എന്താണ് ചില വ്യവസായ കോംപ്ലക്സുകഠം ഉണ്ടാക്കാത്തതെന്ന് ചോദിച്ചു. അദ്ദേഹം ഉദ്ദേശിച്ചത് കെ. എസ്. ഇ. ബി. ക്കുവേണ്ടിയുള്ള ആൻസിലറി കോംപ്ലക്സ് ആണ്. കെ. എസ്. ആർ. ടി. സി. ക്കുവേണ്ടിയുള്ള ആൻസിലറി കോംപ്ലക്സ് ഇതുപോലെ പ്രവർത്തിക്കുന്നുണ്ട്. നിർഭാഗ്യവശാൽ അതിന്റെ പ്രവർത്തനം ശീഘ്രഗതിയിൽ മുമ്പോട്ടുപോയിട്ടില്ല. ഇപ്പോഴുള്ള ചെറുകിട വ്യവസായികഠംക്ക് മുൻഗണന കൊടുത്തുകൊണ്ട് അവർക്ക് പ്രത്യേകംസഹായം ചെയ്യണമെന്നുള്ള ഉദ്ദേശത്തിൽ ഇലക്ട്രിസിററിബോർഡ് കേരളത്തിനുള്ളിലുള്ള ചെറുകിട വ്യവസായികഠംക്ക് കഴിയുന്നത്ര മെററീരിയൽസിന് കോൺട്രാക്ററ് കൊടുക്കുന്നുണ്ട്. പലരും സമയത്തിനു മെററീരിയൽസ് സപ്ലൈ ചെയ്യുന്നില്ല. പുറത്ത് പോയി എടുത്താൽ തെററാണെന്നറിയാം. വലിയ വ്യവസായികഠംക്ക് ആയാലും ചെറിയ വ്യവസായികഠംക്കായാലും കേരളത്തിന് പുറത്ത് ഈ സാധനങ്ങഠം ഉണ്ടാക്കാനുള്ള ഓർഡേഴ്സ് കൊടുത്തുകൂട. പക്ഷേ നമുക്കിപ്പോഴം മെററീരിയൽസിന് ബുദ്ധിമുട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തേക്ക് കുറവ് പരിഹരിക്കാൻ ആവശ്യമുള്ള മെററീരിയൽസ് തീർച്ചയായും ഇവിടെ ഉണ്ടാക്കാനും കഴിയും.

അടുത്തത് പോസ്ററിന്റെ പ്രശ്നമുണ്ട്. റേഷൻ ചെയ്താണ് പോസ്ററ് കൊടുക്കുന്നത്. 1000 പോസ്ററ് ആവശ്യമുള്ള സ്ഥലത്ത് 100 എണ്ണം കൊടുക്കും. അതിന് പലകാരണങ്ങളും ഉണ്ട്. ബഹുമാനപ്പെട്ട അഹമ്മദ് ഇവിടെ മലബാർ ഭാഗത്തുള്ള പ്രത്യേക ബുദ്ധിമുട്ട് ഉന്നയിച്ചു. ശരിയാണ്. കോഴിക്കോട് സർക്കിളിന്റെ കീഴിൽ നമ്മഠം വളരെ അധികം കോൺക്രീററ് പോസ്ററുകഠം ഉണ്ടാക്കാൻ തീരുമാനിച്ചു. ഉദ്ദേശിച്ചിടത്തോളം നടന്നിട്ടില്ല. അതിന്റെ പ്രവർത്തനം തുടർന്നുകൊണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. സിമൻറ്, കമ്പി, മുതലായവ സമയത്തിന് കിട്ടിയിട്ടില്ല. തേക്കിൻ കഴകം സാധാരണ വനങ്ങളിൽ ധാരാളം ഉണ്ട്. വെട്ടി ഇട്ടിട്ടുണ്ട്. വെട്ടിയ സ്ഥലത്തുനിന്നും കൊണ്ടുവരുന്ന പ്രശ്നമുണ്ട്. പിന്നെ അവിടെനിന്നും ട്രീററ്മെൻറ് യാർഡിൽ കൊണ്ടുവന്നാൽ അതിലും പ്രശ്നം ഉണ്ട്. അങ്ങനെയുള്ള പ്രശ്നങ്ങൾകൊണ്ട് മെററീരിയൽസിൻെറ കാര്യത്തിൽ പ്രയാസമുണ്ട്. രണ്ടാമത്തെ പ്രശ്നം പ്രത്യേകിച്ചും വടക്കൻ പ്രദേശങ്ങളിലേക്ക് ആളുകൾ പോവുകയില്ല. ഇതിനെപ്പററി പലപ്പോഴും സഭയിൽ പറഞ്ഞിട്ടുള്ളതുമാണ്. മലബാർ ജില്ലയിലേക്കു സ്ഥലം മാററിയാൽ എങ്ങനെയെങ്കിലും പോകാതെ നിൽക്കും. എന്താ, സർക്കാരിന് അധികാരമില്ലേ; ഇലക്ട്രിസിററി ബോർഡിന് അധികാരമില്ലേ; ചെയ്തുകൂടായോയെന്ന് ചോദിച്ചാൽ എനിക്ക് ഉത്തരം മുട്ടും. പക്ഷെ ഒന്നു ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. വടക്കൻ ജില്ലകളിലേക്കു സ്ഥലം മാററി അയയ്ക്കുന്ന ആളുകൾ മൂന്നുകൊല്ലമെങ്കിലും അവിടെ ഇരുന്നേ തീരൂ. വളരെ വളരെ പ്രധാനമായ ഏതെങ്കിലും കാരണത്താൽ ആരെയെങ്കിലും ഇങ്ങോട്ട് സ്ഥലം മാറേറണ്ടതായി വന്നാൽത്തന്നെ അത് വളരെ ആലോചിച്ചേ ചെയ്യാൻ പാടുള്ളൂ. അവർ അവിടെ ഇരിക്കണം. വികസന ഡിപ്പാർട്ടുമെൻറുകളിലെല്ലാം ഇതൊരു പ്രശ്നമാണ്. വടക്കൻ ജില്ലയെ സംബന്ധിച്ച് ഇതു നല്ലതുപോലെ അറിയാം. ഈ പ്രശ്നങ്ങളെല്ലാം ഉള്ളതുകൊണ്ടു നമുക്ക് ഉദ്ദേശിച്ചതുപോലെ ചില കാര്യങ്ങളിൽ ടാർജററ് എത്തിക്കാൻ സാധിച്ചിട്ടില്ല.

സർ, വില്ലേജുകളിൽ നമ്മൾ ഇലക്ട്രിഫിക്കേഷന് ടാർജററ് വച്ചിരുന്നു. 44 വില്ലേജുകളാണ് കേരളത്തിൽ ഇലക്ട്രിഫൈ ചെയ്യാൻ ഉണ്ടായിരുന്നത്. ഈ 44-ൽ 35 എണ്ണത്തിൻെറ പണി ഈ മാർച്ച് 31 കൊണ്ട് പൂർത്തിയായി. ആ വില്ലേജുകളിൽ ഇലക്ട്രിസിററി എത്തി. ഈ കാര്യം എനിക്ക് വളരെ സന്തോഷത്തോടുകൂടി നിങ്ങളെ അറിയിക്കാൻ കഴിയും. നാല് വില്ലേജുകളിൽ ഏതാണ്ട് 95 ശതമാനം പണിതീർന്നു. ഇനി കുറച്ചു പണി മാത്രമേ ബാക്കി ഉള്ളൂ. വെളിച്ചം എത്തിയിട്ടില്ല. ഏപ്രിൽ 30 ന് മുമ്പ് അവിടെ ഇലക്ട്രിസിററി എത്തുമെന്നുള്ള കാര്യം ഞാൻ ഉറപ്പു പറയുകയാണ്. അപ്പോൾ കേരളത്തിൻെറ എല്ലാ വില്ലേജുകളിലേക്കും വിദ്യുച്ഛക്തി എത്തിക്കഴിഞ്ഞു. അതും നമ്മുടെ വലിയൊരു ആഗ്രഹമായിരുന്നു. ആ ആഗ്രഹം, ആ സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. ഇനി നമുക്ക് വലിയൊരു പ്രശ്നം ഉള്ളത് മിനിമം ഗ്യാരൻറി ആണ്. മിനിമം ഗ്യാരൻറി വളരെ ആവശ്യമാണ്. മിനിമം ഗ്യാരൻറി തീരെ ഇല്ലെങ്കിൽ പലതരത്തിലുള്ള അധികാര ദുർവിനിയോഗവും പണച്ചെലവും നഷ്ടവും എല്ലാം ഉണ്ടാകും. എന്നാലും ഇതൊന്ന് മോഡിഫൈ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്; അത് ഒട്ടാകെ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെയും നാട്ടുകാരുടെയും ബുദ്ധിമുട്ടുകൾ എത്രമാത്രം ലഘൂകരിക്കാൻ സാധിക്കുമോ അത്രയും ലഘൂകരിച്ചുകൊണ്ട് ഇന്നത്തെ മിനിമം ഗ്യാരൻറി മോഡിഫൈ ചെയ്യും, പരിഷ്കരിക്കും. എത്രയും പെട്ടെന്നുതന്നെ അത് ചെയ്യും.

ഇപ്പോൾ ഒരു തീരുമാനം എടുത്തിട്ടുണ്ടെന്ന് വ്യവസായവകുപ്പ് മന്ത്രി പ്രഖ്യാപിച്ചു. കാർഷികാവശ്യത്തിനും വ്യാവസായികാവശ്യത്തിനും വിദ്യുച്ഛക്തി നൽകുമ്പോൾ മററു കാര്യങ്ങൾക്ക് നൽകുന്നതിൽനിന്നും പരിവർത്തനം വരും. ആ പരിവർത്തനം തീർച്ചയായും ജനങ്ങൾക്ക് പ്രയോജനകരമായിരിക്കും.

സർ, ഞാൻ കൂടുതൽ സമയം എടുക്കുവാൻ ആഗ്രഹിക്കുന്നില്ല. കാര്യമായ വിമർശനങ്ങൾ വന്നതൊക്കെ ഞാൻ മനസ്സിൽ കണ്ടുകൊണ്ടാണ്

2/472—16

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചില കാര്യങ്ങൾ പറഞ്ഞത്. ശ്രീ. ഗംഗാധരൻ ആസ്ക്യു ട്രീററ്മെൻറിനെക്കുറിച്ച് വീണ്ടും ഉന്നയിക്കുകയുണ്ടായി. ആ പ്രശ്നം അന്ന് തന്നെ വിജിലൻസിനെ ഏൽപ്പിച്ചതാണ്. അതിൻെറ പ്രിലിമിനറി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഫൈനൽ റിപ്പോർട്ട് കിട്ടിയിട്ടില്ല. ഫൈനൽ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ആ റിപ്പോർട്ടിൽ എന്താണ് പറയുന്നത് അതിൻെറ അടിസ്ഥാനത്തിൽ ആരെങ്കിലും തെററ് ചെയ്തിട്ടുണ്ടെങ്കിൽ നടപടി എടുക്കുകയും മുമ്പോട്ടുപോവുകയും ചെയ്യും.

ശ്രീ. ചിത്തരഞ്ജനും ശ്രീ. പി. ജെ. ജോസഫും യൂണിയനുകളെക്കുറിച്ച് ഇവിടെ പറഞ്ഞുകേട്ടു. ഇലക്ട്രിസിററി ബോർഡിലെ യൂണിയൻെറ അംഗീകാരപ്രശ്നമാണ് പറഞ്ഞത്. മൂന്ന് യൂണിയനുകളെയാണ് ഇലക്ട്രിസിററി ബോർഡ് അംഗീകരിച്ചിട്ടുള്ളത്. അത് ഗവൺമെൻറിൻെറ നിർദ്ദേശം അനുസരിച്ചാണ്. അതിനുശേഷം കാററഗറി യൂണിയനുകൾ ഇഷ്ടംപോലെ ഉണ്ടായിരുന്നു. അതിൻെറ നമ്പർതന്നെ ഓർക്കുവാൻ പ്രയാസമാണ്. അത് എന്തായാലും നല്ലതല്ല. 7 പേരുണ്ടെങ്കിൽ ഒരു യൂണിയൻ ഉണ്ടാകും. അങ്ങനെ അവിടെ ഇക്കാര്യത്തിൽ പ്രസവം നല്ലതുപോലെ നടന്നുകൊണ്ടിരിക്കുകയാണ്. അതെല്ലാം അംഗീകരിക്കണമെന്ന് ബഹുമാനപ്പെട്ട സുഹൃത്തുക്കൾ ശഠിക്കരുത്, നിർബന്ധിക്കരുത് എന്നൊരപേക്ഷയുണ്ട്. ഇലക്ട്രിസിററി ബോർഡിൽ ഇപ്പോഴത്തെ അംഗീകാരമാണ് അവസാനവാക്ക് എന്ന് ഞാൻ പറയുന്നില്ല. എന്തായാലും ട്രേഡ്യൂണിയൻ അംഗീകാരത്തിന് ഒരു വ്യവസ്ഥ വേണം. അത് ഇലക്ട്രിസിററി ബോർഡിൽ മാത്രമല്ല, പൊതുവിലുള്ള കാര്യമാണ് ഞാൻ പറയുന്നത്. അങ്ങനെയൊരു വ്യവസ്ഥ എപ്പോഴാണ് ഉണ്ടാകുകയെന്ന് പറയാനുള്ള ധൈര്യം ആയിട്ടില്ല. കാരണം കേന്ദ്രത്തിൻെറ ഇൻഡസ്ട്രിയൽ റിലേഷൻസ് ബിൽ തന്നെ ആകപ്പാടെ ഏടാകൂടത്തിലായിരിക്കുകയാണ്. അതിൻമേൽ നേരെചൊവ്വേ ഒരു തീരുമാനമുണ്ടാവുകയാണെങ്കിൽ രാജ്യത്തിന് അത് നന്നായിരിക്കും. ഇതിൻമേൽ ഒരു തീരുമാനമുണ്ടാകുമ്പോൾ തൊഴിലാളികളുടെ പ്രാതിനിധ്യം ഒരു പ്രശ്നം തന്നെയാണ്. അതിൻമേൽ ഒരു തീരുമാനം ഉണ്ടാകണം. ബഹുമാനപ്പെട്ട അംഗങ്ങളോടും പുറത്തുള്ള സുഹൃത്തുക്കളോടും എനിക്കൊരു അപേക്ഷയുണ്ട്. കാററഗറി എന്നുപറയുന്നത് ജാതിസമ്പ്രദായം പോലെയായിട്ടുണ്ട്. തൊഴിലാളിവർഗ്ഗത്തിനിടയ്ക്ക് ഒരു മുദ്രാവാക്യമുണ്ട്, ''സാർവ്വദേശീയ തൊഴിലാളികളേ സംഘടിക്കുവിൻ'' എന്ന്. ആ ആഹ്വാനം ഇപ്പോൾ ഏത് രീതിയിലാണ് വന്നിരിക്കുന്നതെന്ന് അറിയാമോ? ഡ്രൈവർ കണ്ടക്ടർക്ക് എതിര്, കണ്ടക്ടർ ഡ്രൈവർക്കെതിര്, ഇവർ രണ്ടുകൂട്ടരും ക്ലാർക്കിന് എതിര്, ക്ലാർക്ക് എല്ലാവർക്കും എതിര്. എക്സിക്യൂട്ടീവ് സ്ററാഫ് മിനിസ്റററീരിയൽ സ്ററാഫിന് എതിര്. ഇങ്ങനെ എല്ലാം എതിരാണ്. ഈ അവസ്ഥാവിശേഷം തികച്ചും ശോചനീയവും പരിതാപകരവും ആണ്.

ശ്രീ. കെ. സി. വാമദേവൻ: കെ. എസ്. ആർ. ടി. സി. യിലെ എല്ലാ കാററഗറി യൂണിയനുകൾക്കും ഒരേയടിക്ക് അംഗീകാരം കൊടുത്ത ഗവൺമെൻറിന് എന്തുകൊണ്ട് ഇലക്ട്രിസിററി ബോർഡിലെ കാററഗറി യൂണിയനുകൾക്ക് അംഗീകാരം കൊടുത്തുകൂടാ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞാൻ പറയുന്നത് കേരളത്തിലെ പൊതുവ്യവസായ രംഗത്ത് പുത്തനായ ഒരു തീരുമാനം എടുക്കണമെന്നാണ്. കാററഗറി എന്ന് പറഞ്ഞാൽ മുഴുവൻ തെററാണെന്ന് പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ അതിപ്രസരം നമ്മുടെ പല പ്രസ്ഥാനങ്ങളേയും........

ശ്രീ. ആർ. എസ്. ഉണ്ണി: പൊതുമേഖലാ സ്ഥാപനങ്ങളിലെ കാററഗറി യൂണിയനുകൾക്ക് അംഗീകാരം കൊടുക്കുമ്പോൾ ഇന്ന തീയതിക്ക് ശേഷമുള്ള യൂണിയനുകൾക്ക് അംഗീകാരം കൊടുക്കുകയില്ലായെന്ന് പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെ പറയുവാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ തെററിദ്ധരിക്കരുത്. നമ്മളെല്ലാവരും കൂടിച്ചേർന്ന് ഒരു തീരുമാനമെടുത്താൽ അത് നമ്മളെല്ലാവർക്കും നല്ലതാണ്; തൊഴിലാളി പ്രസ്ഥാനത്തിനും നല്ലതാണ്. ഏതായാലും ഇലക്ട്രിസിററി ബോർഡിൽ ഇന്ന് നിലനിൽക്കുന്ന സ്ററാററസ്കോ നിലനിർത്തുവാനാണ് ആഗ്രഹിക്കുന്നത്. അതിൽ മാററം വരുത്തുവാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. പി. ജെ. ജോസഫ്: അടിയന്തിരാവസ്ഥക്കാലത്ത് ഏതാനും കാററഗറി യൂണിയനുകൾക്ക് അംഗീകാരം നിഷേധിച്ചു, ഇലക്ട്രിസിററി ബോർഡിലും കെ. എസ്. ആർ. ടി. സി. യിലും. എന്നാൽ കെ. എസ്. ആർ. ടി. സി. യിൽ പിന്നീട് അതിന് അംഗീകാരം കൊടുത്തു. അതുപോലെ ഇലക്ട്രിസിററി ബോർഡിലെ കാററഗറിയൂണിയനുകൾക്കും അംഗീകാരം കൊടുക്കുന്ന കാര്യത്തെക്കുറിച്ച് പരിശോധിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിന് എല്ലാവരുടേയും തീരുമാനമില്ലാതെ ഗവൺമെൻറിന് മാത്രമായി തീരുമാനിക്കുവാൻ പ്രയാസമാണ്. ഒരു യൂണിയന്റെ റപ്രസന്റേഷൻ എന്താണെന്ന് തീരുമാനിക്കാനുള്ള ഫോർമുല ഉണ്ടായിക്കഴിഞ്ഞാൽ അത് ചെയ്യാം.

ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി അയൽ സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നതിനെക്കുറിച്ച് ശ്രീ. ശങ്കരൻകുട്ടി ഇവിടെ പറഞ്ഞു. സിമൻറിന് ദൗർലഭ്യം വന്നിരിക്കുന്നതുകൊണ്ട് Cement for power or power for cement അങ്ങനെയൊരു തീരുമാനം എടുക്കുവാൻ കഴിയുമോയെന്ന് ചോദിച്ച് ജൂൺ 30 വരെ കേരളത്തിൽ മിച്ചമുള്ള വിദ്യുച്ഛക്തി തമിഴ് നാടിനും കർണ്ണാടകത്തിനും കൊടുക്കുവാൻ കരാർ ഉണ്ടാക്കികഴിഞ്ഞു. ആ കരാർ അനുസരിച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ നമ്മൾ അസസ് ചെയ്തതിനെക്കാൾ കുറച്ച് കുറവാണ് ഇപ്പോഴത്തെ അവയിലബിലിററി. ഈ ആണ്ടിലെ ശക്തിയായ വരൾച്ചയാണ് ഇതിന് കാരണം. റിസർവ്വോയറിലെ ജലനിരപ്പ് ഉദ്ദേശിച്ചതിനെക്കാൾ കുറച്ച് താഴോട്ട് പോയിരിക്കുകയാണ്. അതുകൊണ്ട് പ്രത്യേകിച്ചും ഇപ്പോൾ സിമൻറിനുവേണ്ടി കൂടുതൽ പവ്വർ കൊടുക്കുവാൻ പററുകയില്ല. നേരത്തെയുള്ള കരാറിൽനിന്നും കൂടുതലായി കൊടുക്കണമെന്നാണ് തമിഴ് നാട് പറയുന്നത്. അതിൻമേൽ ഉറപ്പുപറയുവാൻ സാദ്ധ്യമല്ല. വേണമെങ്കിൽ നമ്മൾ അൽപ്പം മുണ്ട് മുറുക്കേണ്ടിയിരിക്കുന്നു. സിമൻറിനു വേണ്ടി മാത്രമായി സപ്ലൈ നടത്തുകയാണെങ്കിൽ നമ്മൾ കുറച്ചു മുണ്ടുമുറുക്കി ഉടുക്കേണ്ടതായി വരും. അതു വേണമോ വേണ്ടയോയെന്നുള്ള കാര്യത്തെക്കുറിച്ച് കാര്യമായി ആലോചിക്കണം. ഇതാണ് ഇപ്പോഴത്തെ സ്ഥിതി.

അയൽസംസ്ഥാനങ്ങൾക്ക് കൊടുക്കുന്ന വിദ്യുച്ഛക്തിയുടെ വിലയിൽ അൽപ്പം വർദ്ധനവ് വരുത്തിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളെ സഹായിക്കണമെന്നുള്ള ആഗ്രഹമുണ്ട്. അതേസമയത്ത് നമുക്ക് വിദേശനാണ്യം സമാഹരിക്കുവാൻ കഴിയുന്ന ഏററവും പ്രധാനപ്പെട്ട ഒന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി. അതുകൂടി മനസ്സിൽ കണ്ടുകൊണ്ടാണ് റേററ് നിശ്ചയിച്ചത്. തമിഴ്നാട്ടിന് കൊടുക്കുന്നത് വർഷംതോറും പുതുക്കുന്നുണ്ട്. കർണ്ണാടകത്തിന് മൂന്ന് കൊല്ലത്തെ കരാറിന്റെ അടിസ്ഥാനത്തിലാണ് കൊടുത്തിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിനകത്ത് തന്നെ ഇതിനുവേണ്ടി ക്യൂ നിൽക്കുന്നവരുണ്ട്. അവർക്ക് എത്രയും വേഗം കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. നമ്മുടെ സംസ്ഥാനത്ത് ആവശ്യമുള്ളവർക്കെല്ലാം കൊടുത്തുകഴിഞ്ഞാൽ മിച്ചം ഉണ്ടാകുകയില്ല. അതുപോയിട്ട് പദ്ധതികൾ ഏറെറടുത്ത് നടത്തേണ്ടതുണ്ട്. ഇനി കുറച്ച് പദ്ധതികളേയുള്ളു. ഉള്ളതിൽ ഏററവും വലിയ പദ്ധതിയാണ് സൈലൻറ്വാലി പദ്ധതി. അതിനുവേണ്ടി രണ്ടുകോടി രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമുള്ള പണം ചോദിച്ചിരുന്നു. പ്ലാനിംഗ് കമ്മീഷൻ കഴിയുന്നത്ര പണം തന്നു, തന്നില്ലായെന്ന് ഞാൻ പറയുന്നില്ല. വിദ്യുച്ഛക്തിക്കുവേണ്ടി 45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് നല്ല ഒരു തുകയാണ്. ജനറേഷനുവേണ്ടി 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സൈലൻറ്വാലിക്ക് 2 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ കക്കാട് പദ്ധതിക്കും 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ ഏററവും പെട്ടെന്ന് നടപ്പിൽ വരുന്നതാണ്.

തമിഴുനാടും നമ്മളുമായി വെള്ളത്തിന്റെ കാര്യത്തിൽ തർക്കത്തിലാണ്. ആ തർക്കം തീർന്നാൽ ഏററവും വേഗം ചില പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയുന്നതാണ്. കൂടുതൽ പദ്ധതികൾ ഏറെറടുക്കണമെന്നുണ്ട്. പക്ഷേ ഈ തർക്കം തീരാത്തതുകൊണ്ട് അതിന് സാധിക്കുന്നില്ല. തർക്കംതീർന്നുകഴിഞ്ഞാൽ മുൻഗണന കൊടുത്തുകൊണ്ട് ഈ പദ്ധതി പ്രവർത്തനങ്ങൾ നടത്തുകയും ഉപഭോക്താക്കൾക്ക് അതുകൊണ്ട് ഗുണം കിട്ടുകയും ചെയ്യുന്നതാണ്. ഈ നയം ആണ് ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്.

2 P. M.] ഇലക്ട്രിസിററിബോർഡിലെ തൊഴിലാളിയൂണിയനുകളും ബോർഡും തമ്മിൽ സമീപകാലത്ത് ഉണ്ടായ തീരുമാനം വളരെ നല്ല ഒരു തീരുമാനമാണ്. തീർച്ചയായും തൊഴിലാളികൾക്കെല്ലാം സന്തോഷിക്കാൻ വകയുണ്ട്. ഇൻഡ്യയിലെ എല്ലാ ഇലക്ട്രിസിററി ബോർഡിലെ തൊഴിലാളികൾക്കും മാതൃകയാക്കാവുന്ന എഗ്രിമെൻറാണ്. ഉദ്യോഗസ്ഥൻമാരുടെ ശമ്പളപരിഷ്ക്കാരത്തെപ്പററിയുള്ള തീരുമാനമെടുക്കുന്നതിന് കുറച്ച് വൈകിപ്പോയിയെന്ന് എനിക്കുതന്നെ അറിയാം. എത്രയും വേഗം ശമ്പളപരിഷ്ക്കാരത്തെപ്പററിയുള്ള തീരുമാനമാകും. ഗ്രാമങ്ങളിൽ ഇലക്ട്രിഫിക്കേഷൻ ഒരു പ്രസ്ഥാനമായിത്തന്നെ നടപ്പാക്കണം. ഗംഗാധരനും സുഹൃത്തുക്കളും പറഞ്ഞ സബ്സ്റേറഷന്റെ കാര്യം ഓർക്കുന്നുണ്ട്. അതിന്റെ പണി ഏററവും വേഗം പൂർത്തിയാക്കണം. ഏതായാലും നമ്മുടെ വ്യവസായവൽക്കരണത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത സബ്സ്റേറഷനാണ്. ഈ കാര്യങ്ങളൊക്കെ ഗവൺമെൻറിനും ബോർഡിനും നല്ലതുപോലെ അറിയാം. ചില പോരായ്മകളുണ്ട്. ആ പോരായ്മകൾ പരിഹരിക്കാൻ ഞങ്ങൾ ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട്. ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉന്നയിച്ച വിററ പിടിച്ച നിർദ്ദേശങ്ങളെ അങ്ങേയററം സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നു. ഈ കാര്യങ്ങളൊക്കെ സ്വാഗതം ചെയ്തുകൊണ്ട് നമ്മുടെ രാജ്യത്തെ വൈദ്യുതീകരണം മുന്നോട്ടുകൊണ്ടുപോകുമെന്ന് ഉറപ്പ് നൽകികൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Demand XXXVII—Industries

The cut motion moved by Shri M. P. Gangadharan was put and lost.

The question that Government be granted a sum of Rs. 25,10,38,200 under Demand XXXVII—Industries was put and carried.

The demand was passed and grant was made.

Demand XXXIX—Power

The cut motion moved by Shri M. P. Gangadharan was put and lost.

The question that Government be granted a sum of Rs. 2,05,00,100 under Demand XXXIX—Power was put and carried.

The demand was passed and grant was made.

Mr. Speaker: Order....order......the House will now adjourn to meet tomorrow at 8.30 a.m.

1979 ഏപ്രിൽ 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 2.03 ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly.